One fallacy that needs to be exploded is the belief that mental disease is always incurable. It is usually incurable in its final stages which are usually reached only years after the onset of the first symptoms. If mental disease can be spotted early, when it is just beginning, it can usually be cured. It must be understood that persons who suffer from mental disease do not always behave like the mad persons we see in our mental hospitals. They only begin to behave like that when their illness is far advanced, and their minds have broken down completely. Persons, who are not recognized as being mentally ill, may actually be in urgent need of psychiatric treatment. If they get such treatment in time, their illness can be arrested and cured. Thus, for example, the person who reacts too violently to situations and circumstances, the person who flies into a violent rage for no reasons, or weeps broken-heartedly over imaginary grievances, the persons who is "queer" or "eccentric", the person who is incapable of handling responsibility or of adjusting himself to social demands and ordinary discipline,—all these and many more are mentally ill. If left untreated, they may just continue to be eccentric or intractable throughout their lives. But if some precipitating circumstance should spark off an explosion of the illness that has been smouldering all the while, their minds may disintegrate completely. It is essential, therefore, that mental disease should be discovered and treated early. Just as cancer and tuberculosis can be successfully treated only if they are discovered early, so too mental disease can be cured only if it is discovered and treated early. The public should be made aware of this fact. People must be trained to some extent to recognize the symptoms of mild mental illness in themselves and in others, and to seek treatment promptly.

This of course means that treatment must be available. We require a large number of out-patient clinics where persons suffering from mild mental disorders can be treated. These clinics should be staffed with trained psychiatrists, psycho-analysts and psychologists. Psychiatric social workers and health visitors specially trained in a national programme to promote mental health should help to spot mental disease early and to bring patients to the clinics in time.

Mental disease is most likely to be cured if it is discovered in childhood, when it can be, so to say, nipped in the bud. With the advance of our complex modern civilization, more and more

Mar Ivanios College Library

children are showing signs of mental maladjustment. That is why in America many schools and colleges have a psychologist on the staff to detect and treat students as soon as they display symptoms of maladjustment. Teachers also, in the course of their training, can be taught to recognize symptoms of mild maladjustments which may later develop into full-fledged psychoses.

From what we know at present about the causes of mental disease, it would seem that the roots lie deep in the experiences of infancy and early childhood. Mental disease, therefore, starts in the home and in the kindergarten and primary school classes, and that is where we must start the job of preventing mental disease. Parents and teachers who are over-strict or foolishly over-indulgent, parents and teachers who are inconsistent in their attitudes towards children, parents and teachers who "take out" on their helpless charges their own frustrations and maladjustments—these are the persons who unknowingly sow the seeds of mental disease.

It is essential, therefore, that parents and teachers should be prepared for their vitally important role in society. Courses of study for high schools and colleges should include the elementary principles of mental hygiene. We teach physical hygiene in high schools because we see that it is necessary for the health of our people. Is it not equally necessary that they should know the principles of mental hygiene?

Teachers, too, should be carefully trained—especially primary school teachers. Even before that, of course, they should be carefully chosen. We cannot choose the parents who are to produce the next generation, but we can choose the teachers who are to influence our children so profoundly. The teaching profession should not continue to be the last resort of those who have failed to secure other jobs. Only those who are by nature and temperament fond of children and sympathetic towards them should be recruited as teachers. Such persons should, in addition, be given a careful training to prepare them to understand the child's mind and train it without injuring or deforming it.

As has already been stated earlier, some types of mental disease result from physical infections like syphilis, meningitis, and encephalitis. Any step taken in the direction of controlling these physical infections will, therefore, promote the cause of mental health. It is known, for example, that syphilis is spread by prostitutes. A determined effort should be made, therefore, to eliminate prostitution. This cannot be done by passing laws against prostitution. The laws usually remain in the law-books, and do not do anything to solve the problem. A more intelligent attack is required. We know that most prostitues are women who are subnormal in intelligence and are, therefore, incapable of moral responsibility. A welfare state should be able to find such persons when they are young and have them placed in institutions, where they will be cared for by responsible women who understand them. If this is done, one social problem can be effectively solved, and one type of mental disease can be prevented. As for diseases like meningitis and encephalitis, more research

Mar Ivanios College Library

will, no doubt, show us how to prevent their occurrence.

Dr. Rosanoff, one of the greatest modern authorities on mental disease, believes that much mental disease is the result of injury to the brain of the child during the process of birth. This is much more likely to occur when the mother is having her first baby late, or when the mother's pelvic bones are badly formed owing to poor diet or some other cause. Dr. Rosanoff believes, therefore, that the tendency to marry late and to begin raising a family late should be discouraged. Similarly, every effort should be made to promote maternal health.

One serious handicap we have in our fight against mental disease is the fact that even to-day we know so little about the nature and causes of mental disease. Immense sums of money are now-a-days spent in the effort to find a remedy for cancer. A similar effort should be made to learn more about mental disease.

If anything at all is to be done in this direction, the fiirst thing required is an informed, interested public, who are aware that here is an important problem to be solved. At present in India unfortunately, even educated people are neither informed about, nor interested in, the problem of mental disease. It is to be hoped that, in the not distant future, there will be a salutary change for the better in this respect, and more and more people will take greater interest in this important problem.

A little Negro boy stood watching the balloon vendor at a village fair in America. There were all shapes of balloons in all colours.

Suddenly a red balloon broke loose, and soared high into the air until it could scarcely be seen. So many people were attracted by the sight that the vendor thought it might be good business to let another go. He let a bright yellow one slip free. Then he released a white one

The little Negro stood looking for a long time. Then he asked, "Mister, if you sent the black one up, would it go just as high as the others?"

The balloon man, with an understanding smile, slipped a black balloon from its place, and, as it soared heavenwards, said, "Sonny, it isn't the colour—it's the stuff inside that makes it rise."

Malaviya College Library

# TO MOTHER INDIA

*by*

*'Phalsali'*

Bharat! Bharat!
Beloved Mother!
Joy of our hearts!
Our native land!
Land of saints and land of sages
Land of hermits, land of *yogis*,
Land of patriots, land of heroes,
Land of *rishis*, land of *thyagis*!

Arise Mother,
Thy millions lead
Along the narrow noble path
Of peace and love and uprightness.

Of the teachings of the Mahatma,
Fearless leader, revered *Guru*,
Noblest, wisest,
Ever mindful,
We stand for God,
We stand for Truth,
For Justice everywhere,
And Freedom for all.

We stand for peace,
We stand for peace,
But not, but not
At any price.
Reign O Mother! Reign for ever!
Victory, victory, victory to thee!



Marian College Library

# മതവും ലോകസമാധാനവും

(M. A. അബ്ദുൽസലാം II ബി. കോം.)

ആധുനികലോകം യഥാർത്ഥത്തിൽ ഒരു പൊരുത്തക്കേടിന്റെ വക്കത്താണു് സ്ഥിതി ചെയ്യുന്നതു്. അനേകം ആപൽസന്ധികൾ അതിനെ വലയം ചെയ്തുകഴിഞ്ഞിരിക്കുന്നു. വൻകിട രാഷ്ട്രശക്തികളുടെ ദുർമ്മോഹത്തിൽ പെട്ടു് അതു ഭയവിഹ്വലമായി കഴിയുകയാണു്. അതു മാത്രമല്ല, ജനവിഭാഗങ്ങളുടെ ഇടയിൽ ആളിക്കത്തിക്കൊണ്ടിരുന്ന സമരാഗ്നിയിൽ അതു ദഹിക്കുകകൂടി ചെയ്യുകയാണു്. എന്നാൽ ഇതെല്ലാം മാനുഷികജീവിതത്തിന്റെ മൂലപ്രമാണങ്ങളായ മനുഷ്യത്വം, സാഹോദര്യം, സാമൂഹ്യനീതി എന്നിവ പൂർണ്ണമാക്കാനോ, സുസ്ഥിരമാക്കാനോ, നിലനിറുത്തുവാനോ വേണ്ടിയല്ല; പിന്നയോ ഒരു വിഭാഗം ജനതയുടെ ആവശ്യങ്ങളായ സ്വാർത്ഥതയും നേതൃത്വവും സംരക്ഷിക്കുന്നതിനുവേണ്ടി മാത്രം.

മനുഷ്യന്റെ സമ്പത്തും, സകല കഴിവുകളും ഒരു നിമിഷത്തിനുള്ളിൽ ജനതതികളെ കൊന്നൊടുക്കുവാൻ പ്രേരകമായ മാരകായുധങ്ങളുടെ കണ്ടുപിടിത്തത്തിനുവേണ്ടി ചെലവു ചെയ്യുകയാണു്. ഇപ്രകാരമുള്ള കണ്ടുപിടിത്തങ്ങൾ എല്ലാം മാനവലോകത്തിന്റെ സംസ്കാരത്തെ ഛിന്നഭിന്നമാക്കുവാൻ പ്രചോദനം ചെയ്യുകയാണു് ചെയ്യുന്നതു്. മനുഷ്യത്വവുമായി യാതൊരു ബന്ധവുമില്ലാത്ത രണാങ്കണത്തിലേക്കു മാർച്ചു ചെയ്യിപ്പിച്ചു് നിരപരാധികളായ ജനകോടികളെകൊന്നൊടുക്കുവാൻ പ്രേരിപ്പിക്കുന്നവർക്കു ഇന്നത്തെ പരിഷ്കൃതലോകം അത്യുന്നതങ്ങളായ സ്ഥാനമാനങ്ങളും കീർത്തിമുദ്രകളും നല്കുന്നു.

പരിഷ്കാരം, സംസ്കാരം, വിജ്ഞാനം, സമാധാനം യാഥാസ്ഥിതികബോധം എന്നിവ ഇന്നു പാടേ തകിടം മറിഞ്ഞിരിക്കുകയാണു്. മൃഗീയവികാരങ്ങളിളക്കിവിട്ടു് കാപട്യം, ചൂഷണം, അഹങ്കാരം എന്നിവയിൽ വ്യാപൃതരാകാൻ പ്രേരിപ്പിക്കുന്നതിനാണു് ആധുനികലോകം പരിഷ്കാരമെന്നു പേർ വിളിക്കുന്നതു്. സമൂഹത്തിനിടയിൽ കുഴപ്പവും, നാശവും സൃഷ്ടിച്ചു് നാട്ടിൽ അരക്ഷിതാവസ്ഥ ഉളവാക്കുന്നതിനാണു് സംസ്കാരം എന്നു വിളിക്കുന്നതു്. മാരകായുധങ്ങൾ കണ്ടുപിടിച്ചു മനുഷ്യത്വത്തെ അലങ്കോലപ്പെടുത്തുന്നതിനുവേണ്ടി മനുഷ്യനെ ഒരു യാന്ത്രീകോപകരണമാക്കുന്നതിനാണു് വിജ്ഞാനം എന്നു പറയുന്നതു്. മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതിനു് ഉപയുക്തമായ ആത്മീയോന്നമനം സ്വീകരിക്കണമെന്നുള്ള വാദം യാഥാസ്ഥിതികത്വമെന്നു പറയപ്പെടുന്നു. ലോകത്തിൽ അച്ചടക്കത്തെയും സമാധാനത്തെയുംഎങ്ങനെസുസ്ഥിരമാക്കാം, ലോകരെ അഴിമതികളിൽനിന്നും എങ്ങനെ രക്ഷിക്കാം എന്നൊക്കെ ഇന്നുള്ള എല്ലാ ദേശാഭിമാനികളായ രാഷ്ട്രീയ നേതാക്കൾ തല പുകഞ്ഞാലോചിക്കുകയാണു്. സ്പുട്നിക്കുകൾ പറക്കുന്ന ഈ ഇരുപതാം നൂററാണ്ടിൽ രണ്ടു ലോകമഹായുദ്ധങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണു്. ഭീകരമായ യുദ്ധപിശാചിന്റെ താണ്ഡവം ജനതകളെ പരാജയത്തിന്റെ പട്ടുകുഴിയിൽ നിക്ഷേപിച്ചതു നിമിത്തം വളരെയധികം നാശങ്ങളും നഷ്ടങ്ങളും ലോകത്തിനുണ്ടായിട്ടുണ്ടു്. അതായതു്, മനുഷ്യലോകത്തിന്റെ ഉൽക്കടമായ ആഗ്രഹത്താലും നിരന്തരമായ പരിശ്രമത്താലും, സംജാതമായ സത്യം. സമത്വം, സമാധാനം,സാഹോദര്യം, വിനയം,മനസ്സാക്ഷി എന്നീ ധാർമ്മികമായ വൻകോട്ടകളെല്ലാം യുദ്ധപിശാചിനാൽ അടിച്ചുടക്കപ്പെട്ടു. അണുബാംബുകളെയും ഹൈഡ്രജൻ ബൊംബുകളെയും കണ്ടു് ഭയവിഹ്വലമായി കഴിഞ്ഞുകൂടുന്ന ഈ ശാസ്ത്രീയലോകത്തു കഴിഞ്ഞകാലമെല്ലാററിനേക്കാളും ശാന്തിയും, സമാധാനവും, സൗഹാർദ്ദജീവിതവും, അത്യന്താപേക്ഷിതമായി വന്നിരി

Mar Ivanios College Library

ക്കകയാണ്. ആയതിനാൽ സകല ലോകത്തിലുമുള്ള തത്ത്വജ്ഞാനികളും രാഷ്ട്രമീമാംസകന്മാരും നാശകാരിയായ യുദ്ധഭൂതത്തെ ആട്ടിപ്പായിക്കുവാൻ ശ്രമിക്കുകയാണ്. യുദ്ധം എന്തുകൊണ്ടുണ്ടാകുന്നു? യുദ്ധഭേരി എന്തുകൊണ്ടു മുഴങ്ങുന്നു? മനുഷ്യർ തമ്മിൽ എന്തുകൊണ്ട് വൈരാഗ്യമൂർത്തികളായി കഴിയുന്നു? ഒരു രാഷ്ട്രം മററൊരു രാഷ്ട്രത്തിൻെറ മേൽ എന്തുകൊണ്ട് അസൂയയും വഞ്ചനയും പുലർത്തുന്നു?-എന്നെല്ലാം തത്ത്വജ്ഞാനികൾ തല പുകഞ്ഞാലോചിച്ചുവരികയാണ്. എന്നാൽ ദേശാഭിമാനികളായ സ്വേച്ഛാധിപതികൾ രാഷ്ട്രീയനിലകൊണ്ടും സ്വാത്ഥതല്പരതകൊണ്ടും ചില പാടില്ലാത്ത കാര്യങ്ങൾ ചെയ്യുന്നതിനാലാണ് യുദ്ധപിശാച് കെട്ടഴിച്ചുകൊണ്ട് വിനാശകനൃത്തം ചെയ്യുന്നതു്.

പുരോഗതിയുടെ ശംഖനാദം മുഴക്കിക്കൊണ്ട് അതിശീഘ്രം മുന്നേറുന്ന ലോകത്തെ ആദ്ധ്യാത്മികതയുടെ കാഴ്ചപ്പാടിലൂടെ നോക്കിക്കൊണ്ട് പുതിയൊരു മൂല്യനിർണ്ണയത്തിനു സന്നദ്ധമാകേണ്ടതു് ആധുനികമനുഷ്യൻെറ ഒരു അടിയന്തരാവശ്യമാണ്. അങ്ങകലെ ചക്രവാളസീമകൾക്കപ്പുറത്ത് ബഹിരാകാശവും അത്ഭുതവസ്തുക്കളും മനുഷ്യൻെറ ചിന്തയെ ഉണർത്തുകയും ജിജ്ഞാസയെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ, അതോടൊപ്പം ചില ആശങ്കകളും അവൻെറ ഹൃദയത്തിൽ അങ്കുരിക്കുന്നില്ലേ? ചന്ദ്രനെ താവളമാക്കി പ്രപഞ്ചത്തെ അടക്കിബ്ഭരിക്കുവാൻ ഒരു മഹാശക്തി തയ്യാറാകുമോ? ശാസ്ത്രധുരംധരന്മാർ ശാസ്ത്രത്തെ ദുർവിനിയോഗം ചെയ്താൽ യുഗാന്തരങ്ങളായി നാം കെട്ടിപ്പടുത്ത നാഗരികത നാമാവശേഷമാകുകയില്ലേ? ഈ റാക്കററു് യുഗത്തിൽ ശാസ്ത്രം പുരോഗതിയിലേക്ക് അതിവേഗം പ്രയാണം ചെയ്യുമ്പോൾ മനുഷ്യൻെറ ധാർമ്മികശക്തി ഒരുപക്ഷേ, നിശ്ചലമായിപ്പോകുകയോ അധഃപതിച്ചുപോകുകയോ ചെയ്താൽ അതൊരു ദുരന്തനാടകത്തിൻെറ നാന്ദിയായിരിക്കും. ശാസ്ത്രപുരോഗതിക്കാനുപാതികമായി മനുഷ്യപുരോഗതി ഇന്നു വളർന്നിട്ടില്ല. ശാസ്ത്രം വളരുന്ന വേഗത്തിൽ മനുഷ്യനെ വളർത്തി എടുത്തില്ലെങ്കിൽ ദീപശിഖയിൽ വെന്തെരിയുന്ന നിശാശലഭങ്ങൾക്കൊപ്പം നാമും സ്വയം ആഹുതിക്ക് വിധേയരാകേണ്ടിവരും. ഇന്നു ശാസ്ത്രം പുരോഗമിച്ച് ചന്ദ്രനിൽവരെ എത്തിക്കഴിഞ്ഞു. ഇതുകൊണ്ട് നാം എല്ലാം സാധിച്ചുകഴിഞ്ഞോ? കാറും കോളും നിറഞ്ഞ ലോകത്തെ ഭീതിയിൽനിന്നും വിദ്വേഷത്തിൽനിന്നും വിമുക്തമാക്കാൻ ആധുനിക ശാസ്ത്രലോകത്തിനു കഴിഞ്ഞിട്ടുണ്ടോ? ആയതിനാൽ വിവിധ രാഷ്ട്രീയസിദ്ധാന്തങ്ങളുടെ മുള്ളുവേലിക്കുള്ളിൽ ഒതുങ്ങിപ്പാർക്കുന്നവർ സൗഹാർദ്ദത്തിൻെറ കരം നീട്ടി ഹൃദയബന്ധങ്ങളെ പൂർവ്വോപരി സുദൃഢമാക്കി പ്രശ്നങ്ങളുടെ മാനുഷികാംശത്തിനു് വില കല്പിച്ചാൽ മാത്രമേ ലോകത്തിൽ സമാധാനം പുനഃസ്ഥാപിക്കുവാൻ സാധിക്കുകയുള്ളു.

മനുഷ്യൻ പ്രശാന്തസുന്ദരമായ ഒരു ജീവിതമാണ് അഭിലഷിക്കുന്നതെങ്കിൽ സമാധാനം മനുഷ്യസമുദായത്തിനിടയിൽ അത്യന്താപേക്ഷിതമാണ് "മാനവസമുദായത്തിൻെറ ഹൃദയമാണ് ലോകസമാധാനത്തിൻെറ ആസ്ഥാനം". ആ ഹൃദയാന്തരാളത്തിൽ തപ്പിത്തടയുമ്പോൾ പരിശുദ്ധതയുടെയും പരസ്പരസ്നേഹത്തിൻെറയും ഒരു നേരിയ തട്ടിപ്പെങ്കിലും ഉണ്ടായിരുന്നാൽ ലോകത്ത് സമാധാനവും സുഭിക്ഷതയുമുണ്ടാകും. ഈ വക ഗുണങ്ങൾ സംജാതമാകണമെങ്കിൽ മനുഷ്യൻെറ ആദ്ധ്യാത്മികപദ്ധതി പുരോഗമിക്കണം. ഇന്ന് ലോകത്ത് പല പദ്ധതികളും ആസൂത്രണം ചെയ്ത് ഭൗതികമായ എല്ലാ പുരോഗതികൾക്കും വേണ്ടി മനുഷ്യൻ അത്യദ്ധ്വാനം ചെയ്യുന്നു. മാനവലോകത്തിൻെറ ആദ്ധ്യാത്മിക പദ്ധതിയുടെ ഉന്നമനത്തിനുവേണ്ടി ലോകത്തിൽ നില നില്ക്കുന്നതാണ് മതം. അല്ലാതെ കേവലം മനുഷ്യനെ മദോന്മത്തനാക്കുന്ന ലഹരിപദാത്ഥമല്ലതു്.

പല ആക്ഷേപങ്ങൾക്കും, വിമർശനങ്ങൾക്കും വിധേയമായിട്ടാണ് എല്ലാ മതങ്ങളും ഇന്നു ലോകത്ത് സ്ഥിതി ചെയ്യുന്നതു്. അറിവിൻെറ പരിമിതമായ അവസ്ഥയിൽ കൂടിയാണ് പലരും ഇന്നു മതത്തെ വീക്ഷി

ക്കുന്നതു്. ചിലർ മതം ലോകത്തിനു് നാശ ഹേതുവാണെന്നും, മററു ചിലർ മതത്തിൽ കാലോചിതമായ മാററം വരുത്തണമെന്നും, വേറേ ചിലർ മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്നുമൊക്കെ വിശ്വസിക്കുന്നു. ഒരു വിഭാഗക്കാർ മതത്തെയും ദൈവത്തേയും നിഷേധിച്ചുകൊണ്ടു് മുന്നേറുന്നു. ഈ വാദങ്ങളുടെ ന്യായാന്യായത പരിശോധിച്ചായിരിക്കുകയില്ല ഇവർ മതത്തിൽ വിശ്വസിക്കുന്നതു്. ഏതെങ്കിലും ഒരു പുരോഹിതന്റെ അഭിപ്രായങ്ങളോ ജീവിതചര്യകളോ ആധാരമാക്കിയാണു് അവർ മതത്തെ വിമർശിക്കുന്നതു്. എന്നാൽ അതിനു ലക്ഷ്യമായ ആ മതത്തിന്റെ വേദഗ്രന്ഥവും അതിന്റെ സ്ഥാപകന്റെ ചര്യകളും അവർ വിസ്മരിച്ചുകളയുന്നു എന്നതു് ഖേദപൂർവ്വം പറയാതിരിക്കാൻ നിവൃത്തിയില്ല.

ഉദാഹരണമായി ഇന്നു നാം കാണുന്ന എല്ലാമതങ്ങളും ലോകസമാധാനത്തിനും മനുഷ്യന്റെ ധാർമ്മികപുരോഗതിക്കും വേണ്ടി നിലകൊള്ളുന്നവയാണെന്നു് തീർത്തു പറയുവാൻ സാധിക്കും. ഹിന്ദുക്കളുടെ ഇതിഹാസഗ്രന്ഥമായ മഹാഭാരതത്തിന്റെ രചയിതാവായ വ്യാസഭഗവാൻ അഷ്ടാദശപുരാണത്താൽ പറഞ്ഞിട്ടുള്ളതു് "പരോപകാരമേ പുണ്യം, പാപമേ പരപീഡനം" എന്നാണു് ഇതിന്റെ അർത്ഥം മുഖവിലക്കു സ്വീകരിക്കുവാൻ തയ്യാറാകുന്ന ഒരു ഹിന്ദുമതാനുയായിയും ലോകനാശത്തിനു് ഹേതുഭൂതമായ യുദ്ധപിശാചിന്റെ താണ്ഡവം കണ്ടാസ്വദിക്കുവാൻ മുതിരുകയില്ല. വ്യാസഭഗവാൻ മഹാഭാരതത്തെക്കുറിച്ചു് പറഞ്ഞിട്ടുള്ളതു് "യദിഹാസ്തി തദന്യത്ര; യന്നേഹാസ്തി ന കുത്രചിൽ" എന്നാണു്. അതായതു് "ഈ ഗ്രന്ഥത്തിലുള്ളതു് മററു ഗ്രന്ഥങ്ങളിലും കണ്ടു എന്നു വരാം; എന്നാൽ ഇതിലില്ലാത്തതു് മറൊരിടത്തും കാണുകയില്ല". ഇത്രത്തോളം മഹത്തായ ആ ഗ്രന്ഥത്തെ ഉപാധിയാക്കി ജീവിക്കുന്ന ഹിന്ദു എപ്പോഴും സമാധാനത്തെ സ്വാഗതം ചെയ്യും. നയവഞ്ചകന്മാരായ യഹൂദന്മാർ ക്രിസ്തുമതസ്ഥാപകനായ യേശുക്രിസ്തുവിനെ കുരിശിൽ തറച്ചപ്പോൾ "കർത്താവേ, ഇവർ അറിയാതെ ചെയ്തുപോയ പാപത്തിനു മാപ്പു നല്കണമേ" എന്നു അദ്ദേഹം പ്രാർത്ഥിച്ചു. "ഒരു ചെകിട്ടിൽ അടിച്ചാൽ മറുചെകിട്ടു കാണിച്ചുകൊടുക്കുവാനും" തന്റെ മഹത്തുമേറിയ തത്ത്വസംഹിതയായ ബൈബിളിൽ കൂടി അദ്ദേഹം ഉപദേശിച്ചു. അങ്ങനെയുള്ള മഹാനായ, സമാധാനപ്രിയനായ ശ്രീയേശുക്രിസ്തുവിന്റെ അനുയായികൾ എന്നു് അഭിമാനിക്കുന്ന ഏതൊരു ക്രിസ്തീയ സഹോദരനും സമാധാനത്തെ ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയല്ലാതെ അതിനു വിപരീതമായ സമരത്തിനുവേണ്ടി തീർച്ചയായും നിലകൊള്ളുകയില്ല". "ഓരോമനുഷ്യനും ശാന്തസുന്ദരമായ ഒരു സമത്വലോകത്തിൽ സാഹോദര്യപൂർവ്വം ജീവിക്കുക" എന്നും "നിന്റെ ഒരു സഹോദരനു നേരിടുന്ന വിപത്തിനെക്കുറിച്ചു് നീ സന്തോഷിക്കാതെ ആത്മാർത്ഥമായി സഹതപിക്കുക" എന്നും പഠിപ്പിക്കുന്ന സമാധാനപ്രിയനായ മുഹമ്മദു് നബിയുടെ അനുയായി എന്നു് അഭിമാനിക്കുന്ന മുസൽമാനും ഒരു കാലത്തും യുദ്ധത്തെ കാംക്ഷിക്കാതെസമാധാനത്തെ സദാ സ്വാഗതം ചെയ്യാൻവേണ്ടി കാത്തു നില്ക്കും.

"തനിയൊരുവനുക്കുണവില്ലെയായിൻ
ജഗത്തിനൈഅഴിത്തിടുവാൻ"

അതായതു് "ഒരു വ്യക്തിക്കു് വിശപ്പടക്കാൻ ആഹാരമില്ലെങ്കിൽ അവൻ ഈ ലോകത്തെ നാമാവശേഷമാക്കും" എന്നു മഹാകവി ഭാരതി പറയുന്നു. ഈ ലോകത്തു് ക്ഷാമവും, ദാരിദ്ര്യവും മുഖേനയാണു് സമാധാനത്തിനു് ഭംഗം വരുന്നതെങ്കിലും "കാളും വിശപ്പടക്കാൻ വല്ല താളോ തകരയോ" കൊണ്ടു് തൃപ്തനാകുന്ന ശ്രീ ബുദ്ധദേവന്റെ അനുയായികളായ ബൗദ്ധമതക്കാരും എല്ലാക്കാലത്തും സമാധാനത്തെ പ്രതീക്ഷിക്കുന്നവരായിരിക്കും.

ഇപ്രകാരം എല്ലാ മതങ്ങളും സുഖസമ്പൂർണ്ണമായ ഒരു ജീവിതത്തിനുവേണ്ട തത്ത്വസംഹിതയെ ലോകത്തിനു സംഭാവന ചെയ്തിട്ടുണ്ടു്. ആ മഹത്തായ തത്ത്വസംഹിതയെ അഗണ്യകോടിയിൽ തള്ളിക്കൊണ്ടു് മനുഷ്യർ

# കവിത

## വിമോചനം

(ജീ. സുധാകരൻ, III B. A.)

വീട്ടുകാർ ചുററും വന്നു നോക്കുവാൻ കൊതിക്കുമ്പോൾ
കൂട്ടിലെക്കിളി!യെന്തേ മൂകയായിരിപ്പൂ നീ?
നിന്നുടെ സൗന്ദര്യത്തിലാനന്ദം കണ്ടെത്തീടാൻ,
നിന്നുടെ ഗാനം കേട്ടു ഹൃദയം കുളിർപ്പിക്കാൻ,
നിന്നുടെ ചാരെയെത്തും മർത്ത്യരെ വെറുത്തു നീ
പിന്നോട്ടു തല ചായ്ച്ചു മൂകയായിരിക്കുന്നോ?
കാരിരുമ്പഴിക്കുള്ളിൽ പിടയും ചിത്തത്തിനു്
മാരിവില്ലൊളിയൊന്നു കാണുവാൻ കഴിയാഞ്ഞാൽ,
കൃത്യമായ് പാലും ചോറും നല്കുമാമനുഷ്യന്റെ
കൃത്യങ്ങളാകെത്തന്നെ കയ്ക്കുന്ന യാഥാർത്ഥ്യങ്ങൾ!

---

ജീവിക്കുന്നതുകൊണ്ടാണു് ലോകത്തിൽ ഇന്നു നാം കാണുന്ന നാശങ്ങളെല്ലാം ഉദയം ചെയ്യുന്നതു്. വിശ്വമഹാകവിയായ മിൽട്ടൻ പറയുകയുണ്ടായി “A good book is the prescious life blood of a masterspirit emabalmed and treasured up on purpose to a life beyond life”. മഹത്തായ ഒരു അതീത ജീവിതത്തിനുവേണ്ടി സംഭരിച്ചുവച്ചിട്ടുള്ള ഒരു മഹാത്മാവിന്റെ അമൂല്യമായ ജീവിതരക്തമാണു് ഒരു നല്ല പുസ്തകം” ഈ അഭിപ്രായം തീർച്ചയായും മതഗ്രന്ഥങ്ങൾക്കല്ലാതെ മറെറാന്നിനും പ്രായോഗികമല്ല. എന്തുകൊണ്ടെന്നാൽ എല്ലാ വേദഗ്രന്ഥങ്ങളും മഹത്തായ ഒരു അതീത ജീവിതത്തെ ഉററുനോക്കി ജീവിക്കുവാൻ മനുഷ്യനെ പഠിപ്പിക്കുന്നവയാണു്. മനുഷ്യൻ അവന്റെ കഴിവില്ലായ്മയെക്കുറിച്ചു് ഉണർന്നാൽ മാത്രമേ ശോഭായമാനമായ യാഥാർത്ഥിക ജീവിതത്തിലേക്കു് മതം വഴി തെളിക്കുന്നതായി അവനു കാണുവാൻ സാധിക്കുകയുള്ളു. മനുഷ്യൻ ‘എന്നിൽ മിന്നുന്നതായ് എന്നെ മിന്നിപ്പതായ് ഒന്നുണ്ടതിൻ മുമ്പിലേഴയീ ഞാൻ’ എന്നു് വിശ്വസിച്ചാൽ അവന്റെ നിസ്സഹായത ബോദ്ധ്യമാകുകയും, മതം അവനു് പ്രചോദനം നല്കുകയും ചെയ്യും. മഹാകവി ഇഖ്ബാൽ പറയുന്നു.

“മതം തന്നിൽനിന്നുവേണം വിരിയുവാൻ സമുദായം
മതമില്ലാതായാൽ നിങ്ങളില്ല ലോകത്തിൽ’

അതിനാൽ ലോകത്തിൽ നിലവിലുള്ള പ്രശ്നങ്ങൾക്കു് യുദ്ധപ്പെരുമ്പറയാൽ പരിഹാരം കാണുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു മനുഷ്യനെ മനുഷ്യനായി ജീവിക്കുവാൻ പ്രചോദനം നല്കുന്ന മതത്തിന്റെ മഹത്തായ ആദർശങ്ങളെ ലോകസമാധാനത്തിനുവേണ്ടി സന്മനസ്സോടുകൂടി സ്വാഗതം ചെയ്യേണ്ടതു് ആധുനിക ലോകത്തിനു് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു.

Mar Ivanios College Library

## വിമോചനം

കാട്ടിലെ മരക്കൊമ്പിൽ പോയി നീ കിനാവിന്റെ
പാട്ടുകൾ പാടിപ്പാടി ജീവിച്ച ദിനങ്ങളിൽ,
നിന്നുടെ ഹൃദയത്തിലായിരം സങ്കല്പങ്ങൾ
തുന്നി നീ വിഹായസ്സിൽ തുഷ്ടയായ് പറന്നില്ലേ?
വെല്ലുവാൻ യാതൊന്നിനുമാവാത്ത സംഗീതത്തിൻ
പുല്ലാങ്കുഴലൂതീടുമാമുളങ്കാട്ടിനുള്ളിൽ,
കൊന്നപ്പൂ വിരിയുന്ന കുന്നിന്റെ താഴ്‌വാരത്തിൽ,
മിന്നുകെട്ടിയ കാട്ടുചോലതൻ തീരത്തിങ്കൽ,
മാനത്തെ മുത്തം വെയ്ക്കാൻ വെമ്പുമാമരത്തിന്റെ
മാനസമാണിക്യപ്പൂങ്കൊമ്പിലെക്കൊട്ടാരത്തിൽ,
റാണിയായ് ഒരു നാളിൽ നീ പറന്നില്ലേ? അന്നു
പ്രാണനിൽ കുളിരേകാനെത്തിയ കുളിർത്തോഴൻ,
നിന്നെയോർത്തനുസ്യൂതം അവിടങ്ങളിൽ ചിന്താ-
ഖിന്നനായ് വേർപാടിന്റെ വ്യഥയാൽ ഉഴപ്പുന്നുണ്ടാം!
പ്രപഞ്ചം ദിനം തോറും നൂതന തത്വങ്ങളാൽ,
ഭുവനത്തിനേകിടുമറിവിൻ വെളിച്ചത്തിൽ,
സർവ്വവും ജഗത്തിങ്കൽ മുന്നേറാൻ കൊതിക്കുമ്പോൾ,
പവ്വിതുല്യം ഹൃത്തിൽ പൊന്തിടും കദനത്താൽ
മൂകയായ് കണ്ണീർ തൂകി ശുഷ്കമാം കൂടിനുള്ളിൽ,
ചാകുവാനാണോ കഷ്ടം! പതംഗ! തവ വിധി?

അന്തിക്കു നീലക്കാട്ടിനുള്ളിലുല്ലസിക്കുന്ന
പൈങ്കിളിവൃന്ദത്തെ നീ ദൂരവേ കാണുന്നേരം
നിൻമനോമുകുരത്തിലാശകൾ വിടർന്നിട്ടും,
മുന്നോട്ടു പറക്കുവാനാവാതെ കിളിക്കൂട്ടിൽ,
ഉയരും നെടുവീർപ്പാൽ തപ്തമാം നിശ്വാസത്തിൻ
വെയിലിൽ കരിയും നീ മൂകയായിരിക്കുന്നു!
വിരിയാൻ കൊതിച്ചിട്ടും വിരിയാൻ കഴിയാതെ
കരിയും പൂമൊട്ടിന്റെ ശോകാന്ത ചിത്രംപോലെ!
മരണം ദൂരത്താണെന്നോർത്തിടുംനേരം നിന്റെ
കരളിൽ കിനാവിന്റെ മുല്ലകൾ വിരിയുന്നോ?
പുത്തനാം ഗാനത്തിന്റെ മാറ്റൊലി പൊങ്ങുന്നേര-
ത്തെത്തുന്നോ വീണ്ടും വീണ്ടുമുഷസ്സിൻ കിരണങ്ങൾ?
കാലത്തിൻ നീലക്കൊമ്പിൽ സിന്ദൂര സുമങ്ങളെ
പ്പോലവേ ദിനങ്ങളും കൊഴിഞ്ഞു കണ്ണീർ തൂകി?

ഒരുനാൾ കവിവന്നു പുത്തനാം സങ്കല്പങ്ങൾ
വിരിയും ചിത്തത്തോടെ കിളിയെക്കാണാനായി.
വിടരും നേത്രങ്ങളാൽ സർവ്വവും നോക്കിപ്പോകേ,
പിടയും ചിത്തത്തിന്റെ രോദനം കവി കേട്ടു!
നിന്നുപോയ് നിശ്ശബ്ദനായ് കവിയാ കിളിക്കൂടിൻ
മുന്നിലായ് ശിലപോലെ; ചിന്തകൾ പടവെട്ടി!
ആക്കിളിക്കൂടിൻ വാതിൽ ആ കവി തുറന്നപ്പോൾ
ആക്കിളി പറന്നെത്തി വാനിന്റെ വിരിമാറിൽ

# ഒരു പുഷ്പഗീതത്തെക്കുറിച്ച്

## [കൃഷ്ണൻനായർ വട്ടക്കരിക്കകം]

*(Old Student)*

കഴിഞ്ഞ ഒന്നുരണ്ടു ശതാബ്ദക്കാലമായി മലയാള കവിതാരംഗത്തു് ഒരുതരം ഏകതാനതയോ, ഗതാനുഗതികതയോ, നിഷ്ക്രിയതയോ ഒക്കെയാണ് കണ്ടുവന്നതു്. എന്നാൽ ഇന്നൊരു പുനരുജ്ജീവനത്തിന്റെ നാന്ദി പരക്കെ ദൃശ്യമാകുന്നുണ്ടു്. വൈഷയികപ്രേമത്തിന്റെ വികാരാവിഷ്ക്കരണമോ, പാർട്ടിമുദ്രാവാക്യങ്ങളുടെ ഉദ്ഘോഷണമോ ഒക്കെയാണ് അന്നത്തെ കവിതകളുടെ സവിശേഷതകൾ. എന്നാൽ ഇത്തരം പ്രവണതകളിൽ നിന്നൊക്കെ വിട്ടുമാറിനിന്നു് ആത്മാനുഭൂതികളെ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്ന ഒരേകാന്തകാവ്യാധ്വഗനാണ് മഹാകവി ജീ. ശങ്കരക്കുറുപ്പു്. യാതൊരുവിധ ബാഹ്യപ്രേരണകളും ജി. യുടെ കാവ്യോപാസനയ്ക്കു പ്രതിബന്ധമല്ല. കൃത്രിമചന്ദ്രനെ നോക്കി അത്ഭുതാധീനനായി പാടുന്ന അതേ കവിതന്നെ "നീതിതൻ വെടിയേററ വീണ" ഫ്ളോറിയുടെ ആത്മാവിനുമുന്നിൽ തന്റെ കണ്ണുനീരിൽ കുതിന്ന അന്ത്യമാല്യം സമർപ്പിക്കുന്നു. പക്ഷേ ആ കവിഭാവനയുടെ ഉദാത്തോജ്ജ്വലമായ രൂപം പൂർണ്ണമായും പ്രകടമാകുന്നതു് ആ കവിഹൃദയം മിസ്റ്റിക്ക് അനുഭൂതികളിൽ വിലയം പ്രാപിക്കുമ്പോൾ മാത്രമാണ്.

'വിശ്വദർശനം' കഴിഞ്ഞാൽ ജി. യുടേതായി അടുത്തകാലത്തു കൈവന്നിട്ടുള്ള ഏററവും നല്ല കവിത 'വിടർന്നെങ്കിൽ' എന്ന പുഷ്പഗീതമാണ്. പ്രകാശത്തിനും പ്രസാദത്തിനും വേണ്ടി 'ഉന്മുഖമാജന്മാന്തം' തപസ്സുചെയ്യുന്ന, മാധുര്യത്തേയും പരിശാന്തിയേയും തേടിനടക്കുന്ന പനിനീർപ്പൂവിന്റെ പുണ്യവും സൗമ്യവും ധീരവും സ്നിഗ്ദ്ധവുമായ ജീവനെക്കുറിച്ചാണു് കവി പാടുന്നതു്. വിശ്വതേജസ്സിനെത്തേടി തപശ്ചര്യയനുഷ്ഠിക്കുന്ന ആ പനിനീർമലരിൽ കവി തന്നെത്തന്നെ ദർശിക്കുന്നു. ലളിതവും, അഭൗമവുമായ ഒരദ്വൈത ഭാവാവിഷ്ക്കരണമാണ് നാമിവിടെ കാണുന്നതു്.

ഈ വിശ്വമാകെ വ്യാപിച്ചിരിക്കുന്ന പരമാത്മ

---

ദ്ദുവലും വിരിച്ചാത്തു് സ്വാതന്ത്ര്യഗീതം പാടി,
പൂവനങ്ങളിൽക്കൂടെയാക്കിളി പറക്കവേ,
കാന്തികക്കതിരിന്റെ മേനിയെത്താലോലിച്ചി-
ട്ടാത്തിരമ്പിപ്പാഞ്ഞെത്തി തെന്നൽത്തന്നലെതിരേല്ക്കാൻ!
വേദനക്കടലിന്റെയക്കരെസ്സൗന്ദര്യത്തിൻ
കേദാരമാകും തോപ്പിൽ, പാലതൻ പൂങ്കൊമ്പൊന്നിൽ,
ചെന്നിരുന്നവിരാമം പണ്ടത്തെക്കാട്ടും മേട്ടും,
മിന്നു കെട്ടിയ കാട്ടുചോലയും കിളി കാൺകേ,
ചിത്തത്തിലാനന്ദത്തിൻ ചഷകം നിറയുന്നു,
പുത്തനാം ഗാനങ്ങളാൽ നിർവൃതി കണ്ടെത്തുന്നു!
താഴ്‌വരത്തോപ്പിൽപൂത്ത പൂവുകൾ ചിരിച്ചാത്തു
സ്വാഗതമേകി, വീണ്ടും കാട്ടിലെക്കിളിയായി!

Mar Ivanios College Library

ചൈതന്യം തന്നെയാണ് ഈ പനിനീർപ്പൂവിന്റെ 'ലോലലോലമാം ദളംതോറും സസ്മിതാളാന വിലാസ നർത്തനം' ചെയ്യുന്നത്. മനുഷ്യന്റെ യാതൊരുവിധ ഭൗതികവിജ്ഞാനീയത്തിനും ഈ സനാതനസത്യത്തെ ആക്ഷേപിക്കാനോ നിഷേധിക്കാനോ സാദ്ധ്യമല്ല. പെററ നാടിന്റെ സംസ്കാരവും ചൈതന്യവും വർണ്ണവും വെളിച്ചവും സ്വാംശീകരിച്ചുകൊണ്ട് വികാസമാണ് ജീവിതത്തിന്റെ മഹത്തമമായ ലക്ഷ്യമെന്നു കരുതി സ്വാതന്ത്ര്യബുദ്ധിയാൽ അസ്വസ്ഥമായിക്കഴിയുന്ന ആ പുഷ്പത്തിന്റെ നേർക്കു കാണിക്കുന്ന ഔദാസീന്യം മാനവസംസ്കാരത്തിന്റെ മൃത്യുമുദ്രയായിട്ടാണ് കവി കണക്കാക്കുന്നത്. പാരിനെ നന്നാക്കാനോ, ആരെയും ശാസിക്കാനോ, ഹിംസിക്കാനോ ഒരുമ്പെടാതെ, ഷഡ്‌വൈരികളെ അതിജീവിച്ച് 'ദീനനാം പഥികന്റെ കണ്ണിനുത്സവമായി' വർത്തിക്കുന്ന പനിനീർപ്പൂവിനെ അനുകരിക്കാൻ കഴിഞ്ഞാൽ മററാരുടെയും തത്ത്വശാസ്ത്രം തനിക്കാവശ്യമില്ലെന്ന് കവി പ്രഖ്യാപിക്കുന്നു. പുഷ്പാഭരണങ്ങളെപ്പോലും ആർജ്ജിക്കുന്നതിനെക്കാളേറെ തൂകുന്നതിലാണ് പനിനീർപ്പൂവിന്നാനന്ദം. പരിപൂതമായ ജീവിതത്തിന്റെ സുന്ദരപ്രതീകമായ ഈ പനിനീരലരാകട്ടെ,

"നിശ്വസിപ്പതുപോലു മന്യാർത്ഥത്യാഗമോടേ–
നിർവൃതമാക്കാനിതാണഹിംസാ നിദർശനം."

ഇങ്ങനെ സേവനോത്സുകമായി, അഹിംസാനിദർശനമായിക്കഴിയുന്ന താരിന്റെ ദളങ്ങളെപ്പോലെ തന്റെ ദിവസങ്ങളും ശാന്തസുന്ദരമായി, ശബ്ദഹീനമായി കൊഴിഞ്ഞുപോയെങ്കിൽ എന്ന് കവി ആശിക്കുന്നു. എത്ര മിതവും, അഭികാമ്യവുമായ ഒരഭിലാഷം!

പനിനീർപ്പൂവിന്റെ ശോണവർണ്ണത്തെക്കുറിച്ചാണ് കവി പിന്നീടു ചിന്തിക്കുന്നത്. അതിന്റെ മാറിപ്പോകാത്ത രക്താരുണിമ വർഗ്ഗരക്തം കൊണ്ടു നിറംപിടിച്ചതല്ല; പ്രത്യുത ഘോരതമസ്സിനോടേററുമുട്ടി സാത്വികതേജസ്സിന്റെ സേനയെ നയിച്ച അജയ്യരായ യുഗാചാര്യന്മാരുടെ രക്തത്താൽ നിറംപിടിച്ചതാണ്. അവതാരോദ്ദേശ്യം നിർവ്വഹിച്ചതിനു ശേഷം വടവൃക്ഷച്ഛായയിൽ യോഗനിദ്രാലീനനായിരിക്കവേ കിരാതന്റെ ക്രൂരമ്പേററ് പരമശാന്തിയിൽ വിലയം പ്രാപിച്ച നന്ദനന്ദനന്റേയും, സത്യത്തിനും ധർമ്മത്തിനും സഹാനുഭൂതിക്കുംവേണ്ടി കാൽവരിക്കുന്നിൽ ആത്മാഹൂതിചെയ്ത ഈശോയുടെയും, അടിമത്തത്തിലും അന്ധതയിലും ആണ്ടുകിടന്ന ഒരു ജനതയെ സ്വാതന്ത്ര്യത്തിന്റെ പൊൻവെളിച്ചം കാണിച്ചു കരകയററിയ, ധർമ്മസംഗ്രാമധീരനായ മഹാത്മജിയുടെയും രക്തമാണീപ്പൂവിനു പാടലവർണ്ണം നൽകുന്നത്. ഈ പുഷ്പദളങ്ങളിൽ നിന്നുതിർന്നുവീഴുന്ന ഹിമകണങ്ങളാകട്ടെ, ഭോഗനിസ്പൃഹന്മാരായ യതിവര്യന്മാരുടെ ദയാപൂർണ്ണങ്ങളായ കണ്ണുകളിലൂറുന്ന അലിവാണ്. ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളാലും, ഭൂതകാലത്തെക്കുറിച്ചുള്ള ശോകചിന്തകളാലും, പ്രസാദവും വിഷാദവും സ്ഫുരിച്ചുനിൽക്കുന്ന, ഈ പുഷ്പത്തിന്റെ മൗനഗാനമാണ് കവിയ്ക്കിഷ്ടം. തന്റെ വികാരങ്ങൾക്കു സൗരഭ്യവും, വിചാരങ്ങൾക്കു വർണ്ണോജ്ജ്വലതയും, വാക്കുകൾക്കു മാധുര്യവും കൈവരുത്താൻ ഈ പുഷ്പം എന്നെന്നും തന്റെ ജീവനിൽ വിടർന്നുനിന്നെങ്കിൽ എന്ന് കവി അവസാനമായും അഭിലഷിക്കുന്നു.

പ്രകാശപൂർണ്ണമായ ഒരു തേജോമണ്ഡലത്തിലേയ്ക്ക് അനുവാചകനെ ഉയർത്തിനിറുത്തുന്ന നിത്യനൂതനമായ ഒരു ഭാവഗീതമാണ് 'വിടർന്നെങ്കിൽ' എന്ന ഈ കവിത. മിസ്റ്റിക്ക് അനുഭൂതിയുടെ ശുഭ്ര സുന്ദരമായ ഒരു നേരിയ ആവരണവുമണിഞ്ഞാണ് ഈ കവിത സഹൃദയനെ സ്വാഗതം ചെയ്യുന്നത്.

"ക്രൂരിരുട്ടിലും, കൊടുങ്കാററിലും, ജഡതയിൽ–
ക്കൂടിയും നിത്യപ്രകാശത്തിനെ ദർശിപ്പാനായ്
ഉന്മുഖമാജന്മാന്തം ധ്യാനിക്കുന്നൊരിത്താരി–
ന്നുള്ളിലുള്ളൊരാപൂർവ്വംനിൽപ്പതും ഞാനാകുന്നു.



Mar Ivanios College Library

"ലോകമാകവേ വ്യാപിച്ചിരിക്കും ഞാനീ ലോല-
ലോലമാം ദളംതോറും സ്വർഗ്ഗതാളത്തിന്നൊപ്പം
നൃത്തനംചെയ്‌വൂ; സീല്ക്കാരത്തോടെൻ നി-
ശ്വാസത്തിൻ
നേത്ത സൗരഭം നുകന്നലിവൂ, ജഗത്പ്രാണൻ"

ഇങ്ങനെയുള്ള അദ്വൈത ഭാവാവിഷ്കരണ സന്ദർഭങ്ങളിൽ സർഗ്ഗചൈതന്യം കളിയാടുന്ന അലൗകികാനുഭൂതിയുടെ ഉത്തുംഗമേഖലകളിലേയ്ക്ക് ആസ്വാദകനും ചിറകടിച്ചുയരുകതന്നെ ചെയ്യും. "അധമതമങ്ങളായ ലൗകികബന്ധങ്ങളിൽ നിന്നെല്ലാമകന്ന് നാം ഉദാത്തോജ്ജ്വലമായ ഒരാധ്യാത്മികാന്തരീക്ഷത്തിൽപ്രവേശിക്കുന്നു. അവിടുത്തെ പരിവേഷം കണ്ട് നാം ആനന്ദമനുഭവിക്കുകയായി. അവിടുത്തെ നൂറുനൂറായിരം നക്ഷത്രങ്ങൾ ഒരേ ഒരു സന്ദേശം വിളംബരംചെയ്യുന്നു. ആ സന്ദേശം ഉന്നതമാണ്, ഉജ്ജ്വലമാണ്, പ്രചോദനാത്മകമാണ്." വിശ്വദർശനാസ്വാദനത്തിൽ ശ്രീ എം. കൃഷ്ണൻനായർ രേഖപ്പെടുത്തിയിട്ടുള്ള ഈ അഭിപ്രായം ഈ പുഷ്പഗീതത്തെ സംബന്ധിച്ചിടത്തോളവും തികച്ചും സാർത്ഥകം തന്നെ.

—o—

# കറമ്പൻ

## (S. ഗോപിനാഥൻ നായർ II. D. C.)

ആ നനുത്ത നിലാവിൽ ഗോപാലൻ പട്ടിക്കുട്ടികളെ എടുത്ത് കളിപ്പിക്കാൻതുടങ്ങി. അവൻ ആർത്തുവിളിച്ചു. അതൊരു സന്തോഷ പ്രകടനമായിരുന്നു. അവന്റെ പട്ടി പ്രസവിച്ചിരുന്നു. നാലു ചുണക്കുട്ടികൾ. വളരെനാളുകളായി അവൻ ഒരു പട്ടിക്കുട്ടിക്കുവേണ്ടി കാത്തിരിക്കുകയാണ്. ഇന്നിതാ അവന്റെ ആശ സഫലമായിരിക്കുന്നു. ഒന്നിനുപകരം നാല്! അവന്റെ കണ്ണുകൾ വികസിച്ചു. സന്തോഷാധിക്യത്താൽ അവൻ തുള്ളിച്ചാടി. അവന്റെ സന്തോഷത്തിൽ അസൂയാലുക്കളായ നക്ഷത്രങ്ങൾ കണ്ണടച്ചുകളഞ്ഞു. ചന്ദ്രക്കല കൂടുതൽ ശോഭ പരത്തി.

"ഈ ചെറുക്കനെന്തിനു കിടന്ന് നെലവിളിക്കിണ്. ചെവീം കണ്ണും കേക്കാൻ തമ്മതിക്കുല്ല. ഞാനിപ്പം എല്ലാത്തിനേം അടിച്ച് പൊറത്താക്കും". കുഞ്ഞിപ്പുലയി അവനെ ശാസിച്ചു

"അടിച്ച് പൊറത്താക്കും!" അവനതു സഹിക്കാൻ കഴിഞ്ഞില്ല. അവൻ മുറ്റത്തുനിന്നു കരയാൻ തുടങ്ങി. അപ്പോഴാണ് ചാത്തൻ പാടത്തുനിന്നും മടങ്ങിയെത്തിയതു്. "എന്തെടാ കോവാലാ, നീ നിന്ന് ചിണുങ്ങണതു്?" ചാത്തൻ ഗോപാലനോട് ചോദിച്ചു. ഗോപാലൻ സൂത്രത്തിൽ കരച്ചിൽ വർദ്ധിപ്പിച്ചു. "എടാ! എന്തെരത്തിനെടാ നീ കരയിണതു്" ചാത്തൻ വീണ്ടും തിരക്കി.

"അച്ഛാ.... ....അച്ഛാ.... ....അമ്മച്ചി പറയിണ് ....പട്ടീനേം കുട്ടികളേം അടിച്ചുകളയോംന്ന്." ഗോപാലൻ കരച്ചിലിനിടയിൽ ചാത്തനോടു പറഞ്ഞു. ചാത്തൻ പല കാര്യങ്ങളും പറഞ്ഞ് അവനെ സമാശ്വസിപ്പിച്ചു.

ദിവസങ്ങൾ പലതുകഴിഞ്ഞു. ആ പട്ടിക്കുട്ടികൾ ഓടാനും ചാടാനും തുടങ്ങി. ഗോപാലനു കിട്ടുന്ന ആഹാരത്തിൽ പകുതിഭാഗം അവൻ അവയ്ക്കുവേണ്ടി മാററിവയ്ക്കും. ആ പട്ടിക്കുട്ടികൾ ഓരോന്നായി അവന്റെ കാൽക്കൽ വന്ന് മണപ്പിക്കും. അല്പം കഴിഞ്ഞ് തിരിഞ്ഞോടും. വീണ്ടും വരും. ഗോപാലൻ ഓരോന്നിനെയായി എടുത്ത് തോളത്തിരുത്തും. മുത്തം കൊടുക്കും. അവയിൽ ഒരെണ്ണത്തിന് നല്ല മൊടിയും ചുണയുമുണ്ടായിരുന്നു. കറുത്ത ഒരു പട്ടിക്കുട്ടി! ഗോപാലന് അതിനെ കൂടുതൽ ഇഷ്ടപ്പെട്ടു. അവൻ

അതിനൊരു പേരിട്ടു. "കരമ്പൻ." അവൻ കരമ്പന് കൂടുതൽ ചോറുകൊടുക്കും. ഗോപാലന് കരമ്പനോടെന്നപോലെ കരമ്പന് ഗോപാലനോടും വലിയ സ്നേഹമായിരുന്നു.

ചാത്തന്റെ പുരയിൽ പട്ടി പ്രസവിച്ചിരിക്കുന്നു എന്നറിഞ്ഞ ഒരാൾ ഒരുദിവസം ആ വീട്ടിലേക്കുവന്നു. കരമ്പനെ കണ്ടമാത്രയിൽ അയാൾക്കു അവനിൽ ആശയായി. അയാൾ കരമ്പനെ ലഭിക്കുന്നതിലേക്കായി പത്തുരൂപാ കൊടുക്കാമെന്നുപറഞ്ഞു. ചാത്തനും കുഞ്ഞിപ്പുലയിക്കും സമ്മതമായിരുന്നു. പത്തു രൂപായല്ല. അവർ കണികണ്ടിട്ടുപോലുമില്ലാത്ത ഒരു പത്തുരൂപാനോട്ട് അവരെ മാടിവിളിച്ചു. എന്നാൽ ഗോപാലൻ ഉണ്ടോ സമ്മതിക്കുന്നു! അവൻ കരമ്പനേയും എടുത്തുകൊണ്ട് അങ്ങകലെ ഓടിമറഞ്ഞു.

"തമ്പ്രാന് സമ്മതമാണെങ്കിൽ——ഇവനെ തരാം." ഒരു പട്ടിക്കുട്ടിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ചാത്തൻ പറഞ്ഞു. "കരമ്പൻ കോവാലന്റെ ഉയിരാണ് തമ്പ്രാനെ. അവനെ തരേവുയ്ക്കുല്ല." ചാത്തൻ അയാളോടു പറഞ്ഞു.

"ശരി. അവനെ എടുത്തുകൊണ്ട് കൂടെ പോരെ". വന്നആൾ ചാത്തനോടു പറഞ്ഞു. ചാത്തൻ അപ്രകാരം ചെയ്തു. അങ്ങനെ ആ പട്ടിയിൽനിന്നും പത്തുരൂപായും ഒരുനേരത്തെ ആഹാരവും ചാത്തന് ലഭിച്ചു.

ഈ കച്ചവടത്തിനുശേഷം വഴിയേ പോകുന്നവരെയെല്ലാം ചാത്തൻ ആശയോടെ നോക്കാൻ തുടങ്ങി. "അന്നത്തെപ്പോലെ ആരെങ്കിലും വന്നു കപ്പെട്ടെങ്കിൽ! ഇനിയുള്ള പട്ടികളേയും കച്ചോടം നടത്താമായിരുന്നു." അതായിരുന്നു അവന്റെ മോഹം. വരുന്നവരോടും പോകുന്നവരോടുമെല്ലാം തന്റെ പട്ടിക്കുട്ടികളുടെ മാഹാത്മ്യത്തെപ്പററി പറയുകയായി ചാത്തന്റെ പിന്നത്തെ തൊഴിൽ. 'കരമ്പൻ ഒരു അണ്ണാനെ പിടിച്ചു. ആ കാണണ വെള്ളപ്പട്ടി പാറേറം ഓന്തിനേം പിടിക്കാൻ വിരുതനാണ്.... ...." ഇങ്ങനെ നീണ്ടുപോകും അവരുടെ വീര്യശൗര്യാദികളെപ്പററിയുള്ള വർണ്ണനകൾ. വല്ലവിധേനയും ഒരാൺപട്ടിയെക്കൂടി അയാൾ കച്ചവടം നടത്തി. അതിന് ഒരുരൂപാ മാത്രമേ പ്രതിഫലം ലഭിച്ചുള്ളൂ. കരമ്പനും ഒരു പെൺപട്ടിയും ശേഷിച്ചു. കരമ്പനെ ആവശ്യപ്പെട്ട് പലരും വന്നതാണ്. പക്ഷെ ഗോപാലൻ അപ്പോഴൊക്കെ കരമ്പനേയുംകൊണ്ട് അന്തർദ്ധാനംചെയ്യുക പതിവായിരുന്നു. ഗോപാലൻ ഉള്ളിടത്തോളംകാലം കരമ്പനെ വില്ക്കാൻ സാദ്ധ്യമല്ല. പിന്നെ ഒരു പെൺപട്ടി! അതിനെ ആവശ്യപ്പെടാൻ ആരും ഉണ്ടായിരുന്നില്ല. അതിനെ അടിച്ചു പുറത്താക്കാൻ തന്നെ ചാത്തൻ തീരുമാനിച്ചു. കാലതാമസമെന്യേ അപ്രകാരം ചെയ്യുകയും ചെയ്തു. ഗോപാലന് സംതൃപ്തിയായി. ഇനി കൂടുതൽ ചോറ് കരമ്പന് കിട്ടുമല്ലോ. ഗോപാലൻ കരമ്പനെ കെട്ടിയിട്ടു. ആദ്യത്തെദിവസം കരമ്പൻ കയർ കടിച്ചറുത്ത് വിമുക്തനായി. ഗോപാലന് കരമ്പന്റെ ഈ പ്രവൃത്തിയിൽ നീരസം ജനിച്ചു. എങ്കിലും സ്നേഹനിർഭരമായ ഒരു താക്കീത് മാത്രമേ നല്കിയുള്ളു. അന്നുതന്നെ ചാത്തൻ എവിടെനിന്നോ ഒരു തുടൽ കൊണ്ടുവന്നു മകനു സമ്മാനിച്ചു. ഗോപാലൻ കരമ്പനെ ആ തുടലിൽ പൂട്ടിയിട്ടു. കൃത്യസമയങ്ങളിൽ മാത്രമേ കരമ്പനെ വിമുക്തനാക്കിയിരുന്നുള്ളൂ.

മാസങ്ങൾപലതുകഴിഞ്ഞു. ഇപ്പോൾകരമ്പൻ ഒരു പട്ടിക്കുട്ടിയല്ല, ഒരു പട്ടിയാണ്. കരുത്തുതടിച്ച ഒരുഗ്രൻ പട്ടി. അവന്റെ കുരകേട്ടാൽ ആരും നടുങ്ങും. തുടലിൽനിന്നു വിമുക്തനായാൽ, കരമ്പൻ വഴിപോക്കരെയെല്ലാം കടിക്കും. ഇതിനിടക്ക് ചാത്തന് പല പരാതികളും കിട്ടിക്കഴിഞ്ഞിരുന്നു. അതിനാൽ ഇപ്പോൾ കരമ്പനെ രാത്രികാലങ്ങളിൽ മാത്രമേ കെട്ടഴിച്ചുവിടാറുള്ളൂ. അവനെ ആ കുടിലിലുള്ള എല്ലാപേരും ഒരുപോലെ സ്നേഹിക്കാൻ തുടങ്ങി. അവൻ അവരേയും. സ്കൂളിൽനിന്നുവരുന്ന ഗോപാലനെ കാണുമ്പോൾ അവൻ വാലാട്ടുകയും ചില ഗോഷ്ടികൾ

Mar Ivanios College Library

കാണിക്കുകയും ചെയ്യും. ഗോപാലൻ അതിനെ വാത്സല്യാതിരേകത്താൽ തലോടും.

“കറമ്പാ!”. അവൻ വിളിക്കും. വിളികേൾക്കുന്നതുപോലെ ഒന്നുരണ്ടു മുരളുകൾ ആ പട്ടിയിൽനിന്നുമുയരും. ഗോപാലൻ സ്കൂളിൽപോകുന്നതും കറമ്പനോട്ട് അനുവാദം വാങ്ങിക്കൊണ്ടാണ്.

“കറമ്പാ..... .....! ഞാൻ പള്ളിക്കൂടത്തിൽ പോട്ടാടാ.....” ഗോപാലൻ പട്ടിയെ തടവിക്കൊണ്ട് ചോദിക്കും. കറമ്പൻ പ്രത്യുത്തരമായി ഒന്നു മുരളും. കറമ്പൻ മുരളിയില്ലെന്നുണ്ടെങ്കിൽ അതിന്റെ അർത്ഥം ഗോപാലനെ സ്കൂളിൽപോകാൻ അനുവദിക്കുന്നില്ലെന്നാണ്. കറമ്പൻ അനുവദിച്ചില്ലെങ്കിൽ അന്ന് ഗോപാലൻ സ്കൂളിൽ പോവുകയില്ല.

അപ്രതീക്ഷിതമായാണ് അതു സംഭവിച്ചത്. ഒരു ദിവസം ഗോപാലൻ ഊണുകഴിച്ചശേഷം കറമ്പന്റെ പങ്കുമായി അവന്റെ അടുക്കലേക്ക് പോകുകയായിരുന്നു. കുടിലിന്റെ നടയിൽകിടന്ന ആ വൃദ്ധയായ പെൺപട്ടി ഗോപാലന്റെ കൈയ്യു കടന്നുപിടിച്ചു.

“അയ്യോ..... .....അയ്യോ.....” ഗോപാലൻ പേടിച്ച് നിലവിളിക്കാൻതുടങ്ങി. കുടിലിനകത്തുനിന്നും ചാത്തനും കുഞ്ഞിപ്പുലയിയും ഓടിയെത്തി. ഗോപാലന്റെ കൈയിൽകൂടി രക്തം ഒഴുകാൻതുടങ്ങി. അവന്റെ കൈയിലിരുന്ന ആഹാരത്തിനുവേണ്ടിയാണ് ആ പട്ടി അവനെ ആക്രമിച്ചത്. പക്ഷെ അതാണ് കാരണമെന്ന് വിശ്വസിക്കാൻ ആ മാതാപിതാക്കൾക്കു കഴിഞ്ഞില്ല. “കുത്തിക്ക് പേയെടുത്തു”. അതായിരുന്നു അവരുടെ അഭിപ്രായം. ഗോപാലന്റെ കൈയിൽ കുഞ്ഞിപ്പുലയി കുറച്ചു പച്ചിലമരുന്നരച്ചിട്ടു. ചാത്തൻ പുരയ്ക്കകത്തുകയറി ഒരു മൺവെട്ടിയുമായി വെളിയിലിറങ്ങി.

“ഇതിനെ ഇനി വച്ചിരുന്നൂടാ....” എന്നു പറഞ്ഞു ചാത്തൻ ആ പട്ടിയുടെ തലയിൽ ആഞ്ഞടിച്ചു.

“ങ്ങെ..... ങ്ങെ.....ങ്ങെ.....” ആ പട്ടി ഉറക്കെ നിലവിളിച്ചു. ചാത്തൻ വീണ്ടുമടിച്ചു. “ങ്ങെ ..... ങ്ങെ..... ങ്ങെ.....” അതു അയാളെ ദയനീയമായി നോക്കി. ചാത്തനിൽ മൃഗീയത്വം തലപൊക്കി, പേയ് എടുത്ത പട്ടിയെ ജീവനോടെ വച്ചേക്കുകയോ! അയാൾ അടി തുടർന്നുകൊണ്ടേയിരുന്നു. അതിനോടൊപ്പം പട്ടിയുടെ വിളിയും. ആ നിലവിളി ഒരു മൂളൽ മാത്രമായി ശേഷിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ അതും നിലച്ചു. അങ്ങനെ പതിനൊന്നു രൂപായും ഒരുനേരത്തെ ആഹാരവും തന്റെ യജമാനന് സമ്പാദിച്ചുകൊടുത്ത ആ പട്ടി യജമാനന്റെ കൈയാൽ മൃതയായി. ചാത്തൻ സന്തുഷ്ടിയോടെ ഗോപാലനെ നോക്കി.

“കോവാലാ, മരുന്നരച്ചിട്ടാടാ. നിന്നെ അശുപത്രീ കൊണ്ടുപോവാം. അല്ലെങ്കിൽ നിനക്കും പേയെടുക്കും.” പട്ടിയെ കുഴിച്ചിട്ടശേഷം ചാത്തൻ ഗോപാലനെ ആശുപത്രിയിൽ കൊണ്ടുപോയി. വളരെനേരത്തെ പരിശോധനക്കുശേഷം പേപ്പട്ടി അല്ല കടിച്ചതെന്നു ഡോക്ടർക്കു മനസ്സിലായി. മുറിവു വച്ചുകെട്ടി, ഗോപാലനെ തിരിയെ കൊണ്ടുവന്നു.

കറമ്പനെ പരിചയമില്ലാത്തവർ ആ നാട്ടിൽ കുറവാണ്. ജോലിത്തിരക്കിനിടയിൽപോലും ചാത്തനും കുഞ്ഞിപ്പുലയിക്കും കറമ്പന്റെ കാര്യം മാത്രമേ പറയാനുള്ളൂ. കറമ്പന്റെ സാഹസചരിത്രങ്ങൾ അവർ ആളുകളെ പറഞ്ഞുകേൾപ്പിക്കും. കറമ്പനെ എല്ലാപേർക്കും ഭയമായി. ചാത്തന്റെ പുരയിടത്തിൽ ധാന്യങ്ങളെല്ലാം വിളഞ്ഞുകിടക്കുകയാണ്. മോഷ്ടാവിനെ കറമ്പൻ ജീവനോടെ വിട്ടിരുന്നില്ല. ആ പട്ടിയെ ഭയന്ന് ആ പറമ്പിൽ ആരും കാലുകുത്തുകയില്ല.

കറമ്പന്റെ സാഹസകഥകൾ പലതാണ്. ഒരു ദിവസം കുടിലിനകത്തേക്കു ഇഴഞ്ഞുവന്ന

Mar Ivanios College Library

ഒരു മൂർഖൻ പാമ്പിനെ അവൻ കടിച്ചു കൊന്നു. അവൻ അപ്രകാരം ചെയ്യിരുന്നില്ലെങ്കിൽ ഗോപാലൻ അന്നുതന്നെ ഇഹലോകവാസം വെടിയുമായിരുന്നു. ഒരു രാത്രിയിൽ കപ്പ മോഷ്ടിക്കാൻ ഒരു കള്ളൻ ആ പറമ്പിൽ കയറി. കറമ്പൻ അയാളുടെ കാലുകളെ കടിച്ചു കീറി. മോഷ്ടാവു നിലവിളിച്ചുകൊണ്ടോടി. ഇപ്രകാരം നീണ്ടുപോകും കറമ്പന്റെ സാഹസകഥകൾ.

കറമ്പൻ ഭൂജാതനായിട്ട് വർഷങ്ങൾ അഞ്ചു കഴിഞ്ഞു. ഗോപാലൻ ഇപ്പോൾ അഞ്ചാം സ്റ്റാൻഡാർഡിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയാണ്. വർഷങ്ങൾ ചിലതു കഴിഞ്ഞെങ്കിലും ഗോപാലനു പട്ടിയോടും പട്ടിക്ക് ഗോപാലനോടും ഉണ്ടായിരുന്ന സ്നേഹം എള്ളളവുപോലും കുറഞ്ഞിരുന്നില്ല.

അങ്ങനെ ഇരിക്കുമ്പോഴാണ് ആ നാട്ടിൽ ഭയങ്കരമായ ക്ഷാമം ബാധിച്ചതു്. മഴയുടെ അഭാവത്താൽ കൃഷികളെല്ലാം ഉണങ്ങി വരണ്ടു. ഒരുതുള്ളി വെള്ളത്തിനു വേണ്ടി ആളുകൾ പരക്കംപാച്ചിൽ തുടങ്ങി. കുളക്കടവിലും കിണററുകരയിലുമെല്ലാം അടികലശലായി; ഒരു തുള്ളി വെള്ളത്തിനുവേണ്ടി. വേലയും തൊഴിലുമില്ലാതെ കർഷകരെല്ലാം വീട്ടിൽ കുത്തിയിരുപ്പായി. തീ പോലെ പൊള്ളുന്ന വെയിൽ. അനവധി കുടുംബങ്ങൾ പട്ടിണിയിലായി. ഒരു പൈസയ്ക്കുപോലും നിവൃത്തിയില്ലാതെ ആളുകൾ നന്നേ വിഷമിച്ചു. അനവധിപേർ മൃതിയടഞ്ഞു. മററുള്ളവരുടേയും സ്ഥിതി ആ നിലയിൽ എത്തിയിരിക്കുകയാണ്. ക്ഷാമം! സർവ്വത്ര ക്ഷാമം! ദിനപത്രങ്ങളിൽ ക്ഷാമത്തെപ്പററിയുള്ള കാര്യങ്ങൾ വലിയ അക്ഷരത്തിൽ എഴുതാൻ തുടങ്ങി. "നൂറു പേർ മൃതിയടഞ്ഞു. കന്നുകാലികൾ, ആട്, കോഴി എന്നീ ഇനത്തിൽ അഞ്ഞൂറെണ്ണം വരെ മൃതിയടഞ്ഞിരിക്കുന്നു. ദിനംപ്രതി നൂറിൽപരം ആളുകൾ ചരമം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്". എന്നെല്ലാം പൊടിപ്പും തൊങ്ങലും വച്ച്, പല പത്രങ്ങളും എഴുതാൻ തുടങ്ങി. "ഗവണ്മെൻറിന്റെ ശ്രദ്ധയ്ക്കു" എന്ന ശീർഷകത്തിൽ പല പല ലേഖനങ്ങളും പത്രപംക്തികളിൽ സ്ഥാനം പിടിച്ചു. ഗവണ്മെൻറിന് കണ്ണു ചിമ്മാൻ കഴിഞ്ഞില്ല. അരി, ഗോതമ്പ്, മുതലായ ധാന്യങ്ങളും ജലവും ആ നാട്ടിൽ വിതരണം ചെയ്തു തുടങ്ങി.

പറമ്പിൽ കപ്പയെല്ലാം നട്ടിരുന്നതിനാൽ ചാത്തൻ ക്ഷാമത്തെ കുറച്ചുനാൾ തരണം ചെയ്തു. ഇപ്പോൾ കപ്പയും തീർന്നിരിക്കുകയാണ്. അവിടെ തീ കത്തിച്ചിട്ടുതന്നെ ദിവസങ്ങൾ രണ്ടു കഴിഞ്ഞിരിക്കുന്നു. കറമ്പന്റെ വീര്യശൗര്യങ്ങളെല്ലാം അസ്തമിച്ചു. ഇപ്പോൾ അവനെ തുടലിൽ പൂട്ടിയിടാറില്ല. അവൻ എപ്പോഴും മുററത്തുള്ള മാവിൻചുവട്ടിൽ കിടക്കും. ആ കടിലിൽ ആരുതന്നെ വന്നാലും ശരി, കറമ്പൻ അനങ്ങുകയില്ല. ഗോപാലനെ കാണുമ്പോൾ എഴുന്നേൽക്കാൻ പോലും നിവൃത്തിയില്ലാത്ത കറമ്പൻ വാലാട്ടിക്കൊണ്ടു് അവന്റെ അടുക്കലെത്തും. എന്നിട്ട് ദയനീയമായി അവന്റെ മുഖത്തു നോക്കും.

ചാത്തൻ ഒരു പൈസക്കുപോലും നിവൃത്തിയില്ലാതെ കിടന്നുഴലുകയാണ്. അപ്പോഴാണ് കഴുത്തിൽ ബൽററില്ലാത്ത പട്ടികളെയെല്ലാം പിടിച്ചുകൊണ്ടു പോകുന്നു എന്ന വാർത്ത അവന്റെ ചെവിയിൽ എത്തിയതു്. മൂന്നു നാലു പേർ ചേർന്ന് കഴുത്തിൽ ബൽററില്ലാത്ത പട്ടികളെ നാലറകളുള്ള തള്ളുവണ്ടിക്കകത്തിട്ടു കൊണ്ടുപോകുന്നതു് ഒരു ദിവസം ചാത്തനും കാണാനിടയായി. "ഒരു പട്ടിയെ പിടിച്ചുകൊടുത്താൽ എട്ടണാകിട്ടും" ആരോ ഒരാൾ ചാത്തനോടു പറഞ്ഞു. ചാത്തൻ ആ നാടു മുഴുവൻ തിരഞ്ഞു, കഴുത്തിൽ ബൽററില്ലാത്ത പട്ടികൾക്കുവേണ്ടി. ഒരൊററയെണ്ണത്തിനെപ്പോലും അവനു കിട്ടിയില്ല. എന്തൊക്കെയോ മനസ്സിൽ ഉറപ്പിച്ചുകൊണ്ടു് ചാത്തൻ വീട്ടിലേക്കു നടന്നു. "എട്ടണ! ഒരു പട്ടിയെ പിടിച്ചുകൊടുത്താൽ അണ എട്ട്

കൈയിൽ" ചാത്തൻെറ ആലോചന എപ്പോഴും അതായിരുന്നു. "പക്ഷെ പട്ടിയോ?" കറമ്പനെത്തന്നെ പിടിച്ചുകൊടുക്കാൻ ചാത്തൻ നിശ്ചയിച്ചു. അന്നു രാത്രി എട്ടണയെപ്പററി സ്വപ്നം കണ്ടുകൊണ്ട് ചാത്തൻ നിദ്ര പ്രാപിച്ചു.

പതിവുപോലെ ബാലസൂര്യൻ സഹ്യാദ്രിശൃംഗങ്ങൾക്കിടയിലൂടെ എത്തി നോക്കി. ചാത്തൻ കുടിലിനുള്ളിൽ കുത്തിയിരിക്കുമ്പോൾ എന്തൊക്കെയോ കുറച്ചട്ടഹാസങ്ങൾ കേട്ടു. ഇന്നലെ തല്ലുവണ്ടിയുമായി വന്നവർ ഒരു പട്ടിയേയും ഓടിച്ചുകൊണ്ട് പോവുകയാണ്.

"ഞാൻ ഒരു പട്ടീനെ തരാം. എട്ടണ തായേ.." ചാത്തൻ അവരോടു വിളിച്ചു പറഞ്ഞു.

"ഈ പട്ടീനെ നിങ്ങളെന്തു ചെയ്യും?" ചാത്തൻ അവരോടു ചോദിച്ചു.

"ഇതിനെയെല്ലാം കൊന്ന് അതിൻെറയൊക്കെ എല്ലെടുത്ത് പൊടിച്ച് എല്ലുപൊടിയുണ്ടാക്കും." അതിലൊരുവൻ ചാത്തനോടു പറഞ്ഞു.

കൊല്ലുമെന്നു കേട്ടപ്പോൾ ചാത്തനു കുറച്ചു വിഷമം തോന്നി. ഗോപാലൻ ഇതൊന്നും അറിഞ്ഞിരുന്നില്ല. അവൻ എഴുന്നേൽക്കാൻപോലും നിവൃത്തിയില്ലാതെ കുടിലിനുള്ളിൽ കൂനിക്കൂനി കിടക്കുകയാണ്.

ചാത്തനുൾപ്പെടെയുള്ള ആ കൊച്ചുസംഘം കറമ്പൻെറ അടുക്കലേക്കു നീങ്ങി. കറമ്പൻ പരിഭ്രമിച്ച് എഴുന്നേറേറാടാൻ തുടങ്ങി. ആ പട്ടി വേച്ചു വേച്ച് ഓടി.

"ട്ടെ" ഒരു കരിങ്കൽചില്ല് കറമ്പൻെറ മസ്തകത്തിൽ പതിച്ചു.

"ങ്ങെ.... ....ങ്ങെ.... .... ......", നിലവിളിച്ചുകൊണ്ടു കറമ്പൻ ഓടി.

"ട്ടെ" വീണ്ടും ഒരു കല്ല് കറമ്പൻെറ കാലിൽ തുളച്ചു കയറി.

"ങ്ങെ....ങ്ങെ....ങ്ങെ.... ...." കറമ്പൻ വട്ടം കറങ്ങി താഴെ വീണു. അതിനിടയ്ക്ക് എല്ലാവരും കൂടി അവനെ വളഞ്ഞു. ചാത്തൻ കറമ്പൻെറ അടുക്കൽ ചെന്നു. തനിക്കു സമ്മതമാണെന്നമട്ടിൽ, വാലാട്ടിക്കൊണ്ട് കറമ്പൻ ഒന്നു മൂളി. ചാത്തൻ, കറമ്പനെ നാലറകളുള്ളതായ ആ വണ്ടിക്കുള്ളിൽ എടുത്തിട്ടു. ആ അഴികൾക്കിടയിൽകൂടി ചാത്തനെ നോക്കി ആ നായ് മുറുമുറക്കാൻ തുടങ്ങി. മനുഷ്യൻെറ സ്നേഹമില്ലായ്മയെ പഴിക്കുകയായിരുന്നിരിക്കാം ആ നായ്.

ചാത്തൻ എട്ടണയും കൊണ്ട് കുടിലിലെത്തി. എട്ടണകൊടുത്ത് അരിയും മററു സാധനങ്ങളും ചാത്തൻ വാങ്ങിക്കൊണ്ടുവന്നു. അങ്ങനെ, കുറച്ചുനാളായി തീപ്പുക കാണാതിരുന്ന ആ വീട്ടിൽ തീ കത്തിച്ചു.

എഴുന്നേൽക്കാൻ നിവൃത്തിയില്ലാതെകിടന്ന ഗോപാലൻ ആഹാരം കഴിക്കാൻ എഴുന്നേററു. അവൻ ചോറിൻെറ മുമ്പിൽ ഇരുന്നപ്പോഴാണ് തന്നെപ്പോലെ പട്ടിണി കിടന്ന കറമ്പൻെറ കാര്യം ഓർത്തത്. അവൻ തനിക്കു കിട്ടിയ ചോറിൽ പകുതി ഭാഗം കറമ്പനായി എടുത്തുകൊണ്ട് കുടിലിനു വെളിയിൽ ഇറങ്ങി. കറമ്പനെ അവിടെയെങ്ങും അവൻ കണ്ടില്ല. (ആ പട്ടി മൃതിയടഞ്ഞിരിക്കുമെന്ന് അവനുണ്ടോ അറിയാൻ പോകുന്നു.)

"കറമ്പാ .... ....കറമ്പാ.... .... കറമ്പാ.... ......"

പതറിയ സ്വരത്തിൽ ഗോപാലൻ നീട്ടി വിളിച്ചു.

"അച്ഛാ!.... .... കറമ്പനെ കാണാനില്ല." അവൻ ചാത്തനോടു പറഞ്ഞു.

"കറമ്പനെ .... ....എട്ടണക്ക് .... .... വിററെടാ മോനെ...." ചാത്തൻ വിക്കി വിക്കി പറഞ്ഞു.

"അയ്യോ! എൻെറ കറമ്പൻ!...." അതൊരു നിലവിളിയായിരുന്നു. ഗോപാലൻ നിന്നനില്പിൽ മറിഞ്ഞുവീണു. കറമ്പനുവേണ്ടിക്കൊണ്ടു വന്ന ചോറ് നാലുപാടും ചിതറിവീണു. ദയയില്ലാത്ത അർക്കൻെറ ഉഗ്രമായ രശ്മികൾ അപ്പോഴും അവിടെ പതിച്ചിരുന്നു.

Mar Ivanios College Library

# സാമൂഹ്യ ശാസ്ത്രീയ പഠനക്യാമ്പ്

## (സി. ഗോപാലകൃഷ്ണൻ നായർ)

**'ണീം',** 'ണീം'—ആദ്യമണിയടിച്ചു. പ്രഭാതത്തിലെ പ്രഥമ പരിപാടിക്കുള്ള ആഹ്വാനമാണതു്. എല്ലാം കഴിഞ്ഞ് ചൂടുള്ള ആ ഗ്ലാസ്സ് ചുണ്ടോട് അടുപ്പിച്ചപ്പോഴാണ് അടുത്ത മണി. ഞങ്ങൾക്ക് വല്ലാത്ത ദേഷ്യം വന്നു. "ഈ സാറിനു് ഉറക്കവും ഇല്ലേ?" ആരോ പിറുപിറുക്കുന്നു. ശരിയാണു്! മണി ആറേ ആയുള്ളൂ. അതിനുമുമ്പ് ആ സ്കൂൾ അങ്കണത്തിൽ നിരന്നോളണമെന്നു്! ആ ആജ്ഞ ഞങ്ങളുടെ പ്രഥമാദ്ധ്യാപകൻ മണിയടിച്ച് പ്രഖ്യാപനം ചെയ്യുകയാണ്. ഞങ്ങൾ സ്കൂൾ അങ്കണത്തിൽ ചെന്നപ്പോൾ വിസ്മയിച്ചുപോയി. പെൺകുട്ടികൾ എല്ലാം തയ്യാറായി നില്ക്കുന്നു. ചെറിയാൻ സാറും ശങ്കർ സാറും രംഗത്തുണ്ടു്. നിശ്ശബ്ദമായ അന്തരീക്ഷത്തിൽ ശങ്കർ സാറ് ഞങ്ങളുടെ ആത്മാഭിമാനത്തിന്റെ പതാക–ദേശീയപതാക–ഉയർത്തി. മമ്മട്ടിയും ചട്ടിയും കുന്താലിയും എടുത്തുകൊണ്ടു് എല്ലാവരും നിരനിരയായി നിരന്നുകഴിഞ്ഞു. പട്ടാളച്ചിട്ടയിൽ അദ്ധ്വാനത്തിന്റെ മഹിമയെ കുറിക്കുന്ന പാട്ടുപാടി ഞങ്ങൾ മുന്നോട്ടു നീങ്ങി. പ്രചോദനാത്മകമായ ആ ഗാനത്തിന്റെ ഈരടികൾ അന്തരീക്ഷത്തിലേയ്ക്കു് ഉയർന്നപ്പോൾ വഴിവക്കിലുള്ള വീട്ടിൽനിന്നും വീട്ടുകാർ ഞങ്ങളെ അത്യാകാംക്ഷയോടെ നോക്കി.

കൃത്യം 6½ ക്ക് ഞങ്ങൾ പ്രവർത്തനരംഗത്തു ചെന്നപ്പോൾ ഞങ്ങളോടൊപ്പം അദ്ധ്വാനിക്കാൻ ആ നാട്ടിലെ നല്ലൊരു ശതമാനം യുവാക്കൾ നില്പുണ്ടായിരുന്നു. സാമൂഹ്യസേവന കേന്ദ്രത്തിനുവേണ്ട ഒരു കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം നിരപ്പാക്കുക എന്നുള്ളതായിരുന്നു ഞങ്ങളുടെ പരിപാടി. കുണ്ടും കുഴിയും പിടിച്ചു കിടക്കുകയാണ് ആ സ്ഥലം മുഴുവൻ. ആ കുഴികൾ നികത്താനുള്ള മണ്ണ് അടുത്തുള്ള ഭാരതപ്പുഴയുടെ തീരത്തുതന്നെയുണ്ടു്. ചട്ടിയിൽ മണ്ണുനിറച്ച് കൈകളിലൂടെ കടന്നാൽ ലക്ഷ്യത്തിൽ എത്തിച്ചേരും. മൂന്നു നിരയായി ആളുകൾ നിരന്നു. ശങ്കർ ഒരുചട്ടി മണ്ണ് ചുമന്നതോടുകൂടി ആ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനകർമ്മം നിർവ്വഹിക്കപ്പെട്ടു. ഉഷാറായ പ്രവർത്തനം! ചട്ടിനിറയെ മണ്ണ് തൂലികപിടിക്കുന്ന കയ്യിൽനിന്നും താരാട്ടുപാടേണ്ട കയ്യിലേക്കും, അതു് അവിടെനിന്നും ലക്ഷ്യത്തിലേയ്ക്കും പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ ആവേശകരമായ ആ പ്രവർത്തനം 6½ മുതൽ 9 മണിവരെ നീണ്ടുനിന്നു. നിത്യവും ആദ്യപരിപാടിയായി അതു് തുടർന്നുകൊണ്ടിരുന്നു.

"സാർ, അടുത്ത പരിപാടി എന്താണു്?" ആരോ ചോദിച്ചു. 'Social Survey' ചെറിയാൻ സാറ് തന്റെ സ്വതഃസിദ്ധമായ പുഞ്ചിരിയോടുകൂടി പ്രഖ്യാപനംചെയ്തു. കുളിച്ച് ഒരുങ്ങി ഞങ്ങളാ ഗ്രാമത്തിലേയ്ക്കു് കടന്നു. വീടുതോറും ഓരോ ബാച്ചായി ഞങ്ങൾ കയറിഇറങ്ങുകയാണ്. ജനങ്ങളുടെ ജീവിതനിലവാരത്തെക്കുറിച്ചുള്ള കണക്കെടുക്കലാണ് ഞങ്ങളുടെ ഉദ്ദേശം. ഞങ്ങളുടെ പഠനവിഷയമായ Sociology യുടെ ഒരു ഭാഗമാണ്. ഓരോ ബാച്ചുകാർക്കും നന്നാല് വീടാണുള്ളതു്. നാലു വീടുകൾ കയറിയിറങ്ങിയപ്പോൾ സൂര്യൻ ഞങ്ങളുടെ തലമുകളിൽ വന്നു ചരിഞ്ഞുകഴിഞ്ഞിരുന്നു. ഉച്ചയ്ക്കു് ഊണ് കഴിഞ്ഞ് അല്പം വിശ്രമിക്കാമെന്നു് വിചാരിക്കുമ്പോഴാണ് അടുത്ത മണിയടി. സാമൂഹ്യസേവന കേന്ദ്രങ്ങൾ സന്ദർശിക്കാൻ തയ്യാറെടുക്കാനുള്ള മുന്നറിയിപ്പാണ്. ഖാദി ഗ്രാമോദ്ധാരണകേന്ദ്രങ്ങളും വനിതാസമാജ കേന്ദ്രങ്ങളും ഇതിൽ ഉൾപ്പെടും.

ജീവിതം പിടഞ്ഞു് എഴുന്നേൽക്കുകയാണ് എന്നും. എമ്പാടും നവചൈതന്യം ഒളിവീശുകയാണ്.

സാമൂഹ്യസേവന കേന്ദ്രങ്ങളിൽ ഞങ്ങളെ ഏററവും അധികം ആകർഷിച്ചതു കുഴൽമന്ദനുള്ള Dr. മിസ്സ്. മാമ്മൻെറ അനാഥാലയവും അതിനോടു് അനുബന്ധിച്ചുള്ള ആശുപത്രിയുമാണ്. അവശന്മാരും ആർത്തന്മാരുമായവരുടെ ആശാകേന്ദ്രമാണതു്. പ്രതിഫലേച്ഛ അല്പംപോലും തീണ്ടിയിട്ടില്ലാത്ത ആ ഡാക്ടർ ഏവക്കും ഒരു ഉത്തമമാതൃകയാണ്. "ഈ സ്ഥാപനം എങ്ങനെയാണ് നടത്തുന്നതു്?" ഞങ്ങളിൽ ഒരാൾ ചോദിച്ചു. കണ്ണടച്ചു് ഭക്തിപുരസ്സരം മേല്പോട്ടുനോക്കി കൈക്കൂപ്പുകമാത്രമാണവർ ചെയ്തതു്. അങ്ങ് അനന്തതയിൽ കഷ്ടപ്പെടുന്നവക്കു് നിതാന്ത സഹചാരിയായി ഒരാളുണ്ടു്; അവരെ സാന്ത്വനപ്പെടുത്താൻ, അവരുടെ കണ്ണുനീർ ഒപ്പാൻ. ആ മഹത്തായ ചൈതന്യമിതല്ല, ആ അഗോചരമായ സത്യം, അതാണ് ആ സ്ഥാപനത്തെ. ദൈനംദിനം ഭരിക്കുന്നതെന്നു് ഓർത്തപ്പോൾ അശരണരോടു് അവിടത്തേയ്ക്കുള്ള അകമഴിഞ്ഞ കൃപയ്ക്കു മുൻപിൽ ഞങ്ങൾ കൈക്കൂപ്പിപ്പോയി. "ദൈവത്തിനു സ്തോത്രം, ദൈവത്തിനു സ്തോത്രം" എന്നുള്ള ഭക്തിമയമായ പ്രാർത്ഥനാഗീതം എല്ലാവരുംകൂടി പാടിയപ്പോൾ ആ അനശ്വരമായ കാന്തിവിശേഷം ആ അന്തരീക്ഷത്തിൽത്തന്നെ തങ്ങിനില്പുണ്ടെന്നു് ഞങ്ങൾക്കുതോന്നി.

ഞങ്ങളെ ആവേശംകൊള്ളിച്ച ഒരു സ്ഥാപനത്തെക്കുറിച്ചു് അല്പം കുറിക്കട്ടെ. 'പേരൂർസദനം' എന്നപേരിൽ അറിയപ്പെടുന്നതാണ് ആ സ്ഥാപനം. ശ്രീമാൻ കുമാർ ആണ് അതിൻെറ ജീവനും നാഡിയും. സ്വാതന്ത്ര്യസമരകാലത്തു് താൻ ജയിലറയിൽ കിടക്കുമ്പോൾ തനിക്കുണ്ടായ സ്വപ്നം സാക്ഷാത്കരിച്ചതാണ് ഇതെന്നു് അദ്ദേഹം പറയുകയുണ്ടായി. അഞ്ചോ ആറോ ചക്കുകൊണ്ടാരംഭിച്ച ആ സ്ഥാപനം ഇന്നു് വളന്നു് മലബാറിൽ മാത്രമല്ല, കേരളത്തിൽ മുഴുവൻ രോമാഞ്ചം ജനിപ്പിച്ചുകൊണ്ടു് പരിലസിക്കുന്നു. കടലാസ്, സോപ്പ്, ഖദർ, പായ്, മൺകലം, ചക്ക മുതലായവ അവിടെ ഉണ്ടാക്കുന്നുണ്ടു്. അതിനോടു് അനുബന്ധിച്ചു് കഥകളിയും സംഗീതവും പഠിപ്പിക്കുന്ന വിദ്യാലയവും ഉണ്ടവിടെ. അവിടുത്തെ കഥകളി അദ്ധ്യാപകനാണ് ഇത്തവണ പ്രസിഡൻറിൽനിന്നുള്ള അവാർഡ് കിട്ടിയതു്. തൻെറ ലക്ഷ്യത്തെ മുൻനിറുത്തികൊണ്ടു് ആത്മാർത്ഥമായി അഹോരാത്രം പ്രവർത്തിക്കുന്ന ആ ത്യാഗിവര്യൻെറ മഹനീയമായ, ക്രിയാത്മക പ്രവർത്തനങ്ങൾ ഞങ്ങളെ കോൾമയിർ കൊള്ളിച്ചു.

പറളിയിൽ ഒന്നുരണ്ടു് വലിയ ഫാക്ടറികളുണ്ടു്. ഒരു Tile works-ഉം. ഇരുമ്പ് ഉരുക്കു് ഉപകരണങ്ങൾ ഉണ്ടാക്കുന്ന കുമാർ ഇൻഡസ്ട്രീസും. ഇതു് രണ്ടും ഞങ്ങൾ സന്ദർശിച്ചു. Industrial Relations എന്ന വിഷയത്തിൻെറ ഒരുഭാഗവുമാണതു്. ഇവിടെ കാണുന്നതുപോലെ കൊടിപിടുത്തമോ കത്തിയിരുപ്പോ അവിടെയില്ല തങ്ങളുടെ കർത്തവ്യത്തെക്കുറിച്ചു് തൊഴിലാളിക്കും മുതലാളിക്കും പൂർണ്ണബോദ്ധ്യമുണ്ടു്.

മലമ്പുഴ അണക്കെട്ടു് ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. പോകുന്ന വഴിക്കു് പുതിയ ഒരു പ്രസാദവും ഐശ്വര്യവും കാണാൻ ഞങ്ങൾക്കു് കഴിഞ്ഞു. ഉണങ്ങി വരണ്ടുകിടന്ന പാലക്കാടു് ഇന്നു് പുഞ്ചിരിപൊഴിച്ചു് നില്ക്കുന്നു. കരിഞ്ഞുണങ്ങിക്കിടന്ന നിലങ്ങൾ പച്ചപ്പരവതാനിയുടുത്തു് തെങ്ങിനില്ക്കുന്നു. ദേശീയസമ്പാദ്യപദ്ധതിയെക്കുറിച്ചു് മുൻദിവസം അരവിന്ദാക്ഷമേനോൻ പ്രസംഗിച്ചതു് ഞങ്ങൾ ഓർത്തുപോയി.

'നിങ്ങൾ കൊടുക്കുന്ന ഓരോ കാശും ഈ രാഷ്ട്രത്തിൻെറ നിർമ്മാണപ്രവർത്തനങ്ങൾക്കാണ്. ഐശ്വര്യസമ്പൂർണ്ണമായ ഒരു ഭാരതം കെട്ടിപ്പടുക്കുകയാണ് അതിൻെറ ലക്ഷ്യം'.

25—ാനു തുടങ്ങിയ ക്യാമ്പ് 30-ാനു അവ




# കള്ളട്രെയിൻ

## (എസ്. മഹാദേവൻ III D. C.)

അലക്ഷ്യമായി ഞാൻ ടിക്കററ്കളക്ടറെ ഒന്നു നോക്കി. ഞാനെന്തിനു് അയാളെക്കണ്ടു് ഭയപ്പെടണം? എല്ലാ പ്രാവശ്യവും പോലെ ടിക്കററില്ലാതെയാണോ ഞാനിപ്പോൾ യാത്ര ചെയ്യുന്നതു്? അല്ലല്ലോ! കാശു കൊടുത്തല്ലേ ടിക്കററു് വാങ്ങിച്ചിരിക്കുന്നതു്? ആ ധൈര്യത്തിൽ ഞാൻ നിവർന്നിരുന്നു് അയാളെ സൂക്ഷിച്ചു നോക്കി. പക്ഷേ അയാളോ? ഞാനിരുന്ന വശത്തേക്കു തിരിഞ്ഞതേയില്ല! എന്നെ ഗൗനിക്കാത്ത മട്ടിൽ അയാൾ പ്ളാററ്ഫോമിന്റെ മറെറാരു വശത്തേക്കു പൊയ്ക്കൊണ്ടിരുന്നു.

കള്ളട്രെയിൻകയറാൻ ഞാൻ മിടുക്കനാണു. ഓടിക്കൊണ്ടിരിക്കുന്ന വണ്ടിയിൽ ചാടിക്കയറാനും അതേപോലെതന്നെ ഇറങ്ങാനും എനിക്കു നല്ല പരിചയം ഉണ്ടു്. പലപ്പോഴും കൊല്ലത്തുനിന്നും തിരുവനന്തപുരത്തേക്കു് ടിക്കററില്ലാതെ ഞാൻ യാത്ര ചെയ്തിട്ടുണ്ടു്. ആർക്കാണു് എന്നെ പിടിക്കാൻ കഴിഞ്ഞിട്ടുള്ളതു്?

കൊല്ലമാണു് എന്റെ സ്വദേശം. പക്ഷേ 42 മൈൽ അകലെയുള്ള തിരുവനന്തപുരത്താണു് എന്നെ അധികവും കാണാറുള്ളതു്. എനിക്കു് സ്ഥിരമായ ജോലി ഒന്നും തന്നെ ഇല്ല. ചില ദിവസങ്ങളിൽ കൂലിവേല ചെയ്യും. പെട്ടെന്നു്, ഒരു മുതലാളി എന്ന മട്ടിൽ വല്ല സാധനവും തെരുവിൽ കൊണ്ടുനടന്നു് വിൽക്കും. മററു ചില അവസരങ്ങളിൽ നാലു മുഴം മുണ്ടു്, ഹാഫ്ഷർട്ടു്, ഒരു നാടൻ തോർത്തു്, കുറേ ബീഡി ഇവയുമായി വല്ല മുറുക്കാൻകടയുടെ നടയിലും എന്നെ കാണാവുന്നതാണു്. കൊല്ലത്തോ, തിരുവനന്തപുരത്തോ എനിക്കു് സ്ഥിരമായ വീടുകളൊന്നുമില്ല. എന്റെ സ്വത്തുക്കൾ മുഴുവൻ ഒരു ചെറിയ പെട്ടിക്കകത്താണു്. പറയത്തക്ക ബന്ധുമിത്രങ്ങളാരും തന്നെയില്ല. ഞാൻ ഒററയാണു്.

ഇങ്ങനെ ബാഹ്യലോകത്തിൽനിന്നും വിടത്തപ്പെട്ടു് ഒരു സന്യാസിയെപ്പോലെ അലഞ്ഞുതിരിഞ്ഞു നടന്ന ഞാൻ ഒരിക്കൽ രോഗപീഡിതനായി. ഭയങ്കരമായ വില്ലൻചുമ എന്നെ ബാധിച്ചു. അതിൽനിന്നും എനിക്കു എളുപ്പത്തിൽ രക്ഷപ്പെടാൻ കഴിഞ്ഞില്ല. വളരെ താമസിയാതെ ഞാൻ കൊല്ലം ആശുപത്രിയെ അഭയം പ്രാപിച്ചു. രണ്ടു മാസ

---

സാനിച്ചു. ചർച്ചാക്ലാസ്സുകളും, പ്രസംഗങ്ങളും, കലാപരിപാടികളും, മററും മററുമായി ദിവസങ്ങൾ കഴിച്ചുകൂട്ടി. ആ ദിവസങ്ങൾ പോയതറിഞ്ഞില്ല. പറളിയിലെ ആളുകളുടെ സേവനവും സഹകരണവും ഞങ്ങളെ അവരോടു് കൃതജ്ഞപ്പിച്ചു. അവരെ മനസ്സിലാക്കാനും സ്നേഹിക്കാനും തുടങ്ങിയതേയുള്ളു; അതിനുമുമ്പു് അവരിൽ നിന്നും അകലേണ്ടിവന്നു. ഒരു ക്യാമ്പിന്റെ മനംമയക്കുന്ന മധുരിമ അയവിറക്കിക്കൊണ്ടു് ഞങ്ങൾ 45 പേർ ട്രെയിനിൽ കയറിയപ്പോൾ ഞങ്ങളോടൊപ്പം സഹകരിച്ചു് പ്രവർത്തിച്ച പറളിയിലെഉത്സാഹശീലരായ മനുഷ്യർ 'റാ' 'റാ' പറഞ്ഞു. ട്രെയിൻ അനങ്ങി നീങ്ങിയപ്പോൾ അവരുടെ മുഖത്തു് ഒരു നേരിയ ശോകച്ഛായ നിഴലിക്കുന്നതു് കാണാമായിരുന്നു.

—o—

Mar Ivanios College Library

ത്തോളം അവിടെ കഴിച്ചുകൂട്ടേണ്ടതായിവന്നു. ഈ ചെറിയ കാലാവധിയിൽ എന്റെ ശരീരം വളരെ ശോഷിച്ചു പോയി. എക്സ്റേയുടെ സഹായമില്ലാതെതന്നെ എന്റെ ശരീരത്തിലെ എല്ലു ഏവക്കും എണ്ണാമെന്നുള്ള നിലയിൽ ഞാനെത്തി. വല്ലവിധേനേയും ഞാൻ ആശുപത്രിയിൽനിന്നും വിമോചിതനായി. "ഇനി എന്തു ചെയ്യണം? എങ്ങോട്ടു പോകണം?" എന്നൊന്നും വിചാരിച്ചു ഞാൻ ഖേദിച്ചില്ല അന്നു വൈകിട്ടുതന്നെ അവിടെ നിന്നും തിരുവനന്തപുരത്തേയ്ക്കു തിരിച്ചു.

കട കടാ...കട കടാ...കട കടാ.... വണ്ടി താളം തെറ്റാതെ ഓടിക്കൊണ്ടിരുന്നു ഇത്രനേരം ചിന്താമഗ്നനായിരുന്ന ഞാൻ കണ്ണുമിഴിച്ച്, വാ തുറന്ന് നീണ്ട ഒരു കോട്ടുവാ വിട്ടു.

"ശരീരത്തിൽ ശേഷി ഉണ്ടെങ്കിൽ ടിക്കററു് എടുക്കാതിരിക്കാമായിരുന്നു. ഓടിക്കൊണ്ടിരിക്കുന്ന വണ്ടിയിൽ നിന്നും ചാടിയിറങ്ങുന്നതു് എത്ര ആപൽക്കരം? നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കുന്നതുവരെ ഇനി ടിക്കററില്ലാതെ യാത്ര ചെയ്യുവാൻ പാടില്ല." ഞാൻ എന്റെ ടിക്കററു് എടുത്തു് ഒന്നു നോക്കി. പോക്കററിൽ കിടന്ന ചില്ലറക്കാശുകളെയെടുത്തു് എണ്ണി നോക്കി. ടിക്കററും ചില്ലറയും വീണ്ടുംപോക്കററിൽത്തന്നെ നിക്ഷേപിച്ചിട്ടു യാദൃച്ഛികമായി താഴോട്ടു നോക്കിയ ഞാൻ ഒന്നു ഞെട്ടി! ഞാനിരുന്ന സീററിന്റെ അടിയിൽനിന്നും ഒരാൾ റബ്ബർ വളയണിഞ്ഞ ഒരു വെളുത്ത കൈ നീട്ടിക്കൊണ്ടിരുന്നു!

ഞാൻ ചാടി എണീററു. ആ കമ്പാർട്ടുമെറിൽ ഞാൻ മാത്രമാണുള്ളതെന്നായിരുന്നു എന്റെ ധാരണ! എന്നെക്കണ്ട മാത്രയിൽ സീററിന്റെ അടിയിൽ ചുരുണ്ടുകൂടിക്കിടന്ന ഒരു ചെറിയ പെൺകുട്ടി അവിടെനിന്നും വെളിയിൽ വന്നു. ഞാൻ അവളെ ഒരു പ്രാവശ്യം ശരിക്കു നോക്കി. അവൾക്കു് ഉദ്ദേശം ഒൻപതു വയസ്സു പ്രായം വരും. തലമുടി കഴുത്തുവരെ നീണ്ടിരുന്നു. പുതുനിറം. കീറിയ പാവാടയും, ഒരു പഴയ ജമ്പറും അവൾ ധരിച്ചിരുന്നു. സാധുവായ ഒരു പെൺകുട്ടിയാണെന്ന് എന്നു് ഒററ നോട്ടത്തിൽ മനസ്സിലായി.

"എവിടേയ്ക്കാ കുഞ്ഞേ?" ഞാൻ ചോദിച്ചു.

"തിരുവനന്തപുരത്തേയ്ക്കു." അല്പം മടിയോടെ അവളുടെ ചുണ്ടുകളിൽ നിന്നും വാക്കുകൾ പുറത്തു വന്നു.

ടിക്കററു് വാങ്ങിച്ചില്ലേ?" ചോദ്യത്തിൽ ഞാൻ അധികാരം ധ്വനിപ്പിച്ചില്ല.

"അതെ, വാങ്ങിയില്ല."

മറുപടി ഞാൻ പ്രതീക്ഷിച്ചതായിരുന്നു. എങ്കിലും എന്തുകൊണ്ടോ എനിക്കാചോദ്യം ചോദിക്കണമെന്നു തോന്നി.

"ഉം.... കുഞ്ഞിന്റെ പേരെന്താ?"

"പാറുക്കുട്ടി" അല്പം ചിരിച്ചുകൊണ്ടവൾ പറഞ്ഞു.

"ശരി.... എന്തിനാ നിക്കുന്നേ? ഈ ബെഞ്ചിലിരുന്നോളൂ!" ഞാൻ കനിവോടെ പറഞ്ഞു.

അവൾ അല്പം മടിച്ചു. ടിക്കററു് വാങ്ങിച്ചില്ലല്ലോ എന്നുള്ള ഭയം അവളുടെ മുഖത്തിൽ പടന്നിരുന്നു.

"ഇരുന്നോ കുഞ്ഞേ; ടിക്കററു് ചോദിക്കാൻ ഇപ്പം ആരും വരുല്ല. അടുത്ത സ്റ്റേഷനിലേ വരൂ." ഞാൻ അവളെ സമാധാനിപ്പിച്ചു.

അവൾ ഇരുന്നു. മുഖത്തിൽ ഭയത്തിന്റെ നിഴൽ അല്പം മാറിയതുപോലെ തോന്നി. ഞാൻ സംസാരം തുടന്നു:—

"പഠിക്കുവാന്നോ?"

"ഉവ്വ്. നാലാം ക്ലാസ്സ് വരെ പഠിച്ചു. പക്ഷേ ആണ്ടു പരീക്ഷ എഴുതിയില്ല. അതിനുമുമ്പുതന്നെ എന്നെ കൊല്ലത്തേയ്ക്കയച്ചുകളഞ്ഞു!" കരയാത്ത മട്ടിലായിരുന്നു അവളുടെ മറുപടി.

"ഉം?.... എന്തിനു്?...."

"ഒരു എഞ്ചിനീരുടെ വീട്ടിൽ വേലയ്ക്കായിട്ടു. ഇപ്പം അവരൊക്കെ സ്ഥലം മാറിപ്പൊയ്ക്കളഞ്ഞു. എന്നെ പറഞ്ഞയയ്ക്കുകയും ചെയ്തു" അവൾ കരയുന്നതായിട്ടെനിക്കു തോന്നി.

"അവരു് നിനക്കു കാശൊന്നും തന്നില്ലേ?"

ഞാൻ ചോദിച്ചു.

"ഉം.....തന്നു. രണ്ടു രൂപാ തന്നു."

"പിന്നെന്താ കുഞ്ഞേ, ടിക്കററു വാങ്ങാഞ്ഞതു്?" അവൾ തല കുനിച്ചു. അല്പം നേരം കഴിഞ്ഞു അവൾ തന്നെ തുടർന്നു:—

"വീട്ടിൽ അച്ഛനു് സുഖക്കേടാണു്. അതാ ഞാൻ ടിക്കററു് വാങ്ങാഞ്ഞെ്." അവളുടെ കണ്ണുകൾ കലങ്ങി. ആ ചോദ്യം ചോദിച്ചതിനു ഞാൻ എന്നെത്തന്നെ ശപിച്ചു.

"അച്ഛനു് എന്താ ജോലി?"

"ഒന്നുമില്ല. കൊല്ലത്തു് പാറ തല്ലുന്ന ജോലിയുണ്ടായിരുന്നു. ഒരിക്കൽ പാറ തല്ലിയപ്പം കല്ലു തെറിച്ചു കണ്ണു പൊട്ടിപ്പോയി. ഇപ്പം അച്ഛൻ കിടപ്പിലാ. അമ്മയാ കൂലി വേല ചെയ്യുന്നേ...."

അതു കേട്ടിട്ടു് എനിക്കു സഹിച്ചില്ല. എന്റെ മനസ്സു് വല്ലാതെ വേദനിച്ചു. അല്പം ഇടറിയ തൊണ്ടയിൽ ഞാൻ വീണ്ടും ചോദിച്ചു:—

"വല്ലതും കഴിച്ചോ കുഞ്ഞേ?"

"ഇല്ല. വീട്ടിപ്പോയിട്ടു വേണം.... .... ...." അവൾ ചിരിച്ചുകൊണ്ടാണു് പറഞ്ഞതെങ്കിലും അവളുടെ കണ്ണുകൾ കലങ്ങിത്തന്നെ ഇരുന്നു. എനിക്കതു കാണാൻ കഴിയാതെ ഞാൻ മുഖം തിരിച്ചു.

ഈ ഗതികേടിനാരെ കുററം പറയാനാ? ആദരവില്ലാത്ത ആ കുടുംബത്തെ ഇനി രക്ഷിക്കുന്നതാരാണു്?

തുടരെത്തുടരെ ചോദ്യങ്ങൾ എന്റെ മനസ്സിലുദിച്ചുയന്നു. എന്നെപ്പോലുള്ള മടിയന്മാർ ഇതുപോലത്തെ കുടുംബങ്ങൾക്കായി കഷ്ടപ്പെട്ടാലെന്താണു്? എന്നെക്കൊണ്ടു് അതും ആവില്ലാ എന്നു വിചാരിച്ചു ഞാൻ തന്നെ ത്താൻ ചിരിച്ചു.

ഞാൻ വെളിയിലേക്കു നോക്കി. വണ്ടി ഇടവാ സ്റ്റേഷനെ സമീപിച്ചുകൊണ്ടിരുന്നു. ഈ സ്റ്റേഷനിൽ നിന്നു പാറുവിനെന്തെങ്കിലും വാങ്ങിച്ചു കൊടുക്കണം. ഞാൻ വിചാരിച്ചു.

വണ്ടി സ്റ്റേഷനിൽ പാഞ്ഞു കയറി നിന്നു. ഫ്ളാററു ഫാറത്തിൽ വല്ലാത്ത ആൾത്തിരക്കു്. ഞാൻ ഇരുപ്പിടത്തിൽ നിന്നും മാറാതെ വെളിയിലെന്തെങ്കിലും കിട്ടുമോ എന്നു നോക്കി. പക്ഷേ ഒന്നും തന്നെ കണ്ടില്ല. അടുത്ത സ്റ്റേഷനിലാകട്ടെ. അവളും തിരുവനന്തപുരം വരെ ഉണ്ടല്ലോ. ഞാൻ സമാധാനിച്ചു

ഞങ്ങൾ ഇരുന്ന കമ്പാർട്ടുമെൻറു നിറഞ്ഞു. കുറെപ്പേർ സ്ഥലം കിട്ടാതെ നില്ക്കുന്നുണ്ടായിരുന്നു. ധൃതിയിൽ ഒരു സ്ത്രീ ഒരു കൊച്ചു പയ്യനുമായി വണ്ടിയിൽ തള്ളിക്കയറി. തീവണ്ടി ചൂളം വിളിയോടേ അവിടെ നിന്നും പുറപ്പെട്ടു.

ഞാൻ ആ സ്ത്രീയെ—യുവതി എന്നു പറയുന്നതായിരിക്കും കുറേക്കൂടെ ശരി—സൂക്ഷിച്ചു നോക്കി. പരിഷ്കൃതരീതിയിലായിരുന്നു അവളുടെ ഡ്രസ്സു്. വയസ്സു ഇരുപതോളംവരും. ഇളം ചുവപ്പു നിറം. ഏവരേയും ആകർഷിക്കാനുള്ള ഒരു കഴിവു് അവൾക്കുള്ളതായി എനിക്കു തോന്നി. പയ്യനും ചൊടിയുള്ളവനായി കാണപ്പെട്ടു.

കട കടാ....കട കടാ....കട കടാ.... വണ്ടിയുടെ വേഗം കൂടിത്തുടങ്ങി. പയ്യനാകട്ടെ സദാ ചലിച്ചുകൊണ്ടിരുന്നു. അവനു എഴു വയസ്സോളം പ്രായം വരും. പെട്ടെന്നു് അവൻ പറഞ്ഞു:—

"ചേച്ചീ, ചേച്ചീ, ഞാൻ ആ ജന്നലിന്റെ അടുത്തിരിക്കും." അവൻ തന്റെ ആഗ്രഹം വെളിപ്പെടുത്തുകയും അതു നടപ്പിലാക്കാൻ മുതിരുകയും ചെയ്തു.

പക്ഷേ, പയ്യൻ പറഞ്ഞ ജന്നലിന്റെ അടുത്തു് പാറു ഇരിക്കുകയായിരുന്നു. അവൻ പറഞ്ഞതു അവൾ കേട്ടില്ല. അവളുടെ നോട്ടമെല്ലാം വെളിയിലായിരുന്നു. അവളും കൊച്ചുകുട്ടിയല്ലേ!

പയ്യൻ ശഠിച്ചു. സ്ത്രീയുടെ നില സ്വല്പം ശോചനീയമായി. തന്റെ അനിയത്തിയുടെ പ്രായം വരുന്ന ആ ബാലികയെ മാററിയിട്ടു് പകരം അവനെ ഇരുത്താനുള്ള മനക്കരുത്തു് അവൾക്കുണ്ടായില്ല. എങ്കിലും അവൾ അധികാരത്തിൽ വിളിച്ചു:—

"പെണ്ണേ!"

പാറു തന്റെ തല ഉള്ളിലേക്കു വലിച്ചു.

Mar Ivanios College Library

"കൊറച്ചിങ്ങോട്ട മാറിസ്സേ. ഇവൻ അവിടൊന്നിരുന്നോട്ടെ". യുവതി പറഞ്ഞുതീർത്തു.

പാറുക്കുട്ടി അനങ്ങുന്ന മട്ടില്ല. പ്രകൃതിസൗന്ദര്യത്തിൽ മുഴുകിയിരുന്ന അവൾക്കു് ആ സ്ഥലം വിട്ടുകൊടുക്കാനുള്ള ത്യാഗബുദ്ധി അപ്പോഴുണ്ടായിരുന്നില്ല. വീണ്ടും അവളുടെ തല വെളിയിലേക്കു നീണ്ടു.

പാറുക്കുട്ടിയുടെ മനോഭാവം കണ്ടു് ഒരു വയസ്സൻ യുവതിയോടായി, "അവളും കുഞ്ഞല്ലേ, എങ്ങനെ അവിടെ വിട്ടു മാറും? ഞാൻ വേണമെങ്കിൽ മാറിത്തരാം. പയ്യനെ ഇവിടെയിരുത്തു" എന്നു പറഞ്ഞിട്ടു് എഴുന്നേററു.

"എനിക്കുവിടെ വേണ്ട. ഇവിടെത്തന്നെ എനിക്കിരിക്കണം." പയ്യൻെറ ശാഠ്യം അല്പം കടന്നതായിരുന്നു. വയസ്സൻെറ 'പ്ളാൻ' പററിയില്ല. അയാൾ ഇരുന്നു.

"ആരു പറഞ്ഞു കൊച്ചുപെണ്ണെന്നു്? അവൾ ഇത്ര നേരം അവിടെയിരുന്നില്ലേ? ഇനി ഈ പയ്യനു് മാറിക്കൊടുത്താലെന്താ? അമ്പടാ അവളുടെ ഇരിപ്പു് കണ്ടില്ലേ! എന്തൊരു വൃത്തികെട്ട ജന്തുക്കളോ എന്തോ" ഒരു ചെറുപ്പക്കാരൻ ആ യുവതിക്കു് വക്കാലത്തുവാങ്ങി. അവൻ കൂടെക്കൂടെ യുവതിയെ തന്നെ നോക്കിക്കൊണ്ടിരുന്നു. അയാളുടെ പറച്ചിൽ ഒരുത്തർക്കും തന്നെ രസിച്ചില്ലെങ്കിലും ആരും ഒന്നും പറഞ്ഞില്ല. ആ യുവതിയോടായി അവൻ അല്പം 'അടുക്കുന്നു' എന്നു മാത്രം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു.

എഞ്ചിനിൽ നിന്നും പുറപ്പെട്ട ആ ചൂളം വിളി എല്ലാവരുടെയും ചെവികളിൽ ഓളം തല്ലി. കണിയാപുരം സ്റ്റേഷനിൽ വണ്ടി നിന്നു. പാറുവിനു് ഒരണയ്ക്കു ഞാൻ ബിസ്കററു് വാങ്ങിക്കൊടുത്തു. സ്റ്റേഷനിലെ വെളിച്ചത്തിൽ പ്ളാററുഫാറത്തിൻെറ ഒരററത്തുനിന്നും ടിക്കററു് കളക്ടർ വരുന്നതു കണ്ടു. പാറുവും അയാളെ കണ്ടിരിക്കണം. അവൾ ഇരിടപ്പത്തിൽനിന്നും ചാടി എഴുന്നേററു് എൻെറ അടുത്തു വന്നു ചേർന്നു നിന്നു. പയ്യൻ ഇതുതന്നെ സമയം എന്നു കരുതി ഓടിച്ചെന്നു് ആ സീററിലിരുന്നു കൈ കൊട്ടിച്ചിരിച്ചു..

പാറുവിൻെറ മുഖത്തു് വല്ലാത്തൊരു ഭീതി. "ചേട്ടാ, ചേട്ടാ, അയാൾ വരുന്നു" അവൾ പതുക്കെയാണതു പറഞ്ഞതെങ്കിലും ചെറുപ്പക്കാരൻെറപാമ്പുറച്ചെവികളിൽ അതെത്തിയെന്നു എനിക്കു തോന്നി! ഞാൻ വെളിയിലേയ്ക്കു നോക്കി. അവൾ ഉദ്ദേശിച്ച ആൾ അവളെ കൂടെക്കൂടെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു. ആ മനുഷ്യൻ-അതേ ആ ടിക്കററു കളക്ടർ തന്നെ—ഞങ്ങളുടെ കമ്പാർട്ടുമെൻറിൻെറ എതിരിൽ വന്നുനിന്നു. ആ നില്പു കണ്ടാൽ, വണ്ടി പുറപ്പെടുമ്പോൾ അയാൾ ഞങ്ങളുടെ കമ്പാർട്ടുമെൻറിൽ തന്നെ കയറുമെന്നു ഏവർക്കും തോന്നും.

"ഓ! വിത് ഔട്ട് ആണല്ലേ! ഉം.... ടിക്കററില്ലാതെ പോകുന്നതിലുമുള്ള ഗൌരവം കണ്ടില്ലേ....അററത്തേ ഇരിപ്പു....അയാൾ ഇവിടെ കേറി വരട്ടെ. ഈ മാതിരിയുള്ള വിത്ഔട്ടുകൾ നാട്ടിനുതന്നെ ദ്രോഹം ചെയ്യുന്നവരാണു്. ഇവരെ വെറുതെ വിടരുതു്." ചെറുപ്പക്കാരൻ ഒരു ചെറിയ പ്രസംഗം തന്നെ നടത്തിയിട്ടു യുവതിയെ നോക്കി ഒന്നു പുഞ്ചിരിച്ചു. പക്ഷേ യുവതിയാകട്ടെ അയാളെ തിരിഞ്ഞു പോലും നോക്കിയില്ല!

വാസ്തവത്തിൽ പാറുക്കുട്ടി ഭയന്നു വിറച്ചുപോയി. അയാളെ രക്ഷിക്കേണ്ടതു് എൻെറ ചുമതലയാണെന്നു് എനിക്കു തോന്നി. പക്ഷേ അതിനു ഒരു മാർഗ്ഗമേയുള്ളൂ. ഞാൻ സ്വയം തീരുമാനിച്ചു.

ഞാനുദ്ദേശിച്ചതുപോലെ ടിക്കററു് പരിശോധകൻ ഞങ്ങളുടെ കമ്പാർട്ടുമെൻറിൽ തന്നെ കയറി. വണ്ടി ഞരങ്ങിത്തുടങ്ങി. ഞാൻ പാറുവിനെ നോക്കി; അവൾ എന്നെയും. അവളുടെ ആ ദയനീയമായ നോട്ടം എന്നെ എന്തെന്നില്ലാതെ വിഷമിപ്പിച്ചു. ഞാൻ പെട്ടെന്നു് എൻെറ ഇരിപ്പടത്തിൽ നിന്നുമെണീററു. പാറുവിനെ അവിടെയിരുത്തി. എൻെറ ടിക്കററു് അവളെ ഏല്പിച്ചിട്ടു് "സൂക്ഷിച്ചോണേ, കേട്ടോ, കളഞ്ഞേക്കരുതു്" എന്നും പറഞ്ഞു് ഒററ നിമിഷത്തിൽ ഞാൻ, സാവധാനത്തിൽ ഞരങ്ങിത്തുടങ്ങിയ വണ്ടിയിൽ നിന്നും ചാടിയി

(ശേഷം 22-ാം പേജിൽ)

Mar Ivanios College Library

# വ്യക്തിയും സമുദായവും

## (വേങ്കവിള, എം. വേലപ്പൻനായർ I. D. C.)

ലോകത്തിലെ ആകമാനം വ്യക്തികൾ അടങ്ങിയ,—ലോകത്തിലേക്കു് ഏററവും വലിയ—സംഘടനയെ 'സമുദായം' എന്ന ചതുർവർണ്ണംകൊണ്ടു് കുറിക്കുന്നു. സമുദായത്തിൻെറ ഏററവും ചെറിയ അംശത്തെ വ്യക്തി എന്നു പറയുന്നു. സമുദായത്തിൻെറ ജീവൻ നിയന്ത്രിക്കുന്നതു് ഈ ചെറിയ വ്യക്തിയാണു്. ഒരു സെല്ലും വൃക്ഷവും തമ്മിലുള്ള വ്യത്യാസമാണു് വ്യക്തിയും സമുദായവും തമ്മിലുള്ളതു്. ഭൂലോകത്തിൻെറ നിലനില്പുതന്നെ ഇവ തമ്മിലുള്ള ഐക്യത്തെ അവലംബിച്ചിരിക്കുന്നു. ലോകത്തിലെ ഏററവും ശാശ്വതമായ സംഘടന മനുഷ്യസമുദായമാണു്. അതു കാലാകാലങ്ങളിൽ വാടിക്കൊഴിഞ്ഞും പൂത്തുതളിർത്തും മുന്നോട്ടു നീങ്ങികൊണ്ടിരിക്കുന്നു.

ഓരോ വ്യക്തിയും തൻെറ ജീവിതസായാഹ്നം വരെ സമുദായ പുനരുദ്ധാരണത്തിനു ശ്രമിക്കും എന്നു പ്രതിജ്ഞ എടുത്തവരായിരിക്കണം. വ്യക്തിയുടെ ജീവിതലക്ഷ്യംതന്നെ സമുദായത്തിനുള്ള നന്മയായിരിക്കണം. "സമുദായത്തിനുവേണ്ടി ഒന്നുംചെയ്യാൻ കഴിയാത്തവൻ ജീവിച്ചിരുന്നിട്ടും മരിച്ചവനു തുല്യമാണു്" എന്നു കബീർ പറഞ്ഞിട്ടുണ്ടു്. അവൻ നികൃഷ്ടനും മൃഗതുല്യനുമാണു്.

ഓരോ വ്യക്തിക്കും സമുദായത്തോടോരോ കടമയുണ്ടു്. ആ കടമയുടെ നിർവ്വഹണമാണു് വ്യക്തിയുടെ ജീവൽപ്രശ്നം. അതുപോലെ സമുദായത്തിനു് വ്യക്തികളോടും ഓരോ കടമയുണ്ടു്. അതിൻെറ നിർവ്വഹണമാണു് സമുദായത്തിൻേറയും പ്രശ്നം. അതിനാൽ വ്യക്തിക്കും സമുദായത്തിനും അഭിപ്രായൈക്യം വേണം. ഏതു സംഘടനയിലായാലും അതിലെ അംഗങ്ങളുടെ സഹകരണം ആവശ്യമാണു്. ആ സഹകരണത്തിനു് സംഘടനക്കും അംഗങ്ങൾക്കും തമ്മിൽ അഭിപ്രായൈക്യം അത്യാവശ്യമാണു്.

സംഘടനക്കും അംഗങ്ങൾക്കും അഭിപ്രായൈക്യം ഉണ്ടാകുന്നതു് പ്രധാനമായും ഈ സംഗതികളെ ആശ്രയിച്ചാണിരിക്കുന്നതു്: ഒന്നാമതായി അംഗങ്ങൾക്കു് സംഘടനയിൽ വിശ്വാസം ഇല്ലെങ്കിൽ ആ സംഘടന ഒരിക്കലും പുരോഗമിക്കുകയില്ല. അതുപോലെ സംഘടനക്കു വ്യക്തികളിലും വിശ്വാസം വേണം. എന്നാൽ മാത്രമേ ആ സംഘടന ജീവിക്കുകയുള്ളു. അപ്രകാരംതന്നെ അംഗങ്ങൾക്കു് സംഘടനയിലും സംഘടനക്കു് അംഗങ്ങളിലും താല്പര്യം വേണം. ഒരംഗത്തിനു് ഒരു സംഘടനയിൽ താല്പര്യം ഇല്ലെങ്കിൽ അയാൾ ആ സംഘടനയിൽ തുടരുന്നതു് നന്നായിരിക്കയില്ല. അതു സംഘടനയെ സാരമായി ബാധിക്കും. അതുപോലെതന്നെ അംഗങ്ങൾക്കു് സംഘടനയോടും സംഘടനക്കു് അംഗങ്ങളോടും ബഹുമാനംവേണം. ഇവ സംഘടനക്കും അംഗങ്ങൾക്കും തമ്മിലുള്ള അഭിപ്രായൈക്യത്തിൻെറ താത്വികമായ മൂന്നു വശങ്ങളാണു്.

വ്യക്തിക്കു് സമുദായത്തോടുള്ള കടമ സൂചിപ്പിക്കുന്ന ഒരു ദൃഷ്ടാന്തമുദ്ധരിക്കാം. രാമൻനായർ ഒരു മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥനാണു്. ഒരുദിവസം അയാൾക്കു് പതിവു് ജോലിക്കാരെ കിട്ടിയില്ല. അയാൾ അതിനാൽ റോഡിലിറങ്ങി അന്വേഷിച്ചു. അപ്പോൾ ഗോപാലൻ എന്നൊരാളെ കിട്ടി. അയാളെ തോട്ടത്തിൽ അയച്ചിട്ടു വീണ്ടും അന്വേഷിച്ചു ഉച്ചയായപ്പോൾ ജോസഫ് എന്നൊരുത്തനെ കിട്ടി. അയാളെയും തോട്ടത്തിൽ അയച്ചിട്ടു വീണ്ടും അന്വേഷിച്ചിറങ്ങി. രണ്ടുമണിയായപ്പോൾ ജാൺസൻ എന്നൊരുവനെയും കിട്ടി. അയാളേയും തോട്ടത്തിൽ അയച്ചിട്ടു രാമൻനായർ വീട്ടിൽപോയി. മൂന്നുമണി

Mar Ivanios College Library

യായപ്പോൾ മുഹമ്മദ് എന്നൊരുവൻകൂടി ജോലിക്കുവന്നു. അയാളേയും ജോലിയിൽ പ്രവേശിപ്പിച്ചു.

മണി അഞ്ചായി. ജോലിക്കാരെയെല്ലാം കൂലി കൊടുക്കാനായി വിളിച്ചു. ആദ്യമായി വിളിച്ചതു ഗോപാലനെയാണ്. "തനിക്കെത്ര രൂപ വേണം?" രാമൻനായർ ചോദിച്ചു. "എനിക്കെവിടെച്ചെന്നാലും രണ്ടുരൂപായാണ് ശമ്പളം. അത്രയും വേണം" അയാൾ പറഞ്ഞു. അയാൾക്കു രണ്ടു രൂപാ കൊടുത്തു. പിന്നീട് ജാൺസനെ വിളിച്ചു. "തനിക്കെത്രരൂപ വേണം? താൻ താമസിച്ചല്ലേ വന്നതു്; അപ്പോൾ കൂടുതൽ ചോദിക്കുന്നതെങ്ങനെ?" അയാൾ പറഞ്ഞു "എനിക്ക് ഒന്നര രൂപ തന്നാൽമതി." അയാൾക്കതു കൊടുത്തു. അടുത്തതായി മുഹമ്മദിനെ വിളിച്ചു ചോദിച്ചു "തനിക്കെന്തുവേണം?" "എനിക്കു ജോലിക്കുപോയാൽ രണ്ടുരൂപ കിട്ടും. എന്റെ ഭാര്യക്ക് കച്ചവടത്തിൽനിന്നും എട്ടണയും. അത്രേം വീട്ടുചെലവിനാവശ്യമുണ്ട്. ഇന്നലെ എനിക്കു ജോലി ഇല്ലായിരുന്നു. ഭാര്യക്കു കിട്ടിയ എട്ടണയും എട്ടണ കടം വാങ്ങിയതും കൊണ്ടാണു ഇന്നലെ കഴിച്ചുകൂട്ടിയതു്" അയാൾ പറഞ്ഞു. "അപ്പോൾ എട്ടണ കടംവീട്ടാനും പിന്നെ രണ്ടരരൂപായും വേണമല്ലേ? അതെടുത്തോളൂ" രാമൻനായർ അനുവദിച്ചു. അതുകണ്ടപ്പോൾ ഗോപാലനശേഷം പിടിച്ചില്ല. താൻ രാവിലെമുതൽ വൈകുന്നേരംവരെ എല്ലുമുറിയെ പണിചെയ്തതിനു രണ്ടുരൂപ; മുഹമ്മദു രണ്ടുമണിക്കൂർ പണിചെയ്തതിനു അയാൾക്ക് മൂന്നുരൂപാ, ഇതെവിടത്തെ നീതി? അയാൾ രാമൻനായരോടു വെട്ടിത്തുറന്നു ചോദിച്ചു. "എനിക്ക് ഒരു പകൽമുഴുവൻ ജോലിചെയ്തപ്പോൾ രണ്ടുരൂപായും ഇയാൾക്ക് രണ്ടുമണിക്കൂർ ജോലി ചെയ്തപ്പോൾ മൂന്നുരൂപായും! ഇതെവിടത്തെ ന്യായമപ്പാ." ഉടനെ രാമൻനായർ പറഞ്ഞു. "ഇതിന്റെ അർത്ഥം ചിന്തിക്കാൻ കഴിയുകയില്ലേ? കഷ്ടമായിപ്പോയി. നിങ്ങൾ ഇന്നത്തെ ആവശ്യത്തിനു ചോദിച്ചതു രണ്ടു രൂപ. അത്ര വേണ്ടു. പക്ഷേ മുഹമ്മദിന് ഇന്നു മൂന്നുരൂപയുടെ ആവശ്യമുണ്ട്. അതു കൊടുത്തു. കാലത്തേ അയാൾ ജോലിക്കു വരാഞ്ഞതു് അയാളുടെ തെററല്ല. അയാൾക്കും അയാളുടെ വീട്ടുകാർക്കും ഇന്നു കഴിച്ചുകൂട്ടകേം വേണം. അതുകൊണ്ടു് നിങ്ങൾക്കു പോകാം." ഗോപാലൻ അവിടെനിന്നു നിശ്ശബ്ദനായി പോയി.

ഇതിൽനിന്നും ആ വ്യക്തി (രാമൻനായർ) സമുദായത്തോടു ചെയ്യു കടമ വ്യക്തമാകുന്നുണ്ട്. അതായതു് വിശപ്പിന്നാഹാരം ഓരോരുത്തരുടേയും ആവശ്യമാണ്. അതു കൊടുക്കേണ്ടതു് ഉള്ളവരുടെ കടമയാണ് അതു സമുദായത്തോടു ചെയ്യേണ്ട കടമയാണ്. കുറേപ്പേർ ദരിദ്രരും കുറേപ്പേർ കുബേരന്മാരും. ആയതു് അവരുടെ കുററമല്ല. അതുകൊണ്ടു് സഹവർത്തിത്വവും സഹതാപവും ദാനശീലവും ഓരോവ്യക്തിക്കും വേണ്ടതാണ്. വ്യക്തിക്ക് വ്യക്തിയെ പുനരുദ്ധരിക്കാൻ കഴിയണം. അങ്ങനെ ആ വ്യക്തി സമുദായത്തോടുള്ള കടമ നിർവഹിക്കുകയാണു് ചെയ്യുന്നതു്.

ഒരു സമുദായത്തിൽ പല തരക്കാരും പല പ്രകൃതിക്കാരും കാണും. തൊഴിലാളിതൊട്ടു മുതലാളി വരെയും കുചേലന്മാർ തൊട്ടു കുബേരന്മാർ വരെയും കാണും. ഈ വ്യക്തികളെല്ലാം സഹവർത്തിത്വം പുലർത്തുകയും അവരെ പുനരുദ്ധരിക്കയുമാണ് സമുദായത്തോടു ചെയ്യേണ്ടതിൽ ഏററവും വലിയ സേവനം. ഇവയെല്ലാം വ്യക്തിക്കു് സമുദായത്തോടുള്ള വിശ്വാസവും താൽപ്പര്യവും കുറിക്കുന്നു.

സമുദായത്തിൽ പലതരം പരിപാടികൾ, നടപടികൾ, പാരമ്പര്യങ്ങൾ, ആചാരങ്ങൾ, നിയമങ്ങൾ മുതലായവയുണ്ട്. ഇവയെല്ലാം ശിരസാ വഹിക്കുകയാണു് വ്യക്തിക്കു സമുദായത്തോടുള്ള ബഹുമാനത്തിന്റെ ലക്ഷണം. ഉദാഹരണമായി നഗ്നത മറയ്ക്കുക മനുഷ്യന്റെ ഒരാവശ്യമാണ്. ഇതു് വളരെക്കാലങ്ങൾക്ക് മുൻപു അവിർഭവിച്ചതുമാണ്. ഇതിനെ ആചരിക്കണമോ വേണ്ട

Mar Ivanios College Library

# COLLEGE DAY CELEBRATIONS

**1960—'61**



His Excellency The Governor
Taking the Salute



Inspecting the Guard of Honour



The Public Meeting



Principal reading the annual report



The Governor speaking



Red House—Champions of the year



The Prize Winners



Mr. & Mrs. A. G. Menon
Guests of Honour at the Social



Spread-out at the Social

Mar Ivanios College Library

## ARTS CLUB (1960—'61)



Malayalam Drama
" പുലിവാല് "



English Drama
"A pot of broth"



Tamil Drama
"Doctor Imitation"



Vocal music



D. S. S. dramatic troupe



Tableau "Viswamithra & Menaka"

Malayalam Drama

Staged on

Mission

Sunday......



"വേദനയുടെ

താഴ്വരയിൽ"

Mar Ivanios College Library

# കവിത

Balan. V. M.

## നഷ്ടപ്പെട്ട പറദീസകം

(ജവഹരക്കറപ്പ്)

(Old Student)

കണ്ടു ഞാനൊരു കിനാ-
　　വെൻെറ ജീവിതത്തിൻെറ
കണ്ടകഗ്ഗുനി പാടേ
　　മാഞ്ഞുപോവതായ്തോന്നി.
ഇരുളിൻ കരിമ്പട-
　　ച്ചാത്തിൽനിന്നൊരാൾ വന്നെ—
ന്നരികിൽ വീണക്കമ്പി
　　പാട്ടുവാൻ തുടങ്ങുന്നു.... ....!
നിറതിങ്കളിന്നാദ്യ
　　രശ്മിപോൽ മനസ്സിലെ-
ത്തിരി കത്തുന്നു; വിണ്ണിൽ
　　കാൽച്ചിലമ്പൊലി പൊങ്ങീ.... ....!!
മാത്രകൊണ്ടത്യത്ഭുത—
　　സ്വർഗ്ഗത്തു ചെന്നോരെൻെറ
നേത്രങ്ങൾ ഹർഷോത്സവ—
　　മുത്തുകൾ പൊഴിച്ചപ്പോൾ
ദർശനം മാത്രം പോരെ—
　　ന്നോർത്തു ഞാൻ; മൃദുതനു-
സ്സ്പർശനം കൊതിച്ചു ഞാൻ;
　　നീട്ടിയെൻ കൈത്താരുകൾ....!
മാത്രകൊണ്ടെല്ലാം തീർന്നു
　　നിശ്ചലം! പിന്നീടന്തർ—
ബ്ബാഷ്പവും വിയാന്നോ
　　രെൻ കരങ്ങളും മാത്രം....!
　ആരിതെന്നറിഞ്ഞീല....!
　　എന്നട്ടത്തൊന്നും കൂടി--
പ്പോരുമോ... ? പൊറുക്കുകെ—
　　ന്നാദ്യചാപലം ദേവീ....!!

---

യോ എന്നു തീരുമാനിക്കുന്നതു് ഓരോ വ്യക്തിയുമാണ്. അതിനു വ്യക്തിക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷേ ഈ തത്ത്വം സ്വീകരിക്കുക വ്യക്തിക്കു സമുദായത്തോടുള്ള ബഹുമാനത്തെ സൂചിപ്പിക്കുന്നു. ഈ തത്വം സ്വീകരിച്ചില്ലെങ്കിൽ മററു വ്യക്തികൾ ആ വ്യക്തിയെ അപലപിക്കയും ചെയ്യും.

ഇനി സമുദായത്തിനു വ്യക്തികളോടുള്ള കടമയാണ് നോക്കേണ്ടതു്. സമുദായത്തിനു വ്യക്തിയിൽ താൽപ്പര്യവും വിശ്വാസവും ബഹുമാനവും വേണമെന്നു പറഞ്ഞുവല്ലോ. സമുദായം വ്യക്തിക്കു ചിലകാര്യങ്ങളിൽ സ്വാതന്ത്ര്യം നൽകണം. ഉദാഹരണമായി ആരാധനാകാര്യങ്ങൾ, വൈവാഹികകാര്യങ്ങൾ മുതലായവയിൽ സമുദായം അമിതമായി കൈകടത്തുവാൻ പാടില്ല. ഈ സ്വാതന്ത്ര്യദാനത്തിൽ സമുദായത്തിനു് വ്യക്തിയോടുള്ള വിശ്വാസവും ബഹുമാനവും അടങ്ങിയിരിക്കുന്നു.

അങ്ങനെ സമുദായത്തിനു് വ്യക്തിയോടും വ്യക്തിക്കു സമുദായത്തോടും ഓരോരോ കടമകൾ ഉണ്ടു്. അവയുടെ നിർവ്വഹണമാണ് മനുഷ്യസമുദായത്തിൻെറ പുരോഗമനം. ഇതു് രാഷ്ട്രനിർമ്മിതിക്കു സഹായകമാണ്. അല്ലെങ്കിൽ മനുഷ്യൻ നിമിഷത്തിനു നിമിഷം അധഃപതിച്ചുകൊണ്ടിരിക്കും.

Mar Ivanios College Library

(18-ാംപേജിൽനിന്നും തുടർച്ച)

## കള്ളട്രെയിൻ

ങ്ങി. എന്നെക്കൊണ്ടു് ഇതെങ്ങനെ സാധിച്ചു എന്നു ഞാൻ തന്നെ അതിശയിച്ചുപോയി!

വല്ല വിധത്തിലും ഞാൻ ആറാമത്തെ കമ്പാർട്ടുമെൻറിനകത്തു് പ്രവേശിച്ചു. അകത്തു കയറിയ ഞാൻ ഒന്നു ഞെട്ടി. കാരണം ടിക്കററു് കളക്ടരെ പേടിച്ചോടിയ ഞാൻ ചെന്നു കയറിയതു് രണ്ടു് റയിൽവേ പോലീസുകാർ ഇരുന്നിരുന്ന കമ്പാട്ടുമെൻറിനകത്താണു്. അവരുടെ അടുത്തു മരുന്നു വ്യാപാരിയുടെവേഷത്തിൽ ഒരുചാരായക്കച്ചവടക്കാരൻ ഇരിക്കുകയായിരുന്നു! സമീപത്തുതന്നെ കുറേ ചാരായക്കുപ്പികളും!

ഞാൻ ബെഞ്ചിൻെറ ഒരു മൂലയിൽ പതുങ്ങിയിരുന്നു. 'ടിക്കററു് കളക്ടർ ഞാൻ ഇറങ്ങിയതു് ശ്രദ്ധിച്ചിരിക്കാനിടയില്ല.' ഞാൻ ധൈര്യപ്പെട്ടു.

"സാധാരണ പോലീസുകാർ ടിക്കററു ചോദിക്കാറില്ല. എങ്കിലും എൻെറ കഷ്ടകാലത്തിനു് ഒരു പക്ഷേ എന്നോടു ചോദിച്ചാലോ? ഏതായാലും അടുത്ത സ്റ്റേഷനിൽ തന്നെ കമ്പാർട്ടുമെൻറു മാറണം" ഞാൻ നിശ്ചയിച്ചു.

ചാരായക്കച്ചവടക്കാരൻ പോലീസുകാരനോടു് എന്തോ പിറുപിറുക്കുന്നുണ്ടായിരുന്നു 'എജമാനേ, അറിയാതെ ചെയ്തുപോയതാണേ, വിട്ടയയ്ക്കണേ!' എന്നാണോ എന്നു എനിക്കു തോന്നി.

വണ്ടി കഴക്കൂട്ടം സ്റ്റേഷനിൽ നിന്നു. ഞാൻ ഫ്ളാററുഫാറത്തിൽ ഇറങ്ങി. എൻെറ കണ്ണുകൾ ടിക്കററു് പരിശോധകൻ എവിടെ എന്നു തിരക്കി. അയാൾ ആദ്യത്തെ കമ്പാർട്ടുമെൻറിൻെറ അടുത്തുതന്നെ നില്ക്കുന്നുണ്ടായിരുന്നു. അയാൾ എന്നെ കാണാൻ ഇട കൊടുക്കാതെ ഞാനവിടമൊക്കെ ചുററിക്കറങ്ങി. 'ടിക്കററുപരിശോധകനും, പോലീസുകാരും ഇല്ലാത്ത കമ്പാർട്ടുമെൻറു് നോക്കിക്കയറിയാൽ മാത്രമേ ഇനി രക്ഷയുള്ളു.

പെട്ടെന്നു ഒരു മെയിൽവണ്ടി ഞങ്ങളുടെ വണ്ടിയെ കടന്നു പോയി. ക്രോസിംഗ് ആയിരിക്കണം. ഗാർഡിൻെറ വിസിൽ വണ്ടി പുറപ്പെടാൻ പോകുകയാണെന്നുള്ളതിനു് തെളിവു് നല്കി. ഞാൻ ടിക്കററു് കളക്ടരെ നോക്കി. അയാൾ അവിടെനിന്നും അനങ്ങിയില്ല. ഏതു കമ്പാർട്ടുമെൻറിലയാൾ കയറും എന്നെനിക്കു് നിശ്ചയമില്ലായിരുന്നു. ഞാനല്പം ധൈര്യമവലംബിച്ചു് നാലാമത്തെ കമ്പാർട്ടുമെൻറിൻെറ അടുത്തു ചെന്നുനിന്നു. ടിക്കററു കളക്ടരെ ഇടക്കണ്ണു് ഇട്ടു് നോക്കി. ഇപ്പോൾ അയാളെന്നെ ഗൗനിച്ചതുപോലെ എനിക്കു തോന്നി. എൻെറ മനസ്സിൽ എന്തെന്നില്ലാത്ത ഭയം കടന്നുകൂടി. വണ്ടിയിൽ കയറേണ്ടവരെല്ലാം കയറിക്കഴിഞ്ഞു. ഞാനും ടിക്കററു് പരിശോധകനും മാത്രം ബാക്കി.

ഗാർഡു് മൂന്നാമതായി വിസിലടിച്ചു്, പച്ച വിളക്കു കത്തിച്ചതോടെ വണ്ടി പതുക്കെ അനങ്ങിത്തുടങ്ങി. ടിക്കററു് കളക്ടർ കയറിയതിനു ശേഷം വേണം ഞാൻ കയറാൻ. അല്ലെങ്കിലയാളെന്നെ പിടികൂടും!

ഓരോ കമ്പാർട്ടുമെൻറായി നീങ്ങിത്തുടങ്ങി. ആറാമത്തേതും വന്നു. ടിക്കററു് കളക്ടർ അനങ്ങിയില്ല. അയാൾ ഏതിൽ കയറും? ഒരു പക്ഷേ ഇവിടെത്തന്നെ നിന്നേക്കുമോ? ചിന്തിക്കുന്നതിനിടയിൽ ഏഴാമത്തേതും സമീപിച്ചു. എട്ടാമത്തെ കമ്പാട്ടുമെൻറിൽ ഞാൻ കയറിത്തീരണം; കാരണം അതിനടുത്ത പെട്ടി ഗാർഡിൻേറതാണു്. ഇനി രക്ഷയില്ല! കയറിയേ പററൂ. 'വരുന്നതു വരട്ടെ'. ഞാൻ തയ്യാറായി. എട്ടാമത്തേതിൽ ഞാൻ ചാടി കയറി. ഒററ നിമിഷത്തിനകം, അനങ്ങാതെ നിന്നിരുന്ന ടിക്കററു് പരിശോധകനും, അതിൽത്തന്നെ കയറി.

എന്തൊരു ഭാഗ്യക്കേടു്! എൻെറ ഹൃദയസ്പന്ദനം കൂടിത്തുടങ്ങി. ടിക്കററു് വാങ്ങിക്കുകയും ചെയ്തു. പക്ഷേ.... ....എന്തൊരു മഠത്തരമാണു് ഞാൻ കാണച്ചതു്? ഞാൻ ഒരു മൂലയിലിരുന്നു. അയാൾ എന്നെ നോക്കി ഒന്നു പുഞ്ചിരിച്ചു. 'എൻെറ പിടിയിൽ നിന്നും നിനക്കു രക്ഷപ്പെടാൻ കഴിയുമോടാ?' ഈ

Mar Ivanios College Library

വരി അയാളുടെ മുഖത്തു് എനിയ്ക്കു വായിക്കുവാൻ കഴിഞ്ഞു. ഞാൻ പെട്ടെന്നു് മുഖം തിരിച്ചു! ഞാൻ ഓരോ സ്റ്റേഷനിലും കയറിയിറങ്ങുന്നതുകണ്ടു കാണണം. അല്ലെങ്കിൽ ആ "ചെറുപ്പക്കാരൻ" വല്ലതും പറഞ്ഞിരിയ്ക്കും!

കട കടാ.... കട കടാ.... കട കടാ.... കട കടാ

വണ്ടിയുടെ ശബ്ദം എന്നെ പരിഹസിക്കുന്നതുപോലെ എനിക്കു തോന്നി.

'ടിക്കററു് വാങ്ങാതെ യാത്ര ചെയ്യുപ്പോഴെല്ലാം ഞാനാക്കും പിടി കൊടുത്തിട്ടില്ല. എന്നാൽ ഇന്നോ? ടിക്കററു് വാങ്ങിയതിനു ശേഷവും ഈ കഷ്ടപ്പാടു്! പിടിപെട്ടാൽ ടിക്കററു് വാങ്ങിയതും അതു് പാറുവിനു കൊടുത്തതുമായ വിവരം പറഞ്ഞേയ്ക്കാം.

പക്ഷേ, ആരെങ്കിലുമിതു് വിശ്വസിയ്ക്കുമോ?.... എന്താ വിശ്വസിക്കാത്തതു്? അടുത്ത സ്റ്റേഷനിൽ പാറുവിൻെറ പക്കൽ നിന്നും ടിക്കററു് വാങ്ങി കാണിച്ചാലെന്താ? അപ്പോൾ അവളുടെ കാര്യം?.... ....

പാറുവിൻെറ വാടിയ, വിളറിയ, ഭയന്ന മുഖം എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. കൈയിൽ രണ്ടു രൂപാ വച്ചുകൊണ്ടു് യാതൊരു ആഹാരവും കഴിക്കാതെ, ടിക്കററും വാങ്ങിക്കാതെ അന്ധനായി രോഗം പിടിപെട്ടുകിടക്കുന്ന അച്ഛനെ രക്ഷിയ്ക്കുവാൻ പോകുന്ന ആ കൊച്ചു പെൺകുട്ടിയെ കാണിച്ചുകൊടുക്കുകയോ! പാടില്ല, ഒരിക്കലും പാടില്ല.

ടിക്കററു് പരിശോധകൻ ഓരോരുത്തരുടെയും ടിക്കററു് വാങ്ങി അതിലെന്തോ വരച്ചിട്ടു് തിരിച്ചു കൊടുത്തു. എൻെറ തവണയും അടുത്തുപോയി. ഞാൻ വെളിയിൽ നോക്കി. നിറഞ്ഞ കൂരിരുട്ടിൽ ഒന്നിനേയും വകവയ്ക്കാതെ വണ്ടി ഓടിക്കൊണ്ടിരുന്നു. ഞാൻ പതുക്കെ കതകിൻെറ അടുത്തു ചെന്നു നിന്നു. തിരുവനന്തപുരം അടുത്താൽ എനിയ്ക്കു പരിചയമുള്ള സ്ഥലങ്ങൾ ധാരാളമുണ്ടു്. എത്രയോ പ്രാവശ്യം വളരെ വേഗത്തിലോടിക്കൊണ്ടിരിക്കുന്ന വണ്ടിയിൽ നിന്നും ഞാൻ ചാടിയിറങ്ങീട്ടുണ്ടു്. പക്ഷേ ഇപ്പോഴോ ചാടിയിറങ്ങാനുള്ള ശേഷി ശരീരത്തിനില്ല.

വണ്ടി പെട്ടെന്നൊന്നു കുലുങ്ങി. അതിൻെറ വേഗം കുറഞ്ഞു് അതു നിന്നു. എന്താ നില്ക്കുന്നതു്? പലരും ജന്നലിൽ കൂടി വെളിയിൽ നോക്കി. ടിക്കററു് കളക്ടർ എന്നെ മറന്നു് ഇറങ്ങി എങ്ങോട്ടോ, വേഗത്തിൽ നടന്നുപോയി! 'ആ.... വൃ....' ഞാനാശ്വസിച്ചു. കുറച്ചുസമയത്തേയ്ക്കു് ചെറിയ ശബ്ദവും കുഴപ്പവും ഒക്കെയായിരുന്നു. ആദ്യത്തെ കമ്പാർട്ടുമെൻറിൽ ആരോ ചങ്ങല വലിച്ചുപോലും. അതാ വണ്ടി നില്ക്കുന്നതു്. ആരാണ്ടോ പറയുന്നതു കേട്ടു.

ഞാൻ അല്പം പരിഭ്രമിച്ചു. 'ആദ്യത്തെ കമ്പാർട്ടുമെൻറിലോ?.... അവിടെയല്ലേ പാറു ഇരിക്കുന്നതു്?.... ആദ്യത്തെ പെട്ടിയിലേയ്ക്കു ഞാൻ നടന്നു. അതിൻെറ മുമ്പിൽ ഒരു ചെറിയ ആൾക്കൂട്ടം. ഇടയിൽ ആ 'ചെറുപ്പക്കാരൻ'! കള്ളട്രെയിൻ കയറുന്നവർ ദേശദ്രോഹികളാണെന്നു പറഞ്ഞില്ലേ, അയാൾ തന്നെ! രണ്ടു പേർ അവൻെറ കൈയ്ക്കു് ബലമായി പിടിച്ചിരുന്നു! യുവതിയോടു രണ്ടു പോലീസുകാർ എന്തോ ചോദിച്ചുകൊണ്ടിരുന്നു! അവൾ ആകപ്പാടേ ഭയന്നിരുന്നു. വസ്ത്രങ്ങൾ ഉലഞ്ഞിരുന്നു. തലമുടി പാറിപ്പറന്നിരുന്നു!

കൂട്ടത്തിൽ ഒരാൾ വിവരണംനല്കി. ഇടവാസ്റ്റേഷനിൽ കയറിയ കൂട്ടം അടുത്ത സ്റ്റേഷനിൽ തന്നെയിറങ്ങി. ശേഷിച്ചതു് ചെറുപ്പക്കാരനും, യുവതിയും, പയ്യനും, പാറുവും മാത്രം. സന്ദർഭം ആ ചെറുപ്പക്കാരനെ ഭ്രാന്തനാക്കി! യുവതിയെ ഭയപ്പെടുത്തി അവളുടെ ആഭരണങ്ങൾ മുഴവൻ കൈക്കലാക്കിയശേഷം അവളെ അപമാനിക്കാൻ ഒരുമ്പെട്ടപ്പോൾ അവൾ 'അപായച്ചങ്ങല' വലിച്ചു് വണ്ടി നിറുത്തി. വണ്ടിയിൽ നിന്നും ചാടിയിറങ്ങി രക്ഷപ്പെടാൻ ശ്രമിച്ച അയാളെ രണ്ടുപേർ പിടിച്ചു പോലീസിലേല്പിയ്ക്കുകയും ചെയ്തു.—ഇതായിരുന്നു നടന്ന സംഭവം.

പാറുവിനെ സാക്ഷിയായി വിളിയ്ക്കുന്നതിനു മുമ്പു് ഞാനവളുമായി വേറൊരു കമ്പാർട്ടുമെൻറിൽ കയറി. അല്പസമയത്തിനുള്ളിൽ വണ്ടി പുറപ്പെട്ടു.

കട കടാ.... കട കടാ.... കട കടാ.... വണ്ടിയുടെ താളം തെററിയില്ല. ശരിയ്ക്കു തന്നെ അതു് ഓടിക്കൊണ്ടിരുന്നു.

Mar Ivanios College Library

"ടിക്കററു് ചോദിച്ചോ കുഞ്ഞേ?

"ഉവ്വ് ചോദിച്ചു.... ഞാൻ കൊടുത്തപ്പോ എന്തോ വരച്ചു തിരിച്ചു തന്നു.... ഇതാ".

ഞാൻ ആ ടിക്കററു് വാങ്ങിച്ചില്ല! കൂരിരുട്ടിൽ വെളിയിൽത്തന്നെ ഞാൻ തുറിച്ചു നോക്കിക്കൊണ്ടിരുന്നു.

"ചേട്ടാ, ടിക്കററു് വേണ്ടേ?"

ഞാൻതിരിഞ്ഞുഅവളുടെ മുഖത്തുനോക്കി. നിഷ്ക്കളങ്കമായ ആ മുഖം കണ്ടപ്പോൾ സഹോദരിയെ കാണുന്ന പ്രതീതി എനിക്കു തോന്നി. എന്റെ കണ്ണുകൾ നിറഞ്ഞു.

"വേണ്ട കുഞ്ഞേ, നിന്റെ കയ്യിൽത്തന്നെ വച്ചോ ... കളയരുതു് കേട്ടോ.... തിരുവനന്തപുരം സ്റ്റേഷനിൽ ഇറങ്ങി വെളിയിൽ പോകുമ്പോൾ അവിടെ ചോദിക്കും." ഞാൻ പറഞ്ഞു.

ആശ്ചര്യവും ആനന്ദവും അവളുടെ മുഖത്തിൽ കളിയാടി.

"അപ്പം ചേട്ടനു് ...?..."

"....എനിക്കെന്തിനാ?....ഞാൻ എങ്ങനെയെങ്കിലും പൊയ്ക്കൊള്ളാം" എന്റെ ശബ്ദം ഇടറിയതുപോലെ എനിക്കു തന്നെ തോന്നാതിരുന്നില്ല.

കട കടാ....കട കടാ.... കട കടാ.... വണ്ടിയുടെ വേഗം കൂടിക്കൊണ്ടിരുന്നു. എന്റെ വിചാരം മുഴുവൻ ഇപ്പോഴുള്ള ശരീരസ്ഥിതിയിൽ തിരക്കിന്റെയിടയിൽക്കൂടി എങ്ങനെ സ്റ്റേഷനു വെളിയിൽ പോകുമെന്നുള്ളതായിരുന്നു. ഓ....അല്ലെങ്കിൽ മുള്ളുവേലി ചാടിക്കടന്നു പോകാം. ആരും കാണാതിരുന്നാൽ മതി.

എന്റെമനസ്സ് ഒരു തീരുമാനത്തിലെത്തിച്ചേർന്നില്ല. ഞാൻ പാറുവിനെ നോക്കി. അവൾ വിളക്കിനു ചുററും പറക്കുന്ന ഒരു ശലഭത്തെ നോക്കിക്കൊണ്ടിരുന്നു. ഒരു കൈയിൽ ഞാൻ കൊടുത്ത ടിക്കററു് അവൾ മുറുകെപ്പിടിച്ചിരുന്നു.

വണ്ടിയുടെ വേഗം കുറഞ്ഞു. താളം തെററിയതുപോലെ എനിക്കു തോന്നി. വെളിയിൽ നോക്കി. ഒരു പച്ച വിളക്കു ദൂരത്തിൽ കണ്ടു. സ്റ്റേഷൻ അടുത്തു പോയി. ഇനി പേടിക്കാനില്ല. ഇത്ര പെട്ടെന്നു് സ്റ്റേഷനടുത്തോ? നേരം പോയതേ അറിഞ്ഞില്ല. വണ്ടിയുടെ ഇപ്പോഴത്തെ വേഗം കുറെക്കൂടി കുറഞ്ഞാൽ ഇവിടെത്തന്നെ ഇറങ്ങാം.

വണ്ടി നില്ക്കുന്ന ലക്ഷണങ്ങൾ കണ്ടു തുടങ്ങി. വണ്ടി ഒരു നീണ്ട ചൂളം വിളിച്ചുകൊണ്ടു നിന്നു. ഞാൻ പാറുവിനെ നോക്കി. അവൾ എന്നെ ശ്രദ്ധിച്ചില്ല. അവളുടെ ചിന്ത മുഴവൻ വീട്ടിനെപ്പററിയായിരിക്കും. ഞാനിറങ്ങിയതും അവൾ കണ്ടില്ല.

ഇതെന്താ? പരിചയമുള്ള സ്ഥലമൊന്നുമല്ലല്ലോ? സ്റ്റേഷന്റെ ശകലംപോലും കണ്ടില്ല. ഒരു പക്ഷേ എനിക്കു തെററു പററിയോ? അപ്പോൾ ഒരു പച്ചവിളക്കു്?... വല്ല കെട്ടിടത്തിന്റെയും മുകളിലുള്ളതായിരിക്കണം. ഞാൻ അല്പനേരം അങ്ങനെതന്നെ നിന്നു. വണ്ടിയുടെ മുൻവശത്തു് രണ്ടു അധികാരികൾ വരുന്നതു കണ്ടു. ഇപ്പോൾത്തന്നെ ഓടിക്കളഞ്ഞാലെന്താ?....വല്ലവരും കണ്ടാൽ? പാടില്ല. കാര്യം കുഴപ്പത്തിലാകും. സ്റ്റേഷൻ വരട്ടെ എങ്ങനെയെങ്കിലും രക്ഷപ്പെടാം. ഞാൻ എന്റെ കമ്പാർട്ടുമെന്റിലേക്കു് തിരിച്ചു നടന്നു.

പെട്ടെന്നു് ആരോ ഒരാൾ എന്റെകൈക്കു് കടന്നു പിടിച്ചു. അതു വേറാരുമല്ലായിരുന്നു. ഞാൻ കണ്ട രണ്ടധികാരികളിലൊരാൾ! മറേറവശത്തുകൂടി വന്നതായിരിക്കണം. ഏതായാലും പിടി കൊടുത്തുപോയി.

"സ്റ്റേഷൻ എത്തിയില്ലല്ലോ. ഇനിയും രണ്ടു മൂന്നു മൈൽ എന്തിനു വെറുതേ നടക്കുന്നു? വണ്ടിയിൽത്തന്നെ പോകാമല്ലോ. ടിക്കററില്ലെങ്കിലെന്താ?" അയാൾ പരിഹാസപൂർവ്വം പറഞ്ഞു. എനിക്കു് വല്ലാത്ത ലജ്ജ തോന്നി. ഞാൻ വണ്ടിയിൽ കയറി ഒരിടത്തിരുന്നു. ജന്നലയിൽക്കൂടി വെളിയിൽ നോക്കി. മറേറ അധികാരി എനിക്കു കൂട്ടിനു വേണ്ടി വേറേ പത്തു പന്ത്രണ്ടു പേരെക്കൂടി ആ കമ്പാർട്ടുമെന്റിൽ കയററി. രണ്ടു് അധികാരികളും ബെഞ്ചിലിരുന്നു. ഞങ്ങളെ തറയിലിരിക്കുവാൻ ആജ്ഞാപിച്ചു.

ഞാൻ ഒരു മൂലയിലിരുന്നാലോചിച്ചു. ടിക്കററു് വാങ്ങിക്കാതെ സഞ്ചരിച്ചപ്പോഴെ

Mar Ivanios College Library

# "സേവാരാക്ഷസൻ"

## (ഉദയകുമാർ പി.)

**സേ**വ—അതേ, അതൊരു കലയാണ്. സംഗീതസാഹിത്യാദികലകളിലെന്നപോലെ സേവപിടിക്കുന്നതിലും വാസനയുള്ളവരുണ്ട്.

സർവ്വേഡിപ്പാർട്ടുമെൻറിലെ ഒരുയന്ന ഉദ്യോഗസ്ഥനാണ് രാമു. പരീക്ഷായോഗ്യതയിൽ വെറുമൊരു തേഡ്ഫാറം ഗ്രാഡ്വേറ്റ്, അത്രേയുള്ളൂ. സാരമില്ല. സ്വഭാവത്തിൽ ഒരു മുക്കാൽ കിറുക്കൻ. ഉപാസനമന്ത്രം "സേവ". തേഡ്ഫാറം പരീക്ഷയുമായി പലതവണ പടവെട്ടിയ ഒരുന്നത ദേഹമായിരുന്നു രാമു. എങ്കിലും രാമു നിരുത്സാഹനാകാതെ ജീവിതായോധനത്തിൽ വിജയശ്രീലാളിതനാകാൻ ശ്രമിച്ചു. ഒരുദ്യോഗസ്ഥനാകണം, അതാണയാളുടെ ജീവിതാഗ്രഹം. സർവ്വേ കമ്മീഷണർ ലഡ്‌വിഗ് സായിപ്പിൻെറ ബംഗ്ലാവിൽ സേവയാകുന്ന ആയുധവുമായി അയാളൊരു സമരമുഖം തുറന്നു. റാബർട്ട് ക്ലൈവിനു വേണ്ടിവന്ന താമസംപോലുമുണ്ടായില്ല, രാമുവിന്, സായിപ്പിൻെറ ഹൃദയം പിടിച്ചടക്കാൻ. ഏതു ദാസപ്രവൃത്തി ചെയ്തും സായിപ്പിൻെറ പ്രീതി സമ്പാദിക്കാൻ രാമു ഒട്ടും മടിച്ചിരുന്നില്ല. തോട്ടക്കാരനായി ബംഗ്ലാവിൽ പ്രവേശിച്ച രാമു, ഒന്നുരണ്ടാഴ്ചയ്ക്കുള്ളിൽ സായിപ്പിൻെറ പ്രീതി സമ്പാദിച്ചു. രാമുവിൻെറ സാമർത്ഥ്യം കണ്ട സായിപ്പ് അയാളെ കുതിരസൂക്ഷിപ്പുകാരനാക്കി. ചില ദിവസങ്ങളിൽ മദാമ്മയും പിള്ളരും കുതിരസ്സവാരി പഠിക്കും. അവർ തെറിച്ചുപോകാതെ നോക്കിക്കൊണ്ട് രാമു അവരുടെ പിന്നാലെ ഓടണം. ഒരു മാംസപിണ്ഡംപോലിരിക്കുന്ന മദാമ്മയെ താങ്ങിയെടുത്ത് കുതിരപ്പുറത്തു കയററുന്ന ജോലിയാണ് രാമുവിൻേറതു്. അവരുടെ ഇംഗ്ലീഷ് മനസ്സിലാക്കാൻ രാമുവിന് നല്ലപോലെ സാധിച്ചിരുന്നില്ല. ഒന്നുരണ്ടു മാസം കഴിഞ്ഞപ്പോൾ ഒന്നുരണ്ട് ഇംഗ്ലീഷുവാക്കു പറയാനും രാമു പഠിച്ചു. ഏതു കാര്യത്തിനും സായിപ്പ് രാമുവിനെയാണ് വിളിക്കാറ്. രാമുവിൻെറ അഭിപ്രായം അറിയാതെ സായിപ്പൊന്നും ചെയ്യു

---

ല്ലാം ഞാൻ പിടി കൊടുത്തില്ല. എന്നാൽ ടിക്കററു് വാങ്ങിയ ഇപ്രാവശ്യം ഞാൻ പിടിപെട്ടു. ഞാൻ ആശ്ചര്യപ്പെട്ടു! 'ഇത്ര പെട്ടെന്ന് സ്റ്റേഷൻ വരുമോ?' എന്നെങ്കിലും ആലോചിയ്ക്കാമായിരുന്നു.

പെട്ടെന്ന് പാറുവിൻെറ ഓർമ്മ വന്നു. അവൾ എന്നെ അന്വേഷിയ്ക്കുന്നുണ്ടാവും. ഒരു പക്ഷേ അവൾ തൻെറ വീട്ടിൽ ചെന്ന് എൻെറ നല്ല ഗുണത്തെ പ്രശംസിച്ച് പറയുമോ എന്തോ?....

ഞാൻ ചുററും നോക്കി. ഒരു വശത്ത് ആ 'ചെറുപ്പക്കാരൻ' ഒരു സിഗററും കത്തിച്ച് ഇരിയ്ക്കുന്നുണ്ടായിരുന്നു. വേറൊരു വശത്ത് യുവതിയും പയ്യനും. ആ അധികാരികളെ കൂടാതെ മററെല്ലാവരും പോലീസ് സ്റ്റേഷനിൽ കയറാനുള്ളവരായിരുന്നു. 'അവരവർക്ക് അവരവരുടെ കുററത്തിനനുസരിച്ചുള്ള ശിക്ഷ കിട്ടും.' ഞാൻ സ്വയം സമാധാനപ്പെട്ടു.

"എനിയ്ക്കോ? കുടിപ്പോയാൽ ഒരു മാസത്തെ ജയിൽവാസം. സാരമില്ല!.... 'ഇനി എങ്ങനെ ജീവിയ്ക്കും' എന്ന പ്രശ്നം വേണ്ടല്ലോ" ഞാൻ തന്നെത്താനേ ചിരിച്ചു.

പതുക്കെ എൻെറ പൊടിഡപ്പിയിൽ നിന്നും ഒരു നുള്ള് എടുത്ത് വലിച്ചു. ഹയ്യടാ! ഹച്ച്!!! രസികൻ ഒരു തുമ്മൽ! വണ്ടിയുടെ താളത്തിനൊത്തു തലയാട്ടി ഞാൻ ഉറങ്ങാൻ തുടങ്ങി.

Mar Ivanios College Library

കയില്ല എന്തിനു്, രാമു സായിപ്പിന്റെ മാസ്റ്റർശിയും കൈതാങ്ങിയുമായിത്തീർന്നു.

സായിപ്പും മദാമ്മയും രാമുവിനോടു് നാട്ടുകാര്യങ്ങളും വീട്ടുകാര്യങ്ങളും ചോദിക്കും. അതെല്ലാം അയാൾക്കറിയാവുന്ന ഇംഗ്ലീഷിൽ മൊടിപ്പും തൊങ്ങലും വച്ചു് അവരെ പറഞ്ഞുകേൾപ്പിക്കും. അധികം താമസിയാതെ രാമുവിനെ 40 രൂപാ ശമ്പളത്തിൽ സായിപ്പിന്റെ പ്രൈവററ ക്ലാർക്കായി നിയമിച്ചു.

സായിപ്പിന്റെ സകല കാര്യങ്ങളും അന്വേഷിക്കുന്നതു് രാമുവാണു്. അദ്ദേഹം ശമ്പളബില്ലു് ഒപ്പിട്ടു് രാമുവിനെ ഏൾപ്പിക്കും. വാങ്ങുന്നതും ചെലവാക്കുന്നതും കണക്കു സൂക്ഷിക്കുന്നതും ഒക്കെ രാമുവാണു്. 1000 രൂപാ ശമ്പളമാണു് സായിപ്പിനു്. 800 രൂപാ ചെലവും. ബാക്കി ബാങ്കിലിടണമെന്നാണു് നിർദ്ദേശം. പക്ഷെ രാമു സകല ചെലവും കഴിച്ചു് 1000 രൂപാ ബാങ്കിലിടും. അത്രക്കു് സാമർത്ഥ്യമുണ്ടു് അവനു്. സായിപ്പു് പിന്നെയെങ്ങനെ അവനെ സ്നേഹിക്കാതെയും വിശ്വസിക്കാതെയും ഇരിക്കും? ആഫീസ് ഫയൽ നോക്കുമ്പോൾ ഉത്തരവിടാനുള്ള വാക്കുകളും വാചകങ്ങളും പറഞ്ഞുകൊടുക്കുന്നതും രാമുവാണു്. അതനുസരിച്ചാണു് സായിപ്പു് ഉത്തരവിടുന്നതും. രാമുവിന്റെ വാക്കാണു് സായിപ്പിന്റെ പ്രമാണം.

രാമുവിന്റെ പേരറിയാത്തവർ സെക്രട്ടേറിയറ്റ് ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്നില്ല. സ്ഥലംമാററം, പ്രമോഷൻ മുതലായവക്കെല്ലാം അവർ രാമുവിനെ പാട്ടിലാക്കും. എന്തിനു്, രാമുവിന്റെ ഭാഗ്യം സായിപ്പിന്റെ താങ്ങിലും തണലിലുമായി വളർന്നുവന്നു. നാല്പതുരൂപാ ശമ്പളക്കാരൻ നാലുലക്ഷത്തിന്റെ സമ്പാദ്യക്കാരനായി.

രാമുവിന്റെ കാണപ്പെട്ട ദൈവമായിരുന്നു സായിപ്പു്. അദ്ദേഹം കോപിച്ചു് എന്തെല്ലാം പറഞ്ഞാലും രാമു അതെല്ലാം ക്ഷമയോടെ സഹിച്ചുകൊള്ളും. "You are an ass" എന്നു് സായിപ്പു് ഒരിക്കൽ ദേഷ്യംകൊണ്ടലറി. അതിനു് ആ സേവാരാക്ഷസൻ "Yes, sir" എന്നു പറഞ്ഞു് ആ ബഹുമതി സ്വീകരിക്കയാണു് ചെയ്തതു്. അതു കേട്ട സായിപ്പിന്റെ കോപം തണുത്തു. അദ്ദേഹം മന്ദഹസിച്ചു.

രാമു സേവപിടിക്കാൻ ചെയ്യുന്ന ബുദ്ധിപൂർവ്വമായ പ്രവൃത്തികൾ കാണികളെ അത്ഭുതപരതന്ത്രരാക്കും. ഒരിക്കൽ മദാമ്മയുടെ പേരുവച്ച "സ്പോർട്ട്സ് ക്ലബ്ബ്" ഒരു ഓണംകേറാമൂലയിൽ വച്ചു് ഉൽഘാടനംചെയ്യാൻ സായിപ്പിനെ ക്ഷണിച്ചു. അദ്ദേഹത്തെ പ്രീണിപ്പിക്കാൻ ഇതിലധികം ഒരു വേലയുണ്ടോ? ഉൽഘാടനത്തിൽ സ്വാഗതപ്രാസംഗികൻ രാമുവായിരുന്നു. സായിപ്പിന്റെ ഗുണഗണങ്ങളെ വാനോളം പുകഴ്ത്തിയ ഒരു പ്രസംഗം അങ്ങു തട്ടിമൂളിച്ചുകൊടുത്തു. അതിലും രാമു, സായിപ്പിന്റെ കണ്ണിലുണ്ണിയായിത്തീർന്നു.

ഒരിക്കൽ സായിപ്പു് ഡൽഹി യാത്രയും കഴിഞ്ഞു് വരികയായിരുന്നു. അദ്ദേഹത്തെ സ്വീകരിക്കാൻ ആഫീസ് സ്റ്റാഫ് മുഴുവൻ റയിൽവേസ്റ്റേഷനിൽ അണിനിരന്നിരുന്നു. രാമുവിനെ മാത്രം കണ്ടില്ല. മണി എട്ടടിച്ചു. നീണ്ട ഒരു ചൂളം വിളിച്ചുകൊണ്ടു് തീവണ്ടി സ്റ്റേഷനിൽ വന്നു നിന്നു. രാമു വരുന്നുണ്ടോ എന്നു് സകലരും ചുററും നോക്കി. എങ്ങു്ഹേ, രാമുവിന്റെ പൊടിപോലുമില്ല. അവർ സായിപ്പിനെ സ്വീകരിക്കാൻ ഫസ്റ്റ്ക്ലാസ്സ് കമ്പാർട്ടുമെന്റിൽ ചെന്നു. അവിടെക്കണ്ട കാഴ്ച അവരെ അത്ഭുതപരതന്ത്രരാക്കി. രാമു സായിപ്പിന്റെ ഒപ്പം കയറിയിരുന്നു് വർത്തമാനം പറയുന്നു. അവൻ നാലഞ്ചു് സ്റ്റേഷനു് മുമ്പേതന്നെ ചെന്നു് സായിപ്പിനെ സ്വീകരിച്ചു കൊണ്ടുപോന്നു.

സായിപ്പു് പെൻഷൻപററി ഉദ്യോഗത്തിൽ നിന്നു് പിരിഞ്ഞുപോന്നപ്പോൾ പാർട്ടിംഗ ഗിഫ്ററ് ആയി രാമുവിനു മാനേജർ ഉദ്യോഗം നൽകി. അങ്ങനെയാണു് ആ തേഡ്ഫാറക്കാ

രൻ ആദ്യത്തെ ഉയന്ന ഉദ്യോഗസ്ഥനായതു്. പരീക്ഷായോഗ്യതയില്ലാത്തതുകൊണ്ടു് തന്നെ തരംതാഴ്ത്തിക്കളയുമോ എന്നൊരാശങ്ക, രാമുവിൻെറ മനസ്സിൽ ഉണ്ടു്. അടുത്ത കമ്മീഷണരെ സ്വാധീനത്തിലാക്കാനായി രാമു പരിശ്രമം തുടങ്ങി. ഒരു ഹൈക്കോർട്ടു വക്കീലാണു് അടുത്ത കമ്മീഷണർ എന്നൊരു ശ്രുതി രാമുവിൻെറ ചെവിയിൽ വന്നലച്ചു. കേൾക്കേണ്ട താമസം, കുറേ ഏത്തൻകുലയുമായി രാമു അയാളുടെ വീട്ടിലെത്തി പ്രീതി സമ്പാദിച്ചു. ഒന്നുരണ്ടാഴ്ച കഴിഞ്ഞപ്പോൾ ആപ്പീസു് അസിസ്റ്റൻറിനെ കമ്മീഷണർ ആക്കാൻപോകുന്നുവെന്നു് കേട്ടു. രാമുവിന്നു് പരിഭ്രമമായി. പൂർവ്വവിരോധംവച്ചുകൊണ്ടു് തന്നെ തരംതാഴ്ത്തിയെങ്കിലോ എന്നു്. അന്നു രാത്രിതന്നെ അയാളുടെ വീട്ടിൽ പോയി ക്ഷമാപണംചെയ്തു് അയാളേയും പാട്ടിലാക്കി. കുറേ നാളത്തേക്കു് രാമുവിന്നു് പരക്കംപാച്ചിലായിരുന്നു, തൻെറ ഉദ്യോഗം സംരക്ഷിക്കാൻ. പക്ഷേ മൂന്നുനാലുദിവസം കഴിഞ്ഞപ്പോൾ കേട്ടു മദ്രാസിലെ ഒരു അയ്യങ്കാരാണു് വരുന്നതെന്നു്. വിദേശിയൻതന്നല്ലോ എന്നു് രാമു സമാധാനിച്ചു. നാലഞ്ചു സ്റ്റേഷൻ മുമ്പേ ചെന്നു് അദ്ദേഹം വരുന്ന ട്രെയിനിൽ കയറി First class മുറിയിൽ നോക്കിയപ്പോൾ പാളത്താറും മുന്നു കൊമ്പും എല്ലാം ഉള്ള ഒരു അയ്യങ്കാർ ഹിന്ദുപ്പത്രം വായിച്ചുകൊണ്ടിരിക്കുന്നതു കണ്ടു. രാമു അകത്തു കയറി വാതിലടച്ചു. ട്രെയിൻ നീങ്ങി.

"സാർ.... .... .... മിസ്റ്റർ.... .... .... അയ്യങ്കാർ ?" രാമുവിൻെറ ശബ്ദം പൊങ്ങി.

"ആമ" അയ്യങ്കാർ മൂളി. രാമു പിന്നെ ഒട്ടും താമസിച്ചില്ല. കയ്യിലിരുന്ന കസവുഹാരം ആ മാന്യൻെറ കഴുത്തിലിട്ടു. തുടന്നു് ഒരു സാഷ്ടാംഗപ്രണാമവും നൽകി. മററുള്ളവരുടെ മുഖഭാവം ഒന്നും നോക്കാതെ രാമു, മുൻപിരുന്ന കമ്മീഷണർ സായിപ്പും താനുമായുള്ള ബന്ധത്തെപ്പററി വാചകമടിച്ചുതുടങ്ങി. അയ്യങ്കാർ അതെല്ലാം ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. ഇതിനിടയിൽ വണ്ടി തിരുവനന്തപുരത്തെത്തി. കമ്മീഷണരുടെ വരവു് രഹസ്യമായറിഞ്ഞ രണ്ടുമൂന്നാഫീസു് ക്ലാക്കന്മാർ അവിടെയുണ്ടായിരുന്നു. വണ്ടിയിൽ നിന്നിറങ്ങിയുടൻ രാമു അവരോടു് "ഇദ്ദേഹമാണു് പുതിയ കമ്മീഷണരദ്ദേഹം" എന്നു പറഞ്ഞു് പരിചയപ്പെടുത്താൻ ആരംഭിച്ചു.

"നാൻ ഉങ്കളുടെ കമ്മീഷണരല്ലെ. നാൻ ഇവിടത്തിൽ മോട്ടാർ ബിസിനസു് ചെയ്‌വതിക്കു് വന്തിരുക്കേൻ" എന്നു പറഞ്ഞു് കഴുത്തിലിട്ടിരുന്ന ഹാരം എടുത്തു് രാമുവിൻെറ കൈയ്യിൽ അയ്യങ്കാർ ഇട്ടുകൊടുത്തു. കേട്ടവരെല്ലാം പൊട്ടിച്ചിരിച്ചു. സേവാരാക്ഷസൻ ലജ്ജിച്ചു തലതാഴ്ത്തി. കൂടെ ഒരു നീണ്ട വിളിയും.

Mar Ivanios College Library

രാഷ്ട്രത്തിൻെറ ഭദ്രതയാണു് ഏററവും സമുന്നതമായ നിയമം —ജസ്റ്റിൻനിയൻ.

രാഷ്ട്രമോ!—അതു ഞാൻ തന്നെ. —ലൂയി 14-ാമൻ.

തെമിസ്റ്റോക്ലീസ് പറഞ്ഞു: "ഗ്രീക്കുകാരെ അഥീനിയന്മാർ ഭരിക്കുന്നു; അഥീനിയന്മാരെ ഞാൻ ഭരിക്കുന്നു; എന്നെ, അല്ലയോ പ്രിയതമേ, നീ ഭരിക്കുന്നു; നിന്നെ നിൻെറ മകനും". —പ്ലൂട്ടാർക്ക്.

# തളർന്ന സിരകൾ

## (സ്റ്റീഫൻ, I D. C.)

ആദിത്യൻ ചക്രവാളത്തിൽ അമൻകഴിഞ്ഞിരുന്നു; ഇരുട്ട നാലുപാട്ടും വ്യാപിച്ചുതുടങ്ങി; ആകാശം കാർമേഘപടലങ്ങളാൽ ആവൃതമായി; ഉഗ്രം തെന്നൽ വീശി; വൃക്ഷങ്ങൾ ചലിച്ചു; വൃക്ഷച്ചില്ലകളുടെ ശബ്ദമല്ലാതെ വേറൊന്നും കേൾക്കുവാനില്ല.

മങ്ങിയ ആ ദീപത്തിനരുത്തു ഒരു മൂലയിൽ പ്രതിമപോലെ അചഞ്ചലമായി ശോകമൂകമായ ഒരു രൂപം ഇരിക്കുന്നു ഒരുകാലത്തു തേജസ്സും പ്രഭാവവും കളിയാടിയിരുന്ന ആ രൂപം ഇപ്പോൾ വിളറിയിരിക്കുന്നു. ദാരിദ്ര്യത്തിൻെറ മർദ്ദനത്തിനു വിധേയമായി പരാജയപ്പെട്ട അസ്ഥിപഞ്ജരമായി ചമഞ്ഞിരിക്കുന്നു. പ്രകാശപൂരിതമായിരുന്ന ആ നയനങ്ങൾ ഇപ്പോൾ കരിക്കട്ടപോലെ കെട്ടുപോയിരിക്കുന്നു. യൗവ്വനത്തെ വിളിച്ചുപറയുന്ന ആ വദനം വിളറി രക്തമയമില്ലാതായിത്തീന്നിരിക്കുന്നു.

ശക്തിയേറിയ കാററുവീശി ആ മങ്ങിയ ദീപത്തെ അണച്ചുകളഞ്ഞു. ചിന്തയിലാണ്ടുകിടന്നിരുന്ന ആ രൂപം ചലിച്ചു് കൂരിരുട്ടിൽ തപ്പിത്തടഞ്ഞു എന്തോ അന്വേഷിക്കുകയാണു്.

"രവി, മോനേ, ഇങ്ങോട്ട വാ"

ഒരു ഇടറിയ സ്വരം ആ നിശ്ശബ്ദതയെ ഭേദിച്ചു.

രോഗഗ്രസ്തയായ അമ്മയുടെ ദീനസ്വരമായിരുന്ന രവിയുടെ കണ്ണുകളിൽ തുളഞ്ഞുകയറിയതു്.

രവി കൂരിരുട്ടിൽ തപ്പിത്തടഞ്ഞു മാതാവിൻെറ അടുത്തെത്തി.

"അമ്മേ, എന്തുവേണം?" അവൻ അന്വേഷിച്ചു.

"കുടിക്കാൻ ഇത്തിരി ചൂടുവെള്ളം കൊണ്ടുവാ മോനേ". വേദനയുടെ ഇടയിൽ മീനാക്ഷിഅമ്മ പറഞ്ഞു.

തീകത്തിക്കുവാൻ ഒരുകഷണം വിറകുപോലും ആ വീട്ടിലില്ല. വിറക വാങ്ങിക്കുവാൻ കാശും ഇല്ല. എന്താണു് പോംവഴി? അവൻ ആലോചിച്ചു. ഇരുട്ടിൽ തപ്പിത്തടഞ്ഞു വിളക്കുകത്തിച്ചു് അവൻ അമ്മയുടെ അടുത്തു കൊണ്ടുവച്ചു. ആ മാതാവു അപ്പോഴും അസഹ്യമായ വേദനയിൽപ്പെട്ടു ഞരങ്ങുകയാണു്. മാതാവിൻെറ ഓരോ ഞരങ്ങലും രവിയുടെ ഹൃദയത്തെ ആഴത്തിൽ ക്ഷതപ്പെടുത്തുകയാണു്. സ്വമാതാവിൻെറ ഈ ദയനീയസ്ഥിതി കണ്ടുനിൽക്കുവാൻ അവനു കരുത്തില്ല.

മീനാക്ഷിഅമ്മ ഉദരരോഗം പിടിപെട്ട ശയ്യാവലംബിനിയായിട്ടു ഇപ്പോൾ രണ്ടര വർഷത്തോളമായിരിക്കുന്നു. ഈ രണ്ടര വർഷക്കാലവും ആ സാധു സ്ത്രീ എന്തുമാത്രം യാതനകൾ അനുഭവിച്ചു എന്നു വർണ്ണിക്കവയ്യ വിദഗ്ദ്ധന്മാരായ വൈദ്യന്മാർ ചികിത്സിച്ചിട്ടു ഒരു കുറവും ഇല്ല. ഉണ്ടായിരുന്ന പണം മുഴുവനും വൈദ്യനും മരുന്നിനുമായി ചെലവഴിച്ചു. എന്നിട്ടും ഒരു ഭേദവും കാണുന്നില്ല. പോരെങ്കിൽ ഗോപാലൻനായരുടെ പെട്ടെന്നുള്ള മരണം ആ കുടുംബത്തെ ദുരിതത്തിൽ ആഴ്ത്തിക്കളഞ്ഞു. മീനാക്ഷിഅമ്മയുടെ രോഗം ദിനംപ്രതി വർദ്ധിച്ചുവന്നു. സാമാന്യം ധനശേഷിയുണ്ടായിരുന്ന ആ കുടുംബം ദാരിദ്ര്യത്തിൻെറ വക്ത്രത്തിലേക്കു നീങ്ങിക്കഴിഞ്ഞിരുന്നു. രവിയ്ക്കാകട്ടെ ലോകത്തിൻെറ യഥാർത്ഥരൂപം ഇപ്പോഴാണു് അനുഭവപ്പെട്ടുതുടങ്ങിയതു്. യൗവനകാലത്തിൻെറ ഈ ഘട്ടത്തിൽ അവൻ ആദ്യമായി വിഷമപ്രശ്നങ്ങളുടെ മുന്നിൽ കാലൂന്നുകയാണു്. കുടുംബത്തെ സംരക്ഷിക്കുക എന്ന ഭാരമേറിയ കർത്തവ്യം തന്നിൽ അടിച്ചേല്പിക്കപ്പെട്ടു. അല്ലെങ്കിൽ അവൻതന്നെയാണു് അതു നിവ്വഹി

Mar Ivanios College Library

# തളർന്ന സിരകൾ

## (സ്റ്റീഫൻ, I D. C.)

ആദിത്യൻ ചക്രവാളത്തിൽ അമർന്നുകഴിഞ്ഞിരുന്നു; ഇരുട്ടു നാലുപാടും വ്യാപിച്ചുതുടങ്ങി; ആകാശം കാർമേഘപടലങ്ങളാൽ ആവൃതമായി; ഉളം തെന്നൽ വീശി; വൃക്ഷങ്ങൾ ചലിച്ചു; വൃക്ഷച്ചില്ലകളുടെ ശബ്ദമല്ലാതെ വേറൊന്നും കേൾക്കുവാനില്ല.

മങ്ങിയ ആ ദീപത്തിനടുത്തു ഒരു മൂലയിൽ പ്രതിമപോലെ അചഞ്ചലമായി ശോകമൂകമായ ഒരു രൂപം ഇരിക്കുന്നു ഒരുകാലത്തു തേജസ്സും പ്രഭാവവും കളിയാടിയിരുന്ന ആ രൂപം ഇപ്പോൾ വിളറിയിരിക്കുന്നു. ദാരിദ്ര്യത്തിന്റെ മർദ്ദനത്തിനു വിധേയമായി പരാജയപ്പെട്ട അസ്ഥിപഞ്ജരമായി ചമഞ്ഞിരിക്കുന്നു. പ്രകാശപൂരിതമായിരുന്ന ആ നയനങ്ങൾ ഇപ്പോൾ കരിക്കട്ടപോലെ കെട്ടുപോയിരിക്കുന്നു. യൗവ്വനത്തെ വിളിച്ചുപറയുന്ന ആ വദനം വിളറി രക്തമയമില്ലാതായിത്തീർന്നിരിക്കുന്നു.

ശക്തിയേറിയ കാററുവീശി ആ മങ്ങിയ ദീപത്തെ അണച്ചുകളഞ്ഞു. ചിന്തയിലാണ്ടുകിടന്നിരുന്ന ആ രൂപം ചലിച്ചു് കൂരിരുട്ടിൽ തപ്പിത്തടഞ്ഞു എന്തോ അന്വേഷിക്കുകയാണു്.

“രവി, മോനേ, ഇങ്ങോട്ടു വാ”

ഒരു ഇടറിയ സ്വരം ആ നിശ്ശബ്ദതയെ ഭേദിച്ചു.

രോഗഗ്രസ്തയായ അമ്മയുടെ ദീനസ്വരമായിരുന്നു രവിയുടെ കർണ്ണങ്ങളിൽ തുളഞ്ഞുകയറിയതു്.

രവി കൂരിരുട്ടിൽ തപ്പിത്തടഞ്ഞു മാതാവിന്റെ അടുത്തെത്തി.

“അമ്മേ, എന്തുവേണം?” അവൻ അന്വേഷിച്ചു.

“കുടിക്കാൻ ഇത്തിരി ചൂടുവെള്ളം കൊണ്ടുവാ മോനേ”. വേദനയുടെ ഇടയിൽ മീനാക്ഷിഅമ്മ പറഞ്ഞു:

തീകത്തിക്കുവാൻ ഒരുകഷണം വിറകുപോലും ആ വീട്ടിലില്ല. വിറകു വാങ്ങിക്കുവാൻ കാശും ഇല്ല. എന്താണു് പോംവഴി? അവൻ ആലോചിച്ചു. ഇരുട്ടിൽ തപ്പിത്തടഞ്ഞു വിളക്കുകത്തിച്ചു് അവൻ അമ്മയുടെ അടുത്തു കൊണ്ടുവച്ചു. ആ മാതാവു അപ്പോഴും അസഹ്യമായ വേദനയിൽപ്പെട്ടു ഞരങ്ങുകയാണു്. മാതാവിന്റെ ഓരോ ഞരങ്ങലും രവിയുടെ ഹൃദയത്തെ ആഴത്തിൽ ക്ഷതപ്പെടുത്തുകയാണു്. സ്വമാതാവിന്റെ ഈ ദയനീയസ്ഥിതി കണ്ടുനിൽക്കുവാൻ അവനു കരുത്തില്ല.

മീനാക്ഷിഅമ്മ ഉദരരോഗം പിടിപെട്ടു ശയ്യാവലംബിനിയായിട്ടു ഇപ്പോൾ രണ്ടര വർഷത്തോളമായിരിക്കുന്നു. ഈ രണ്ടര വർഷക്കാലവും ആ സാധു സ്ത്രീ എന്തുമാത്രം യാതനകൾ അനുഭവിച്ചു എന്നു വർണ്ണിക്കവയ്യ. വിദഗ്ദ്ധന്മാരായ വൈദ്യന്മാർ ചികിത്സിച്ചിട്ടു ഒരു കുറവും ഇല്ല. ഉണ്ടായിരുന്ന പണം മുഴുവനും വൈദ്യനും മരുന്നിനുമായി ചെലവഴിച്ചു. എന്നിട്ടും ഒരു ഭേദവും കാണുന്നില്ല. പോരെങ്കിൽ ഗോപാലൻനായരുടെ പെട്ടെന്നുള്ള മരണം ആ കുടുംബത്തെ ദുരിതത്തിൽ ആഴ്ത്തിക്കളഞ്ഞു. മീനാക്ഷിഅമ്മയുടെ രോഗം ദിനംപ്രതി വർദ്ധിച്ചുവന്നു. സാമാന്യം ധനശേഷിയുണ്ടായിരുന്ന ആ കുടുംബം ദാരിദ്ര്യത്തിന്റെ വക്ത്രത്തിലേക്കു നീങ്ങിക്കഴിഞ്ഞിരുന്നു. രവിയ്ക്കാകട്ടെ ലോകത്തിന്റെ യഥാർത്ഥരൂപം ഇപ്പോഴാണു് അനുഭവപ്പെട്ടുതുടങ്ങിയതു്. യൗവന കാലത്തിന്റെ ഈ ഘട്ടത്തിൽ അവൻ ആദ്യമായി വിഷമപ്രശ്നങ്ങളുടെ മുന്നിൽ കാലൂന്നുകയാണു്. കുടുംബത്തെ സംരക്ഷിക്കുക എന്ന ഭാരമേറിയ കർത്തവ്യം തന്നിൽ അടിച്ചേല്പിക്കപ്പെട്ടു. അല്ലെങ്കിൽ അവൻതന്നെയാണു് അതു നിർവ്വഹി

ക്കേണ്ടതും. മീനാക്ഷിഅമ്മയുടെ ഏകപുത്രനാണ വൻ—അവളുടെ വാത്സല്യഭാജനവും.

രവി അങ്ങനെ വിഷമിച്ചുനിൽക്കുമ്പോൾ അ മ്മയുടെ ഞരങ്ങലും മൂളലും വീണ്ടും കേട്ടു. ചിന്ത യിൽ നിന്നും അവൻ ഞെട്ടിയുണർന്നു. മാതാവി ന്റെ ദീനസ്വരം തിരമാലകൾപോലെ അവന്റെ കർണ്ണങ്ങളിൽ വന്നടിച്ചപ്പോളാണ്.

ക്രാരിരുട്ടിൽ തപ്പിത്തടഞ്ഞു അവൻ മുററത്തിറ ങ്ങി. വൃക്ഷങ്ങളിൽനിന്നു വീണ ഉണങ്ങിയ ഇലകളും ചുള്ളികളും ശേഖരിച്ചു തീകത്തിച്ചു. പുക അടുപ്പിൽനിന്നു വമിച്ചുകൊണ്ടിരുന്നു. അവൻ കുനിഞ്ഞു ശക്തിയായി ഊതി തീപിടി പ്പിച്ചു. വെള്ളം ചൂടാകുന്നതുവരെ അവൻ അടു പ്പിനരികിൽ കുത്തിയിരുന്നു. ചിന്തകൾ ഓരോ ന്നായി അവനെ ആക്രമിച്ചുകൊണ്ടിരുന്നു.

പെട്ടെന്നു അവന്റെ ദൃഷ്ടികൾ അകലെ കാ ണുന്ന ആ മണിമന്ദിരത്തിൽ പതിച്ചു. പൂർവ്വ കാലസ്മരണകൾ അവന്റെ ഓർമ്മയിൽ തിക്കിക്ക യറി. യാതനയുടെ ഭീകരത ഒരു നിമിഷനേര ത്തേക്കു അവൻ വിസ്മരിച്ചുപോയി. രാധയുടെ ചിത്രം അവന്റെ ഹൃദയത്തിൽ തെളിഞ്ഞു പ്രകാ ശിച്ചു. ബാല്യംമുതൽക്കേ ഒന്നിച്ചു കളിച്ചും പ ഠിച്ചും വന്ന ആ രണ്ടു ഹൃദയങ്ങൾ എത്ര ആത്മാ ർത്ഥമായ സ്നേഹമാണ് പുലർത്തിയിരുന്നതു്! രാധ ഇപ്പോൾ യൗവനയുക്തയാണ്. യൗവനത്തിന്റെ ദീപം അവളിൽ തെളിഞ്ഞു പ്രകാശിക്കുന്നു. അവൾ ധനികനായ ഗോവിന്ദൻനായരുടെ ഏക പുത്രിയാണ്. ചെറുപ്പംമുതൽ പണം വാരിക്കളിച്ച അവൾക്കു ദാരിദ്ര്യമോ പട്ടിണിയോ എന്താണെ ന്നു അറിയുവാൻപാടില്ല. ആ കുടുംബത്തിന്റെ ഐശ്വര്യനക്ഷത്രമാണവൾ.

രവിയുടെ ചിന്തകൾ ഒന്നിനു പുറകേ ഒന്നാ യി കടന്നുപോവുകയാണ്.

"ഞാനൊ വിധിയുടെ വക്ത്രത്തിലമർന്ന നിർ ഭാഗ്യവാനാണ്". അവൻ അറിയാതെ വിളിച്ചു പറഞ്ഞുപോയി.

എന്നാൽ പതിനെട്ടു വർഷക്കാലം നീണ്ടുനിന്ന ആ ബന്ധം മാററുവാൻ ആർക്കു കഴിയും! ദാരി ദ്ര്യം രവിയേയും കുടുംബത്തേയും ഗ്രസിച്ചുകള ഞ്ഞു.

എങ്കിലും താനും രാധയും തമ്മിലുള്ള ബന്ധ ത്തിനു വല്ല ചലനവും സംഭവിക്കുമോ? അവൻ ആലോചിച്ചു.

"ഇല്ല, അവൾ എന്റെ ഹൃദയത്തിന്റെ അ ഗാധതലത്തിൽ പ്രേമത്തിന്റെ വിജയപതാക നാട്ടിക്കഴിഞ്ഞിരിക്കുന്നു".

രവിക്കു അവളോടു അളവില്ലാത്ത സ്നേഹമാ ണ്. തന്നെ ഇപ്പോൾ രണ്ടു വ്യക്തികളാണ് സ്നേഹിക്കുന്നതെന്നു അവനു തോന്നി. രോഗഗ്ര സ്തയായ വത്സലമാതാവും, പിന്നെ ആ ധനിക ന്റെ മകൾ രാധയും.

രവി വെള്ളവുമായി മാതാവിന്റെ സമീപ ത്തെത്തി. ഉറങ്ങിക്കിടന്ന ആ മാതാവിനെ അ വൻ വിളിച്ചുണർത്തി.

"അമ്മേ, ഇതാ വെള്ളം കുടിക്കൂ"

അവൻ അമ്മയെ താങ്ങി എഴുന്നേല്പിച്ചു ചൂടു വെള്ളം കുറേശ്ശ കുടിപ്പിച്ചു. അതിനുശേഷം ആ സ്ത്രീ വീണ്ടും ശയ്യയിലേക്കു ചരിഞ്ഞു.

രവിയുടെ നയനങ്ങളിൽ അശ്രുകണങ്ങൾ പൊടിഞ്ഞു. ദയനീയമായ മാതാവിന്റെ അവ സ്ഥ അവന്റെ ഹൃദയത്തെ വേദനിപ്പിച്ചു.

നാഴി അരി വാങ്ങി കഞ്ഞിവെച്ചു അമ്മയ്ക്കു കൊടുക്കുവാനുള്ള കഴിവു അവനില്ല. തന്റെ മാ താവിന്റെ സ്നേഹത്തിനു പ്രത്യുപകാരം നല്കു വാൻ അവൻ അശക്തനാണ്. പതിവായി സാ ധനങ്ങൾ വാങ്ങിക്കുന്ന കടയിലാണെങ്കിൽ ഇരു പതു രൂപാ കടമാണ്. പണം കൊടുക്കാതെ അരി കിട്ടുകയുമില്ല.

നേരം അർദ്ധരാത്രിയോടു അടുത്തിരുന്നു. ഹൃദ യഭാരത്തോടുകൂടി രവി പായിൽ ശരണംപ്രാപി ച്ചു. തിരിഞ്ഞും മറിഞ്ഞും കിടന്നുനോക്കി. ഉറ ക്കം വന്നില്ല. കണ്ണുകൾ രണ്ടും അടച്ചു കുറച്ചുനേ രം അങ്ങനെതന്നെ കിടന്നു. എന്നിട്ടും ഉറക്കം വന്നില്ല. അവൻ എഴുന്നേററു അങ്ങോട്ടും ഇ

Mar Ivanios College Library

ങ്ങോട്ടും നടന്നു. അമ്മയുടെ മൂക്കലും മൂളലും അല്ലാതെ അവന്റെ കർണ്ണങ്ങളിൽ വേറൊന്നും പതിച്ചില്ല. ലോകം നിദ്രയിൽ ലയിച്ചിരിക്കുകയാണ്. സകല ചരാചരങ്ങളും സുഷുപ്തിയിലാണ്ടുകിടക്കുന്നു.

അവൻ പായിൽ ചെന്നു വീണു.

“നാളെ രാവിലെ കഞ്ഞിക്കു അല്പം അരി അയലത്തുനിന്നു വാങ്ങണം” അവൻ ചിന്തിച്ചു. “അല്ലാതെ നിവൃത്തിയില്ല. ആ വക്കിയെ എത്ര പ്രാവശ്യമാണ് അസഹ്യപ്പെടുത്തുക. ഇപ്പോഴാണെങ്കിൽ അയാൾക്കു ജോലിയുമില്ല. വക്കിയും ഭാര്യയും രണ്ടു കുഞ്ഞുങ്ങളും വിഷമത്തിലാണു് കഴിഞ്ഞുകൂടുന്നതു്. എങ്കിലും അമ്മയുടെ വിഷമം അറിഞ്ഞെങ്കിലും അയാൾ സഹായിക്കാതിരിക്കില്ല. അയാൾ നല്ലവനാണ്.”

“അഥവാ അരി കിട്ടിയില്ലെങ്കിലോ?” രവി ഒന്നു നടുങ്ങി. അവന്റെ വയററിൽ തീകാളിത്തുടങ്ങി. അവന്റെ അവയവങ്ങൾ മല്ലടിക്കുകയാണ്, ആഹാരത്തിനുവേണ്ടി. കഴിഞ്ഞ രണ്ടു ദിവസങ്ങളായി വെറും പച്ചവെള്ളം കുടിച്ചു കഴിയുകയാണവൻ.

‘ദാരിദ്ര്യം’—ആ മൂന്നക്ഷരം അവൻ ഉച്ചരിച്ചു. അതിന്റെ യഥാർത്ഥ ഭീകരത അവൻ മനസ്സിലാക്കിയതു ഇപ്പോഴാണ്. അതു അവന്റെ അവയവങ്ങളെ കരണ്ടു തിന്നുകയാണ്.

“രാധ എന്റെ വിഷമങ്ങൾ അറിഞ്ഞുകാണുമോ?” അവൻ ചിന്തിച്ചു.

“ഇല്ല, അങ്ങനെയാണെങ്കിൽ അവൾ എന്നെ സഹായിക്കാതിരിക്കയില്ല”

എന്നാൽ അവളെ അറിയിച്ചാലോ? “ഹേ, വേണ്ട, അവൾ എന്തു വിചാരിക്കും—അവൾ കരയുമായിരിക്കും—വേണ്ട—അവൾ എന്റെ ദുരിതാവസ്ഥ കാണേണ്ട. ഞാൻ പട്ടിണികിടന്നു മരിച്ചാലും സഹായത്തിനു അവളോടു ചോദിക്കുകയില്ല”.

രവി കൺപോളകൾ അടച്ചു.

കോഴി കൂവി. സമയംപോയതു അവൻ അറിഞ്ഞില്ല. രാത്രിയിൽ തീരെ കണ്ണടച്ചില്ല. അവൻ പായിൽ കുറച്ചുനേരംകൂടി കിടന്നു.

പ്രഭാതസൂര്യന്റെ കിരണങ്ങൾ ആ ദരിദ്രകുടുംബത്തെ സന്ദർശിച്ചു.

അവൻ അമ്മയുടെ കാര്യം ഓർത്തു. പിന്നെ ഉറങ്ങുവാൻ അവനു തോന്നിയില്ല. പായിൽനിന്നും വളരെ പ്രയാസത്തോടുകൂടി കൈ നിലത്തു ഊന്നി അവൻ എഴുന്നേററു.

അമ്മ വേദന അനുഭവിക്കുകയാണ്. മൂക്കലും മൂളലും ഞരങ്ങലും വഴി ആ ഘോരയാതന വെളിപ്പെടുത്തുന്നു. തന്റെ ഹൃദയം തകരുന്നതായി അവനു തോന്നി.

രവി മാതാവിന്റെ അടുത്തു ചെന്നു.

“എനിക്കു ഇത്തിരി കഞ്ഞിവെച്ചുകൊണ്ടുവാ മോനേ” ആ സാധു സ്ത്രീ മൂക്കലിന്റേയും മൂളലിന്റേയും ഇടയിൽ പതറിയ സ്വരത്തിൽ പറഞ്ഞു.

രവിയുടെ നാവനങ്ങിയില്ല. അവൻ അശക്തനാണ്. ഒന്നും പറയാതെ അവൻ അവിടെനിന്നു പോയി. അവന്റെ ചിന്തകൾ അലതല്ലുകയാണ്.

“ആരോടു ചെന്നു ചോദിക്കാനാണ് ഇത്തിരി അരിക്കു? വക്കിയോടുതന്നെ ചോദിക്കാം” അവൻ സാവധാനത്തിൽ പുറത്തിറങ്ങി.

പ്രഭാതസൂര്യന്റെ ഇളംകിരണങ്ങൾ അവന്റെ കണ്ണിനെ മഞ്ഞളിപ്പിച്ചു. തലയുംകുനിച്ചുകൊണ്ടവൻ വക്കിയുടെ വീട്ടിൽ കയറിച്ചെന്നു. അവൻ ചെന്നപ്പോൾ അവിടെ കുട്ടികളുടെ നിലവിളിയും ബഹളവുമാണ്.

“വക്കിച്ചേട്ടൻ ഇവിടെയുണ്ടോ?” ഇടറിയ സ്വരത്തിൽ രവി അന്വേഷിച്ചു.

“ആരാ അതു്?” വക്കി ഇറങ്ങിവന്നു.

“എന്താ വിശേഷം? അമ്മയ്ക്കു എങ്ങനെയിരിക്കുന്നു?”

“പറയത്തക്ക കുറവൊന്നുംതന്നെയില്ല”

താൻ വന്ന കാര്യം ബോധിപ്പിക്കണമെന്നു

അവനു തോന്നി. പക്ഷേ ചുണ്ടനങ്ങിയില്ല—ശബ്ദം ഉയന്നില്ല.

വീണ്ടും അവൻ ഒന്നുകൂടി ശ്രമിച്ചു.

"കൊറച്ചു അരിവേണം അമ്മയ്ക്കു കഞ്ഞിവെച്ചുകൊടുക്കാൻ" ഇടറിയ സ്വരത്തിൽ രവി പറഞ്ഞു.

"ഞങ്ങളും ഇവിടെ പട്ടിണിയാണു്: ജോലി കിട്ടിയിട്ടു ആഴ്ച ഒന്നായി. ഏതായാലും ഉള്ളതിൽനിന്നും കുറച്ചു തരാം" എന്നു പറഞ്ഞുകൊണ്ടു വക്കി ഉള്ളിൽ കയറിച്ചെന്നു.

രവി ദീർഘമായി ഒന്നു നിശ്വസിച്ചു.

അല്പസമയത്തിനുള്ളിൽ വക്കി ഒരു കൈ നിറയെ അരിയുമായി പ്രവേശിച്ചു. രവി അതു വിനയപൂർവ്വം വാങ്ങി വിടവാങ്ങുകയും ചെയ്തു.

വീട്ടിലെത്തി അവൻ അതു തിളപ്പിച്ചു കഞ്ഞിയാക്കി അമ്മയ്ക്കു കൊടുത്തു. വിശന്നുകിടന്നിരുന്ന ആ മാതാവു ആർത്തിയോടെ അതു വാങ്ങി കുടിച്ചു. "നീ കുടിച്ചോ മോനേ?" കുടിക്കുന്നതിനിടയിൽ ആ സ്ത്രീ തിരക്കി. രവി ഒന്നും മിണ്ടിയില്ല. അവന്റെ വയററിൽ തീനാളം എരിയുകയാണു്—അവന്റെ കാലുകൾ അശക്തങ്ങളായിരിക്കുന്നു. ശരീരം നാൾക്കുനാൾ ക്ഷീണിച്ചുവരികയാണു്. അവൻ അടുത്തുള്ള തോട്ടിൽ ചെന്നു കുറച്ചു പച്ചവെള്ളംകോരി കുടിച്ചു് വീട്ടിൽ മടങ്ങിയെത്തി. വിശപ്പടക്കാൻ കണ്ട മാർഗ്ഗം ഇതായിരുന്നു.

ഒരു ജോലികിട്ടിയാൽ ഈ അവശതകളെല്ലാം മാററുവാൻ സാധിക്കുമെന്നവനറിയാം. പക്ഷെ ആരാണു് അവനു ജോലികൊടുക്കുക? ഏതായാലും ഒന്നു ശ്രമിച്ചുനോക്കാം എന്നുകരുതി അവൻ പുറത്തിറങ്ങി നടന്നു. പല വാതിലുകളിലും ചെന്നു തട്ടിനോക്കി—തനിക്കു ഏതെങ്കിലും ഒരു ജോലി തരണം എന്നവൻ കേണപേക്ഷിച്ചു.

"ഇവിടെ ആവശ്യത്തിനു ജോലിക്കാരുണ്ടു്" എന്നായിരുന്നു അവരുടെയൊക്കെ മറുപടി. പട്ടണത്തിൽ ചെന്നാൽ അവിടെ അഭ്യസ്തവിദ്യർക്കേ പ്രവേശനമുള്ളു.

സന്ധ്യയായപ്പോൾ ക്ഷീണിച്ചു അവശനായിത്തീർന്നിരുന്ന രവി വീട്ടിൽ തിരിച്ചെത്തി. ബോധരഹിതനായി അവൻ മുററത്തു വീണു. ആരും അവനെ അന്വേഷിക്കുവാൻ എത്തിയില്ല. ബോധം വരുന്നതുവരെ ആ കിടപ്പിൽത്തന്നെ അവൻ കിടന്നു. കണ്ണുതുറന്നുനോക്കിയപ്പോൾ ദിക്കെങ്ങും അന്ധകാരത്തിൽ മുഴുകിയിരിക്കുന്നു. അവിടെയും ഇവിടെയും ദീപത്തിന്റെ പ്രകാശം കാണാം.

രവിയുടെ കണ്ണുകൾ ആ മണിമന്ദിരത്തിൽ നിന്നു പ്രകാശിച്ചിരുന്ന ദീപത്തിൽ പതിച്ചു. രാധയുടെ മനോമോഹനമായ വദനം അവന്റെ ദുഃഖഭൂയിഷ്ഠമായ ഹൃദയത്തിൽ പ്രതിഫലിച്ചു. രവി എഴുന്നേററു ആ ദീപത്തെ ലക്ഷ്യമാക്കി നടന്നു. മുഷിഞ്ഞ മുണ്ടും, പൊടിപുരണ്ടു് ആകപ്പാടെ വിരൂപമായിത്തീർന്നിരുന്ന ശരീരവുമായി ആ യുവാവു് വീട്ടിന്റെ പടിക്കൽ എത്തിച്ചേർന്നു. മുമ്പിൽ കണ്ട കാഴ്ച അവന്റെ സിരകളെ നിർജ്ജീവങ്ങളാക്കിത്തീർത്തു. ആഡംബരപൂർണ്ണമായ വേഷമണിഞ്ഞു സ്നേഹിതകളുമായി നർമ്മസല്ലാപത്തിൽ രാധ ഏർപ്പെട്ടിരിക്കുകയാണു്. രവിയെ കണ്ടയുടൻ അവൾ അവിടെനിന്നു് അപ്രത്യക്ഷയായി. രവിയുടെ കണ്ണുകളിൽ നിന്നു് ബാഷ്പകണങ്ങൾ മുററത്തെ പൂഴിമണ്ണിൽ പതിച്ചു. സ്നേഹിതകളുടെ സാന്നിദ്ധ്യത്തിൽ ഇവനോടു സംസാരിച്ചാൽ അഭിമാനത്തിനും അന്തസ്സിനും ക്ഷതം സംഭവിക്കുമെന്നു അവൾ കരുതിയായിരിക്കാം.

രവിയുടെ നയനങ്ങളിൽ ഒരുതുള്ളി കണ്ണീർക്കണം അവശേഷിച്ചിരുന്നില്ല. അവൻ പരിഭ്രമിച്ചില്ല, ഹൃദയം നീറിയില്ല, പൊള്ളിയില്ല. പിന്നെ ഒരു നിമിഷനേരം അവിടെ നിന്നുമില്ല. അശക്തങ്ങളായ കാലുകൾ അവനേയും ഏന്തിക്കൊണ്ടകന്നു. വിദൂരതയിലേക്കു അവൻ നീങ്ങി.

അന്നു രാത്രി രാധ ഉറങ്ങിയില്ല. പേടിസ്വപ്നങ്ങൾ അവളെ അലട്ടിക്കൊണ്ടിരുന്നു. തന്നെ

Mar Ivanios College Library

അവനു തോന്നി. പക്ഷേ ചുണ്ടനങ്ങിയില്ല— ശബ്ദം ഉയന്നില്ല.

വീണ്ടും അവൻ ഒന്നുകൂടി ശ്രമിച്ചു.

"കൊറച്ച് അരിവേണം അമ്മയ്ക്കു കഞ്ഞിവെച്ചുകൊടുക്കാൻ" ഇടറിയ സ്വരത്തിൽ രവി പറഞ്ഞു.

"ഞങ്ങളും ഇവിടെ പട്ടിണിയാണ്; ജോലി കിട്ടിയിട്ടു ആഴ്ച ഒന്നായി. ഏതായാലും ഉള്ളതിൽനിന്നും കുറച്ചു തരാം" എന്നു പറഞ്ഞുകൊണ്ടു വക്കി ഉള്ളിൽ കയറിച്ചെന്നു.

രവി ദീർഘമായി ഒന്നു നിശ്വസിച്ചു.

അല്പസമയത്തിനുള്ളിൽ വക്കി ഒരു കൈ നിറയെ അരിയുമായി പ്രവേശിച്ചു. രവി അതു വിനയപൂർവ്വം വാങ്ങി വിടവാങ്ങുകയും ചെയ്തു.

വീട്ടിലെത്തി അവൻ അതു തിളപ്പിച്ചു കഞ്ഞിയാക്കി അമ്മയ്ക്കു കൊടുത്തു. വിശന്നുകിടന്നിരുന്ന ആ മാതാവു ആർത്തിയോടെ അതു വാങ്ങിക്കുടിച്ചു. "നീ കുടിച്ചോ മോനേ?" കുടിക്കുന്നതിനിടയിൽ ആ സ്ത്രീ തിരക്കി. രവി ഒന്നും മിണ്ടിയില്ല. അവന്റെ വയററിൽ തീനാളം എരിയുകയാണ്—അവന്റെ കാലുകൾ അശക്തങ്ങളായിരിക്കുന്നു. ശരീരം നാൾക്കുനാൾ ക്ഷീണിച്ചുവരികയാണ്. അവൻ അടുത്തുള്ള തോട്ടിൽ ചെന്നു കുറച്ചു പച്ചവെള്ളംകോരി കുടിച്ച് വീട്ടിൽ മടങ്ങിയെത്തി. വിശപ്പടക്കാൻ കണ്ട മാർഗ്ഗം ഇതായിരുന്നു.

ഒരു ജോലികിട്ടിയാൽ ഈ അവശതകളെല്ലാം മാററുവാൻ സാധിക്കുമെന്നവനറിയാം. പക്ഷേ ആരാണ് അവനു ജോലികൊടുക്കുക? ഏതായാലും ഒന്നു ശ്രമിച്ചുനോക്കാം എന്നുകരുതി അവൻ പുറത്തിറങ്ങി നടന്നു. പല വാതിലുകളിലും ചെന്നു തട്ടിനോക്കി—തനിക്കു ഏതെങ്കിലും ഒരു ജോലി തരണം എന്നവൻ കേണപേക്ഷിച്ചു.

"ഇവിടെ ആവശ്യത്തിനു ജോലിക്കാരുണ്ട്" എന്നായിരുന്നു അവരുടെയൊക്കെ മറുപടി. പട്ടണത്തിൽ ചെന്നാൽ അവിടെ അഭ്യസ്തവിദ്യർക്കേ പ്രവേശനമുള്ളൂ.

സന്ധ്യയായപ്പോൾ ക്ഷീണിച്ചു അവശനായി തീർന്നിരുന്ന രവി വീട്ടിൽ തിരിച്ചെത്തി. ബോധരഹിതനായി അവൻ മുററത്തു വീണു. ആരും അവനെ അന്വേഷിക്കുവാൻ എത്തിയില്ല. ബോധം വരുന്നതുവരെ ആ കിടപ്പിൽത്തന്നെ അവൻ കിടന്നു. കണ്ണുതുറന്നുനോക്കിയപ്പോൾ ദിക്കെങ്ങും അന്ധകാരത്തിൽ മുഴുകിയിരിക്കുന്നു. അവിടെയും ഇവിടെയും ദീപത്തിന്റെ പ്രകാശം കാണാം.

രവിയുടെ കണ്ണുകൾ ആ മണിമന്ദിരത്തിൽ നിന്നു പ്രകാശിച്ചിരുന്ന ദീപത്തിൽ പതിച്ചു. രാധയുടെ മനോമോഹനമായ വദനം അവന്റെ ദുഃഖഭൂയിഷ്ഠമായ ഹൃദയത്തിൽ പ്രതിഫലിച്ചു. രവി എഴുന്നേററു ആ ദീപത്തെ ലക്ഷ്യമാക്കി നടന്നു. മുഷിഞ്ഞ മുണ്ടും, പൊടിപുരണ്ട് ആകപ്പാടെ വിരൂപമായിത്തീർന്നിരുന്ന ശരീരവുമായി ആ യുവാവ് വീട്ടിന്റെ പടിക്കൽ എത്തിച്ചേന്നു. മുമ്പിൽ കണ്ട കാഴ്ച അവന്റെ സിരകളെ നിർജ്ജീവങ്ങളാക്കിത്തീർത്തു. ആഡംബരപൂർണ്ണമായ വേഷമണിഞ്ഞു സ്നേഹിതകളുമായി നർമ്മസല്ലാപത്തിൽ രാധ ഏർപ്പെട്ടിരിക്കുകയാണ്. രവിയെ കണ്ടയുടൻ അവൾ അവിടെനിന്ന് അപ്രത്യക്ഷയായി. രവിയുടെ കണ്ണുകളിൽ നിന്ന് ബാഷ്പകണങ്ങൾ മുററത്തെ പൂഴിമണ്ണിൽ പതിച്ചു. സ്നേഹിതകളുടെ സാന്നിദ്ധ്യത്തിൽ ഇവനോടു സംസാരിച്ചാൽ അഭിമാനത്തിനും അന്തസ്സിനും ക്ഷതം സംഭവിക്കുമെന്നു അവൾ കരുതിയായിരിക്കാം.

രവിയുടെ നയനങ്ങളിൽ ഒരുതുള്ളി കണ്ണീർക്കണം അവശേഷിച്ചിരുന്നില്ല. അവൻ പരിഭ്രമിച്ചില്ല, ഹൃദയം നീറിയില്ല, പൊള്ളിയില്ല. പിന്നെ ഒരു നിമിഷനേരം അവിടെ നിന്നുമില്ല. അശക്തങ്ങളായ കാലുകൾ അവനേയും ഏന്തിക്കൊണ്ടകന്നു. വിദൂരതയിലേക്കു അവൻ നീങ്ങി.

അന്നു രാത്രി രാധ ഉറങ്ങിയില്ല. പേടിസ്വപ്നങ്ങൾ അവളെ അലട്ടിക്കൊണ്ടിരുന്നു. തന്നെ

Mar Ivanios College Library

# പദ്ധതികളും ബഹുജനസഹകരണവും

(എൻ. കെ. ഗംഗാധരൻ. D. S. S. Class)

ജനാധിപത്യാടിസ്ഥാനത്തിലുള്ള ആസൂത്രണത്തിൽ പൊതുജന സഹകരണത്തിനുള്ള പങ്ക് മഹത്തരമാണ്. ഇന്ത്യയെപ്പോലെ ഒരവികസിത സമ്പദ്‌വ്യവസ്ഥയിൽ കിടക്കുന്ന രാഷ്ട്രത്തിൽ, പൂർണ്ണമായി ഉപയോഗിക്കപ്പെടാത്ത പ്രയത്നശക്തി ഏകോപിച്ച് രാഷ്ട്രത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി വിനിയോഗിക്കേണ്ടതുണ്ട്. ഈ പരിപാടി വിജയിക്കണമെങ്കിൽ നമ്മുടെ പദ്ധതിയുടെ സന്ദേശം ഗ്രാമങ്ങളിൽ അലയടിക്കണം. "ഇന്ത്യയുടെ ഹൃദയം ഗ്രാമങ്ങളിലാണ് സ്ഥിതിചെയ്യുന്നതെന്ന്" ഗാന്ധിജി പറഞ്ഞിട്ടുണ്ട്. നമ്മുടെ ഗ്രാമങ്ങളെ ഐശ്വര്യപൂർണ്ണവും സമ്പൽസമൃദ്ധവുമാക്കുന്ന കാര്യത്തിൽ അത്യന്താപേക്ഷിതമായിട്ടുള്ളത് ബഹുജനസഹകരണമത്രെ.

## പദ്ധതിയും ജനങ്ങളും

രാഷ്ട്രപുരോഗതിയിൽ വിപ്ലവകരമായ പരിവർത്തനങ്ങൾ ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾക്ക് നാം രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഒരു ഗവൺമെന്റിന്നുമാത്രം ചെയ്തുതീർക്കാവുന്നതല്ല, ഈ ഭാരിച്ച ചുമതലകൾ. ഈ മഹായജ്ഞത്തിന്റെ വിജയം ബഹുജനങ്ങളുടെ സഹകരണത്തെ ആശ്രയിച്ചിരിക്കുന്നു. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ അതിന്റെ പരിപൂർണ്ണ വിജയത്തിന്നുവേണ്ടി സ്വയം മറന്നു പ്രവർത്തിക്കാനുള്ള ആവേശം ജനങ്ങളിൽ ഉണ്ടാകണം. ഇതു സൃഷ്ടിക്കേണ്ട ചുമതല ഗവൺമെണ്ടിനുണ്ട്. സന്നദ്ധസേവനവും അദ്ധ്വാനശക്തിയും പരമാവധി പ്രയോജനപ്പെടുത്തുന്നതുമൂലം പദ്ധതിയുടെ നേട്ടങ്ങൾ മെച്ചപ്പെടുത്താൻ കഴിയും. അത്തരം സഹകരണ പ്രവർത്തനത്തിന്നുള്ള രംഗം പദ്ധതിയിൽ വേണ്ടിടത്തോളമുണ്ട്. എല്ലാകാര്യങ്ങൾക്കും–അതെത്ര നിസ്സാരമായിരുന്നാൽക്കൂടി–ഗവൺമെണ്ടിനെ ആശ്രയിക്കുക എന്ന ഒരു സ്വഭാവം ഇന്നു സാർവ്വത്രികമായി കാണാനുണ്ട്. ഈ സ്ഥിതിയ്ക്ക് ഒരു മാററംവന്നേ കഴിയൂ. ഗവൺമെണ്ടിനെ ആശ്രയിക്കാതെതന്നെ നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ പല ആവശ്യങ്ങളും നമുക്കു പരിഹരിക്കാൻ കഴിയും; കഴിയണം. ഉദാഹരണത്തിന്ന്, ജനങ്ങളെ സജീവമായി സഹകരിപ്പി

---

ഗ്രസിച്ചുകളയുവാൻ പാഞ്ഞെത്തുന്ന ചെന്നായ്ക്കൂട്ടത്തെ കണ്ട് അവൾ നിലവിളിച്ചു. സ്വപ്നത്തിന്റെ ഭീകരത ശമിച്ചപ്പോൾ അവൾ കണ്ണു തുറന്നു. എന്നാൽ അവിടെയും അവസാനിച്ചില്ല. തന്റെ ഗൃഹത്തിനു ആരോ തീവച്ചതായി അവൾ കണ്ടു. ഉടൻ കിടക്കയിൽനിന്നും ചാടിയെഴുന്നേററു സകല സ്ഥലവും പരിശോധിച്ചു. അതു വെറും സ്വപ്നമാണെന്നു മനസ്സിലായതിനുശേഷം വീണ്ടും ഉറങ്ങുവാൻ പോയി. എന്നാൽ തീരെ ഉറക്കംവന്നില്ല. അവൾ കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. ഭയംകൊണ്ടു ശരീരമാകെ വിയർത്തു തുടങ്ങി. നിമിഷങ്ങൾ മണിക്കൂറുകൾ പോലെ ഇഴഞ്ഞിഴഞ്ഞുപോയി. നാഴികമണിയുടെ ഹൃദയസ്പന്ദനമല്ലാതെ വേറൊന്നും അവൾ കേട്ടില്ല.

പെട്ടെന്നു മുററത്തൊരു ശബ്ദം കേട്ട അവൾ പരിഭ്രമിച്ച് വാതിൽ തുറന്നു പുറത്തു നോക്കി. തന്റെ മുമ്പിൽ വീണുകിടക്കുന്ന ഒരു യുവാവിന്റെ മൃതശരീരമാണവൾ കണ്ടത്. ബോധരഹിതയായി അവൾ നിലംപതിച്ചു. പിന്നെ ആ കിടക്കയിൽനിന്നും ചലിച്ചിട്ടില്ല.

—o—

Mar Ivanios College Library

ക്കാൻ കഴിയുന്ന ഒരു രംഗം തദ്ദേശവികസന പ്രവർത്തനമാണ്. ഈ പ്രവർത്തനത്തിൽ ജനങ്ങളെ പങ്കാളികളാക്കുന്നതുകൊണ്ട് രണ്ടുകാര്യങ്ങൾ സാധിക്കുന്നു. ഒന്നാമതായി വളരെക്കാലമായി നിർവ്വഹിക്കപ്പെടാതെകിടക്കുന്ന പ്രാദേശികകാര്യങ്ങൾ പലതും പരിഹൃതമാകുന്നു. രണ്ടാമതായി ദേശീയവികസന പരിപാടികൾ തങ്ങൾക്കുവേണ്ടിയാണെന്നും തങ്ങൾ അതിൽ ഭാഗഭാക്കുകളാണെന്നും ഉള്ള ഒരു വിശ്വാസം ഇതു ജനങ്ങളിൽ സൃഷ്ടിക്കുന്നു.

സന്നദ്ധസേവനവും അദ്ധ്വാനശക്തിയുടെ പരമാവധി പ്രയോജനപ്പെടുത്തലുമാണ് ഗ്രാമീണപദ്ധതികളുടെ വിജയത്തിന്നു നിദാനം. ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികളുടെ ഫലമായി ഗ്രാമീണപദ്ധതികൾ രൂപീകരിക്കുന്നതിൽ ജനങ്ങൾ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുകയും ചുമതലകൾ ഏല്ക്കാനുള്ള സന്നദ്ധത പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## സാമൂഹ്യക്ഷേമ പരിപാടികൾ

സാമൂഹ്യക്ഷേമ പരിപാടികളുടെ വിജയം ഈ രംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളെയാണ് പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. വ്യക്തികളുടേയും സ്വകാര്യസംഘടനകളുടേയും സംഭാവനകളെ ആശ്രയിച്ചാണ് മുൻകാലങ്ങളിൽ സന്നദ്ധസംഘടനകൾ പ്രവർത്തനം നടത്തിയിരുന്നത്. എന്നാൽ ഇന്നത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ സ്വകാര്യസംരംഭങ്ങളെ മാത്രം ആശ്രയിച്ചിരുന്നാൽ മതിയാവുകയില്ല. സാമൂഹ്യപ്രവർത്തകരുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണംനേടാൻ ഗവൺമെണ്ടു പരിശ്രമിക്കണം. തദ്ദേശാധികൃതർ, സന്നദ്ധസംഘടനകളും അതിന്റെ പ്രവർത്തകരുമായി കൂടുതൽ കൂടുതൽ അടുക്കണം. ഭാരത് സേവക്‌സമാജ്, ഭാരത് കൃഷക്‌സമാജ് തുടങ്ങിയ സംഘടനകൾ ഈ രംഗത്തു് നിസ്വാർത്ഥസേവനം ചെയ്തുകൊണ്ടിരിക്കുകയാണ്.

വിദ്യാർത്ഥികൾക്കും യുവാക്കൾക്കും രാഷ്ട്രനിർമ്മാണത്തിലുള്ള പങ്കിനെക്കുറിച്ച് പ്രത്യേകം പറയേണ്ടതില്ലല്ലോ. അവർക്കു സേവനത്തിന്നും സഹകരണത്തിന്നുമുള്ള സന്ദർഭങ്ങൾ കൂടുതലായി നൽകേണ്ടതു് പദ്ധതിയുടെ വിജയത്തിന്നു് അത്യന്താപേക്ഷിതമാണ്. രാഷ്ട്രത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുനർനിർമ്മാണം സാധ്യമാകണമെങ്കിൽ യുവതലമുറയുടെ കലവറയില്ലാത്ത സഹകരണം അത്യന്താപേക്ഷിതമാണ്. വിദ്യാർത്ഥികൾക്ക്, അവരുടെ അദ്ധ്യയനത്തിനു കോട്ടംതട്ടാതെ തന്നെ സാമൂഹ്യക്ഷേമ പരിപാടികളിൽ സഹകരിക്കാൻ കഴിയും. ഇങ്ങനെ സഹകരിക്കുന്നതുകൊണ്ട്, ഈ രാജ്യത്തെ സാമൂഹ്യപ്രശ്നത്തെക്കുറിച്ചുള്ള ബോധം അവരിൽ ഉളവാകുന്നു; അതോടൊപ്പം അതു പരിഹരിക്കാനുള്ള ഒരു വ്യഗ്രതയും. സാമൂഹ്യസേവനക്യാമ്പുകൾ ഈ രംഗത്തു് വിദ്യാർത്ഥികൾക്കുവേണ്ട പരിശീലനം നൽകാൻ ഉതകുന്നവയാണ്. ഭാരത് സേവക് സമാജ് തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിൽ അനവധി സാമൂഹ്യസേവനക്യാമ്പുകൾ ഇന്നു സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. വിദ്യാർത്ഥികൾ, സമൂഹ്യപ്രവർത്തകർ തുടങ്ങിയ സമൂഹത്തിന്റെ വിവിധതരത്തിലുള്ളവർ ഈ ക്യാമ്പുകളിൽ പങ്കെടുക്കുന്നു. ഒന്നോ രണ്ടോ ആഴ്ച ഒരു ഗ്രാമത്തിൽ ക്യാമ്പു നടത്തുന്നതുകൊണ്ട്, ആ ഗ്രാമജീവിതത്തിൽ സാരമായ ഒരു പരിവർത്തനവും വരുത്താൻ കഴിയുകയില്ല. എന്നിരുന്നാലും ആ ഗ്രാമത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ സ്വയം പഠിക്കാനും, ആ പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധം ഗ്രാമീണരിൽ സൃഷ്ടിക്കുന്നതിന്നും അങ്ങനെ ക്ഷേമപരിപാടികളുമായി അവരെ അടുപ്പിക്കുന്നതിന്നും ക്യാമ്പംഗങ്ങൾക്കു കഴിയുന്നു.

വിദ്യാർത്ഥികൾക്ക് പദ്ധതിയുമായി സഹകരിക്കാനുള്ള മറ്റൊരു രംഗം കാളേജുകളിലെ "പ്ലാനിങ്ങ് ഫോറം" ആണ്. നമ്മുടെ സംസ്ഥാനത്തു തന്നെ മിക്കവാറും എല്ലാ കോളേജുകളിലും ഇന്നു "പ്ലാനിങ്ങ്ഫോറങ്ങൾ" ഉണ്ട്. പദ്ധതിയെക്കു

Mar Ivanios College Library

# വരുന്നു ഞങ്ങൾ*

(പെരുമ്പുഴ ഗോപാലകൃഷ്ണൻ)

വരുന്നു ഞങ്ങൾ മാമലനാട്ടിൻ
വസന്തഗാനവുമായ്
വരുന്നു ഞങ്ങൾ നമ്മുടെ നാട്ടിൻ
സമൂഹഗാനവുമായ്.
കലയും കന്നിക്കതിരിൻകുലയും
വിരിയും നമ്മുടെനാട്ടിൽ
പുത്തനുഷസ്സുകൾ പീലിവിടർത്തി
നൃത്തംവച്ചു വരുമ്പോൾ, (വരുന്നു)
വിരുന്നുകാർക്കായ് വിഭവംനൽകാ-
നുണർന്ന കായൽത്തീരങ്ങൾ
വരണ്ട നാവിന്നമൃതും തണലും
വഹിച്ചുനിൽക്കും കേരങ്ങൾ,
വളർന്നുയർന്നങ്ങുലകംമുഴുവൻ
പരന്ന കേളീഗാനങ്ങൾ.
പറന്നുപോകും മേഘങ്ങളുമായ്
രഹസ്യമോതും ശൈലങ്ങൾ
നമ്മുടെജീവിതഭംഗികളിൽ പൊൻ-
കിങ്ങിണിചാർത്തിവരുമ്പോൾ (വരുന്നു)

വസന്തകന്യക നമ്മുടെനാട്ടിൽ
വിരുന്നു വരുമല്ലോ...
കുരുന്നുകാററിൻ പുഷ്പരഥത്തിൽ
വിരുന്നു വരുമല്ലോ......
യുഗങ്ങൾചിന്തിയ ചരിത്രരേഖകൾ
മറഞ്ഞുറങ്ങും മണ്ണിൽ
തഴച്ച ജീവിത ഭംഗികൾകാണാൻ
വിയർപ്പുമാലയുമേന്തി (വരുന്നു)
ഉരുക്കുകൈകളിലദ്ധ്വാനത്തിൻ
കരുത്തു പെരുകുമ്പോൾ,
ഉറച്ചുപാടും ഞങ്ങൾ കേരള-
സമൂഹഗാനങ്ങൾ-ജീവിത
സമൂഹഗാനങ്ങൾ.
അഴകുതൊണ്ടിൻ കൂട്ടിൽവിരിയും
അഴകിൻതാമരപോൽ
വാഴ്ത്തുക്കും ഞങ്ങൾ കേരള-
ഭാഗധേയങ്ങൾ-ജീവിത
ഭാഗധേയങ്ങൾ. (വരുന്നു)

---

റിച്ചുള്ള സെമിനാറുകൾ, സാമൂഹ്യസേവന ക്യാമ്പുകൾ, ദേശീയ സമ്പാദ്യപദ്ധതിപ്രചാരണം തുടങ്ങിയവയിൽ പങ്കാളികളാവാൻ ഇവ വിദ്യാർത്ഥികളെ സഹായിക്കുന്നു.

നമ്മുടെ രാഷ്ട്രം ഇന്നൊരു വഴിത്തിരിവിലാണ്. സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങൾ നിരവധി പരിഹരിക്കപ്പെടാതെ കിടക്കുന്നു. ഈ പ്രശ്നങ്ങൾക്കു സ്ഥായിയായ പരിഹാരം കാണണമെങ്കിൽ, ജനപക്ഷത്തുനിന്നുള്ള നിർല്ലോഭമായ സഹകരണം കൂടിയേതീരൂ. നമ്മുടെ ജനങ്ങളെ കൂടുതൽ പദ്ധതിമനഃസ്ഥിതിക്കാരാക്കേണ്ടിയിരിക്കുന്നു. പദ്ധതിയുടെ പ്രവർത്തനത്തിന്റെ വിജയത്തിന്നു് ഇതു് അത്യന്താപേക്ഷിതമാണു്. പദ്ധതിയെക്കുറിച്ചു് ജനങ്ങൾക്കു് വിശദീകരിച്ചു കൊടുക്കുകയും, അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും പദ്ധതിയിൽ എത്രമാത്രം പ്രതിഫലിച്ചിട്ടുണ്ടെന്നു് അവരെ ധരിപ്പിക്കുകയും വേണം. പദ്ധതിപ്രചാരണത്തിന്നുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവണ്മെണ്ടുകൾ പ്രത്യേക വകുപ്പുകൾതന്നെ സംഘടിപ്പിക്കുന്നതു നല്ലതാണു്. പദ്ധതിയെക്കുറിച്ചു് സെമിനാറുകൾ, പദ്ധതിവാരങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചും സിനിമ, പ്രചാരണവാഹനങ്ങൾ, ലഘുലേഖകൾ എന്നിവയുടെ സഹായത്തോടേയും വൻതോതിലുള്ള പ്രചാരണം നടത്തണം. ഇങ്ങനെ പദ്ധതിയെക്കുറിച്ചുള്ള ബോധം ഗ്രാമാന്തരങ്ങളിൽ എത്തിക്കഴിഞ്ഞാൽ പൊതുജന സഹകരണം കൂടുതലായി ലഭിയ്ക്കുമെന്നതിൽ സംശയമില്ല.

Mar Ivanios College Library

# ടാഗോറിന്റെ തത്ത്വചിന്ത

## (ഡി. അയ്യനേത്ത് എം. എ.)

**ബം**ഗാളിന്റെ അരുമസ്സന്താനവും, ഭാരതത്തിന്റെ അഭിമാനസ്തംഭവുമായ രവീന്ദ്രനാഥ ടാഗോർ സമുന്നതനായ ഒരു കലാകാരനും വിശ്വമഹാകവിയുമായിരുന്നല്ലോ. ഭാവനാസമ്പന്നനായ ഒരു കവി, നല്ല കഥാകാരൻ, മികച്ച നാടകകൃത്ത്, അനുഗൃഹീതനായ ഗാനശില്പി, ഉത്തമ നോവലെഴുത്തുകാരൻ എന്നീ നിലകളിലെല്ലാം ടാഗോർ സുപ്രസിദ്ധനാണ്. എന്നാൽ അദ്ദേഹം ഒരു തത്ത്വചിന്തകനും വേദാന്തിയുമാണെന്നകാര്യം അധികമാളുകൾക്കും അജ്ഞാതമാണെന്നു തോന്നുന്നു.

ഒരു പാശ്ചാത്യനിരൂപകൻ അഭിപ്രായപ്പെടുകയാണ്: ഡാ. രാധാകൃഷ്ണൻ 'ടാഗോറിന്റെ ഫിലോസഫി' എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതുവരെ ടാഗോർ ഒരു തത്ത്വചിന്തകനാണെന്ന് അദ്ദേഹത്തിന്റെ ആരാധകർ പോലും കരുതിയിരുന്നില്ല". ഈ അഭിപ്രായം തികച്ചും ശരിതന്നെ. ടാഗോറിന്റെ ഗാനാമൃതം നുകരാത്തവർ അപൂർവ്വമാണ്. അദ്ദേഹത്തിന്റെ കവിതാസരിത്തിൽ മുങ്ങിക്കുളിച്ചാനന്ദിക്കുന്നവർ നിരവധിയത്രേ. ആ കലാകാരന്റെ കഥാസൗധങ്ങളിൽ കുടിപാർത്തു സുഖിക്കുന്നവർ എത്രയെന്നു നിർണ്ണയിക്കുക സാധ്യമല്ല. എന്നാൽ ടാഗോർ കൃതികളാകുന്ന സമുദ്രത്തിന്റെ അന്തർഭാഗത്തു കിടക്കുന്ന ചിന്താരത്നങ്ങൾ കണ്ടെത്തുകയും ശേഖരിക്കുകയും ചെയ്യുന്നവർ തുലോം വിരളം.

സോക്രട്ടീസ്, അരിസ്റ്റോട്ടിൽ, പ്ലേറ്റോ, ശങ്കരാചാര്യർ, വിവേകാനന്ദൻ തുടങ്ങിയ സുപ്രസിദ്ധ തത്ത്വചിന്തകന്മാരോടൊപ്പം സ്ഥാനം ടാഗോറിനു നല്കാൻ ചിലർ മടിച്ചേക്കാം. എന്നാൽ ഒന്നാംകിടയിലുള്ള ഒരു തത്ത്വജ്ഞാനിയാണു മഹാകവിയെന്നു പറയാൻ ഒട്ടും സംശയിക്കേണ്ടതില്ല. ഉത്തുംഗമായ ഭാവനാശൈലത്തിന്റെ ശൃംഗത്തിൽ തത്തിക്കളിച്ച ടാഗോർ അസാമാന്യമായ മേധാബലം ഉള്ളവനായിരുന്നു. കൂടാതെ പ്രകൃതിദത്തമായ സിദ്ധികളെ കഠിനമായ അദ്ധ്വാനംവഴി പരിപുഷ്ടിപ്പെടുത്താൻ അദ്ദേഹത്തിനു സാധിച്ചു. വേദങ്ങളിലും . ഉപനിഷത്തുകളിലും, ദർശനങ്ങളിലും ടാഗോർ നല്ല വ്യുല്പത്തി സമ്പാദിച്ചു. അങ്ങനെ നേടിയ അഗാധമായ അറിവും അപാരമായ പാണ്ഡിത്യവും തന്റെ കൃതികളിൽക്കൂടി വെളിപ്പെടുത്താൻ അദ്ദേഹം ആവോളം ശ്രമിച്ചിട്ടുണ്ട്. ടാഗോറിന്റെ എല്ലാ കൃതികളിലും, വിശേഷിച്ച് ഗീതാഞ്ജലി "Personality", The Religion of Man", "Sadhana", Fruit Gathering", Water-fall", The Cycle of Spring", The post Office", മുതലായ ഗ്രന്ഥങ്ങളിൽ വിശിഷ്ടമായ തത്ത്വചിന്തകൾ അദ്ദേഹം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഭാരതീയ തത്ത്വചിന്തയുടെ ആണിക്കല്ല് ആസ്തിക്യബോധമാണല്ലോ. ടാഗോർ ആസ്തിക്യബോധത്തിൽ അടിയുറച്ചവനായിരുന്നു. ആ ചിന്ത അദ്ദേഹം നല്ലതുപോലെ വ്യക്തമാക്കിയിട്ടുണ്ടുതാനും. ഈ പ്രപഞ്ചവും അതിലുള്ള സകലവും, പ്രത്യേകിച്ച് പ്രപഞ്ചത്തിന്റെ കിരീടമായ മനുഷ്യനും ഈശ്വരനിൽനിന്നാണ് ആസ്തിക്യത്തിലെത്തുന്നതെന്ന് അദ്ദേഹം സ്പഷ്ടമാക്കിയിട്ടുണ്ട്. അദ്ദേഹം പാടുന്നതു കേൾക്കുക:—

"സ്വേച്ഛയാ തന്നതാണങ്ങുന്നീയാകാശം
സ്വേച്ഛയാ തന്നതാണീ പ്രകാശം

Mar Ivanios College Library

നീ തന്നതാണു ഞാൻ കൈക്കുമ്പിൾ നീട്ടാ
ചേതസ്സും ദേഹവും ചേതനയും" [തെ

ഇഷ്ടാനുസരണം ഈശ്വരൻ സകലത്തേയും ഉണ്ടാക്കിയെന്നാണ് കവിയും ചിന്തകനുമായ ടാഗോർ വിവക്ഷിക്കുന്നതു്. തന്നെയുമല്ല, ഈശ്വരൻ തന്നെയാണ് സകലത്തേയും കാത്തു പരിപാലിക്കുന്നതെന്നും ടാഗോർ നമ്മെ പഠിപ്പിക്കുന്നു:-

"വായ്ക്കുന്നോരാപത്താമത്യാഗ്രഹത്തിന്റെ
വായിൽനിന്നെന്നെ നീ രക്ഷിക്കുന്നു
പോകും ചിലപ്പോൾ ഞാൻ മാർഗ്ഗഭ്രമംപററി,
പോരും ചിലപ്പോൾ നിൻ പാത തേടി
ഇന്നെനിയ്ക്കൊക്കെയും സുഗ്രഹമായല്ലോ
നിന്നുടെ കാരുണ്യമാണിതെല്ലാം."

ആപത്തിൽ നമ്മെ കാത്തു രക്ഷിക്കുന്നതും സത്യമാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുമ്പോൾ നേരായ മാർഗ്ഗത്തിൽ നടക്കാൻ നമ്മെ സഹായിക്കുന്നതും ഈശ്വരനാണ്. അതിനാൽ സകല കാര്യങ്ങളിലും ഈശ്വരനെ ആശ്രയിക്കുകയാണു വേണ്ടതു്.

സത്യം, സൗന്ദര്യം എന്നിവയുടെ സാകല്യമായിട്ടാണു ടാഗോർ ഈശ്വരനെ ദർശിക്കുന്നതു്. സത്തു്, ചിത്തു്, ആനന്ദം (സച്ചിദാനന്ദൻ) എന്നിവയുടെ പൂർണ്ണതയാണീശ്വരനെന്നും അദ്ദേഹം വിശ്വസിച്ചു. ഡാക്ടർ രാധാകൃഷ്ണന്റെ അഭിപ്രായപ്രകാരം ടാഗോർ ഒരു അദ്വൈതസിദ്ധാന്തിയാണ്. എന്നാൽ ശ്രീ ശങ്കരാചാര്യരുടെ അദ്വൈതത്തിൽ കണ്ണുമടച്ചു് ടാഗോർ വിശ്വസിച്ചിരുന്നില്ല. ഈശ്വരൻ സത്യത്തിന്റെ സാകല്യമായും പ്രപഞ്ചം മായയായിട്ടുമാണല്ലോ ശങ്കരാചാര്യർ പരിഗണിച്ചതു്. എന്നാൽ ടാഗോറാകട്ടെ, പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യം നിഷേധിച്ചില്ല. ലോകം വെറും മിഥ്യയാണെന്നു അദ്ദേഹം പറയുന്നില്ല. ലോകത്തിനു യാഥാർത്ഥ്യമുണ്ടു്. പക്ഷെ അതു് ഈശ്വരനിൽനിന്നു ലഭിക്കുന്നെന്നു മാത്രം. അങ്ങനെ നോക്കുമ്പോൾ ലോകത്തിലെ സൗന്ദര്യവും, സത്യവും, സന്തോഷവുമെല്ലാം ഈശ്വരനിൽനിന്നു സിദ്ധിച്ചവയാണെന്നുവരുന്നു. മനുഷ്യാത്മാവാണു ഈശ്വരനോട്ട് ഏററം സാദൃശ്യമുള്ള വസ്തു. മനുഷ്യാത്മാവു് സദാ ഈശ്വരനെ നോക്കുകയാണ്. "ഞാൻ ഇവിടെ അങ്ങേയ്ക്കായി ഗാനങ്ങൾ ആലപിക്കാൻ ഇരിക്കുകയാണു്. അങ്ങയുടെ ഈ ശാലയിൽ ഒരു കോണിൽ എനിക്കൊരാസനമുണ്ടു്." ഈശ്വരനും ആത്മാവുമായുള്ള ബന്ധം ഈ വാക്കുകളിൽ സൂചിതമാണല്ലോ. "അങ്ങു് എന്റെ സർവ്വസ്വവുമാണു്" എന്നു പറയുന്നതിനുള്ള സ്വല്പ ശക്തിമാത്രം എന്നിൽ അവശേഷിക്കട്ടെ. അങ്ങയെ എന്റെ സമസ്തഭാഗ്യവും സ്പർശിക്കുന്നതിനും, സമസ്തത്തിലും അങ്ങയുടെ അടുത്തുവരുന്നതിനും, ഓരോ നിമിഷവും എന്റെ പ്രണയത്തെ അങ്ങയിൽ അർപ്പിക്കുന്നതിനും വേണ്ടിമാത്രമായുള്ള ആ സ്വല്പ മനഃശക്തിമാത്രം എന്നിൽ അവശേഷിക്കട്ടെ." ഈശ്വരനുമായി ഐക്യംപ്രാപിക്കാനുള്ള ആത്മാവിന്റെ ആഗ്രഹമാണു് ഈ വാക്കുകളിൽ നാം കാണുന്നതു്.

മനുഷ്യനിൽ മൃഗാംശവും ദേവാംശവുമുണ്ടെന്നാണു ടാഗോർ പഠിപ്പിക്കുന്നതു്. സത്യത്തിന്റെ സംഗീതം സ്പഷ്ടമായികേൾക്കുന്നതു് ആത്മാവിലാണ്. ആത്മാവു് തെളിയുംതോറും ആ സംഗീതത്തിനു മാധുര്യംകൂടും. അതിനാൽ മനുഷ്യനിലുള്ള ദൈവാംശം വളരുകയും മൃഗാംശം തളരുകയുംവേണം. ഇന്ദ്രിയനിഗ്രഹം മാത്രമല്ല അതിനുള്ള മാർഗ്ഗം. ഈശ്വരചൈതന്യം മനുഷ്യാത്മാവിലാണു് ഏററം കൂടുതലായി പ്രശോഭിക്കുന്നതെന്നകാര്യം മനുഷ്യൻ മനസ്സിലാക്കണം. ഈശ്വരചൈതന്യം അറിയുകയും സാക്ഷാൽക്കരിക്കുകയുമാണു് മനുഷ്യന്റെ ജീവിതയാത്രയുടെ പരമമായ ലക്ഷ്യം. ഈ ആത്മസാക്ഷാൽക്കാരം നേടാനുള്ള ഏററം ഉത്തമമായ മാർഗ്ഗം ഭക്തിയാണു്. എന്നാൽ കലയും തത്വശാസ്ത്രവും, സൗന്ദര്യവും, ജ്ഞാനവും മോക്ഷമാർഗ്ഗങ്ങളാണെന്നു് അദ്ദേഹം




# വനികയിലെ വനിത

## (എസ്സ്. പാവന. D. S. S. Class.)

വനികയൊന്നിലതീവശോകാർത്തയായ്
വനിതയേക മരുവുകയാണതാ!
ക്ഷണികമാകുമീ മായികലോകമേ,
ക്ഷണമണയ്ക്കുമോ ഹസ്താവലംബനം?...
വലിയ വേദന വാൻ വിതുമ്പുമാ-
വിധുരിതാംഗി നതാംഗിതാനെങ്കിലും
ഒഴുകിടുന്ന ശ്രുവോമൽക്കവിളിണ
കഴുകുവാനതു പോരുമനാദ്രതം.
ഭരിതവിസ്മയം വിങ്ങുന്ന ഹൃത്തടം
വിഗതഭ്രതസ്മൃതിയിൽ ലയിക്കവേ;
വിരവിലെത്രദിനം കമിതാവുമൊ-
ത്തവിടെ വാടിയിൽ പൂചൂടി നിന്നവൾ
വളരൊളി ചിന്നിമിന്നി മറഞ്ഞൊരാ-
ക്കളികളിൽ കഴിച്ചാ നല്ല നാളുകൾ-
അവയൊരിളിക്കിളി ചേർന്നുവെങ്കിലു-
മരുളിടുന്നവ നേരിയ ശോകവും
ഒരു 'ശകുന്തള'യല്ലവളെങ്കിലും
കുടിലകുന്തളാലംകൃതയാണവൾ

---

കരുതി. ബാഹ്യസൗന്ദര്യത്തിൽക്കൂടി ആന്തരിക സൗന്ദര്യത്തിലെത്തുന്ന കലാകാരൻ അവസാനം സൗന്ദര്യത്തിന്റെ പൂർണ്ണതയുമായി ഐക്യംപ്രാപിക്കും. ജ്ഞാനത്തിൽക്കൂടിയാത്രചെയ്യുന്ന തത്ത്വചിന്തകൻ സത്യത്തിന്റെ സാകല്യവുമായി യോജിക്കുകയാണ് ചെയ്യുന്നതു്. ഭക്തിയുടെ മാർഗ്ഗം സുഗമമാണു്. ആർക്കും അതിലേ സഞ്ചരിക്കാം. മിസ്റ്റിസിസം ഈ മാർഗ്ഗത്തിന്റെ അവസാനപടിയാണ്. എല്ലാവർക്കും അതുവരെചെന്നെത്താൻ സാധിച്ചെന്നുവരില്ല. എന്നാൽ മോക്ഷപ്രാപ്തിയ്ക്കു അതു കൂടിയേതീരുവെന്നില്ല. ഭക്തി എല്ലാവർക്കും ആവശ്യമാണു്.

ഓരോ അയാളുടെ മാത്രം ആത്മസാക്ഷാൽക്കരണത്തിനായി പ്രവർത്തിച്ചാൽ പോരാ. മററുള്ളവരെയും മോക്ഷമാർഗ്ഗത്തിൽ നയിക്കാൻ ഓരോരുത്തനും കടമയുണ്ടു്. ആ കടമ നിറവേററാനാണു് ടാഗോർ "ശാന്തിനികേതനം" സ്ഥാപിച്ചതു്. സത്യം, സൗന്ദര്യം, കർമ്മം, ഭക്തി എന്നിവയുടെ സങ്കേതമാണു് ശാന്തിനികേതനം. ഗീതയിലും മററും ഉപദേശിച്ചിട്ടുള്ള മുക്തിമാർഗ്ഗങ്ങളിൽനിന്നും വിഭിന്നങ്ങളായ മാർഗ്ഗങ്ങളൊന്നുമല്ല ടാഗോർ ഉപദേശിച്ചതു്. എന്നാൽ സൗന്ദര്യാരാധകനായിരുന്ന അദ്ദേഹം കലയ്ക്കും തത്ത്വചിന്തയോടൊപ്പം സ്ഥാനം നല്കിയിട്ടുണ്ടു്.

ചുരുക്കത്തിൽ, പ്രകൃതിയിൽക്കാണുന്ന സൗന്ദര്യവും സത്യവും സകലരേയും സത്യത്തിന്റേയും സൗന്ദര്യത്തിന്റേയും ഇരിപ്പിടമായ ഈശ്വരനിലേക്കു നയിക്കണമെന്നാണു് ടാഗോർ വ്യക്തമാക്കിയതു്. മനുഷ്യനിലുള്ള ദേവാംശം നശിക്കാതെ, അതു് പരിപുഷ്ടമാക്കി ഈശ്വരനുമായി ഐക്യംപ്രാപിക്കാൻ ഓരോരുത്തനും പരിശ്രമിക്കണം. ആ ശ്രമത്തിൽ വിജയിക്കുന്നവൻ യഥാർത്ഥഭാഗ്യവാനാണു്.

Mar Ivanios College Library

ചെറുതടില്ലതപോലെ ലസിച്ചു തൻ
'പ്രിയതമാരകൾ' നോക്കിക്കഴിഞ്ഞവൾ
ഒരു സുമമാസമാഗമിച്ചപ്പോഴാ
യുവമിഥുനമൊരുമിച്ചുചേർന്നുപോയ്;
തളിരിടാനായ് കൊതിച്ചൊരാ വാടിക
സുരഭിലമായ്. വസന്തം വരികയായ്!...
മദഭരമധുമാസരജനികൾ
മൃദുലമോഹനജീവിതശോഭയിൽ
കഴിയുകയായ് കദനമറിഞ്ഞിടാ-
തവരിരുവരും 'നാകീയശാന്തി'യിൽ.
കതിരുമേന്തി നിരന്ന പാടങ്ങളും
കനകകാന്തിയിൽ കേരമരങ്ങളും
അലയലയ്ക്കുന്ന കായലോരങ്ങളും
തഴുകിയാ രണ്ടു മാനവാത്മാക്കളെ!...

പിരിയുകയായ് പ്രിയതമനോമലിൻ
ദുരിതമെല്ലാമൊടുക്കിയകറ്റുവാൻ
അകലെ ജോലി തിരക്കിത്തിരിക്കയായ്
തരുണനോമനയ്ക്കാനന്ദമേകുവാൻ...
വിവിധവേദനയിങ്കൽ വിദീർണ്ണനായ്
പുരുഷജീവിതയാഥാർത്ഥ്യമൊക്കെയും
അനുഭവിച്ചനുവേല മപ്പുരുഷൻ
ദിനവുമേറെപ്പണിചെയ്തുവിശ്രമം
തൊഴിലു കിട്ടി പണമയച്ചീടുവാൻ
കഴിവുമൊട്ടവനുണ്ടായിതപ്പോഴേ,
മുഖരിതമായി ദേശമെല്ലാമൊരു
സമരകാഹളധ്വാനം ശ്രവിക്കയാൽ...
യുവജനങ്ങളെച്ചേർത്തു നിരത്തുവാൻ
കൊടിയ സാമ്രാജ്യമോഹികളാകവേ
ത്വരിതമെത്തിയ യുദ്ധക്കൊതിയര-
ന്നണുകബോംബുകളേന്തി മദോദ്ധതർ
മനുജരക്തമൊഴുകി, യക്കോമള-
തരുണനാ രണഭൂമിയിൽ വീണുപോയ്;
ഇനിയൊരിക്കലുണരാത്ത മട്ടി,ലാ
മിഴികൾ മുറ്റും മിഴിക്കാതടഞ്ഞുപോയ്!

ഇനി വരാതവണ്ണം പ്രിയൻ പോയതും
കരുതിയിന്നു ചുടുനെടുവീർപ്പുകൾ
വിടുകയാണവ,ളാനതശീർഷയായ്
മിഴിയൊഴിയാതെനീർപൊഴിച്ചിപ്പൊഴും
കൊടിയ യുദ്ധം വരുത്തുന്നിതവിധം
കെടുതികളെത്ര; മാനവരാകവേ
തകരുവാൻമാത്രമായ് വരുത്തുന്നൊരീ-
സമരമെങ്ങനെ നാം സഹിക്കും സഖീ!...
വനികയിങ്കലതീവശോകാഗ്നിയിൽ
വനിതയിന്നു ദഹിക്കുകയാണതാ;
കരുണതൻ ചെറുശാന്തിയരുളിടും
കണികയാരു ചൊരിയുമാവാടിയിൽ?

മരിച്ചുകഴിഞ്ഞാൽ വിസ്മരിക്കപ്പെടാതിരിക്കുവാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ വായിക്കാൻകൊള്ളാവുന്ന വല്ലതും എഴുതുക; അല്ലെങ്കിൽ എഴുതാൻകൊള്ളാവുന്ന വല്ലതും ചെയ്യുക

—ഫ്രാങ്ക്ലിൻ

ദുഃഖമനുഭവിക്കുന്നവനൊഴികെ മറ്റെല്ലാവർക്കും കഴിയും ദുഃഖമടക്കുവാൻ

—ഷേക്സ്പിയർ

# ആശാൻ കാവ്യങ്ങളിലേയ്ക്കൊരെത്തിനോട്ടം

## (കെ. രാമചന്ദ്രൻനായർ I. D. C)

മലയാളസാഹിത്യനഭോമണ്ഡലത്തിൽ ചരിത്രം സൃഷ്ടിച്ച കവികളിൽ മഹാകവി കുമാരനാശാൻ പ്രഥമഗണനീയനാണ്. അദ്ദേഹം മലയാളഭാഷയുടെ ഗളതലത്തിൽ അർപ്പിച്ച കാവ്യരത്നങ്ങൾ എന്നും പ്രകാശമാനമായിത്തന്നെയിരിക്കും.

ആശാന്റെ ജീവചരിത്രത്തിലേയ്ക്ക് ഒരവലോകനം നടത്താൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും ചിറയിൻകീഴ് താലൂക്കിലെ 'കായിക്കര"യെപ്പററി കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ വിശ്രുതനാമം ഓരോരുത്തരുടേയും സ്മൃതിപഥത്തിൽ പൊന്തിവരും. അദ്ദേഹത്തിന്റെ ജീവചരിത്രം കേരളീയക്ക് സുപരിചിതമാണ്.

ആശാന്റെ അനശ്വരകൃതികളിലേയ്ക്ക് ഒന്നു കടന്നുനോക്കാം. വീണപൂവ്, നളിനി, ലീല, ദുരവസ്ഥ, കരുണ, പ്രരോദനം, ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായ സീത മുതലായവയാണ് അദ്ദേഹത്തിന്റെ കാവ്യരത്നങ്ങൾ. ഈ കൃതികളിൽക്കൂടിയാണദ്ദേഹം ലോകപ്രസിദ്ധിയാർജ്ജിച്ചതും.

വീണപൂവിന്റെ കഥയോർക്കുമ്പോൾ നാം ഓരോരുത്തരും അവരവരുടെ ഭാവനാലോകത്തിലേയ്ക്കുയരുകയായി. സുന്ദരമായ ഒരു പുഷ്പം; അതിനെ നമ്മൾ അത്ര സാരമാക്കുന്നില്ല. എന്നാൽ ആശാനോ, അദ്ദേഹം അങ്ങനെയല്ല. ആശാന്റെ ഭാവനാവൈദഗ്ദ്ധ്യം 'വീണപൂവി'ൽ ഉടനീളം പ്രകാശിക്കുന്നു. അദ്ദേഹത്തിന്റെ തത്വചിന്തയോ? അതിന്റെ അഗാധത ആരേയും അമ്പരപ്പിക്കുന്നതാണ്.

കേവലം ഒരു പൂവിനെക്കുറിച്ചായിരിക്കുമോ ആ അരുമ കാവ്യം ആശാൻ രചിച്ചതു്? തീർച്ചയായും അങ്ങനെയാകാൻ തരമില്ല. അല്ലെങ്കിൽ

"ഈവണ്ണമൻപൊടു വളർന്നഥ നിന്റെയംഗ-
മാഷ്ക്കരിച്ചു ചില ഭംഗികൾ, മോഹനങ്ങൾ
ഭാവം പകർന്നു വദനം; കവിൾ കാന്തിയാർന്നു
പൂവേ, അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു"

..... ..... ..... ..... ..... എന്ന് ആശാൻ എഴുതുമായിരുന്നോ? ഭാവം പകർന്ന വദനവും, കാന്തിയുള്ള കവിളിണകളും, അതിൽ മൊട്ടിടുന്ന മന്ദഹാസവും കേവലം ഒരു പൂവിനെക്കുറിച്ചാവാൻ തരമില്ല. ആ ഭാവപ്പകർച്ചകളെല്ലാം യൗവനയുക്തയായ ഒരു തരുണിയിൽ ഓളംവെട്ടുന്നവയാണ്.

"ഉല്പന്നമായവ നശിക്കുമണുക്കൾ നില്ക്കും"

..... ..... ..... ..... എന്നു തുടങ്ങിയ വരികൾ ആശാന്റെ തത്വചിന്തയുടെ മകുടോദാഹരണങ്ങളാണ്.

കവി പിന്നെയും പാടുന്നു:

"ഹാ! ഗുണികളൂഴിയിൽ നീണ്ടുവാഴാ"

അദ്ദേഹത്തിന്റെ ജീവിതത്തിൽ യഥാർത്ഥമായി പരിണമിച്ച ഒരു പ്രസ്താവം.

അവസാനം അദ്ദേഹം തന്റെ നയനങ്ങളെ പിൻവലിക്കുകയാണ്; കാണുവാൻ കരുത്തില്ലാത്തതുകൊണ്ട്.

സ്നേഹം എന്ന രണ്ടക്ഷരവുമായി നളിനിയെന്ന മൂന്നക്ഷരത്തിലേയ്ക്ക് കടന്നിരിക്കുകയാണ് ആശാൻ. നളിനി ഒരു ശോകപര്യവസായിയായ കഥയാണ്.

നളിനിയും ദിവാകരനും ബാല്യകാല സുഹൃത്തുക്കൾ ആണ്. കാലം അവരിൽ പല മാററങ്ങളും വരുത്തി. യൗവ്വനത്തിന്റെ മാദകലഹ

രിയിൽ അവരെത്തിയപ്പോൾ അതു് പ്രേമമായി മാറി.

നളിനിയിലെ പ്രേമം സഫലീകൃതമാകുന്നില്ല. നളിനീദിവാകരന്മാരുടെ ആശാവല്ലരി പുഷ്പിക്കുന്നില്ല. അവ എല്ലാംതന്നെ വാടിക്കൊഴിഞ്ഞുപോയി.

ആശാന്റെ കൃതികളിലെ പ്രേമം ഒന്നുംതന്നെ വികസിക്കുന്നില്ല. അതു് അദ്ദേഹത്തിന്റെ ആശയഗതിയുടെ ഒരു പ്രത്യേകതയാണു്. സഫലീകൃതമായാൽ പ്രേമം അധികം സുഖപ്രദമാകുകയില്ലെന്നായിരിക്കുമോ ആ മഹാകവിയുടെ മതം?

അതാ, മറെറാരു കരളലിയിക്കുന്ന കഥ–ലീല. അതും സുഖപര്യവസായിയല്ല.

“മരുഭൂക്കളിനൊക്കെയപ്പുറത്തു്” വിന്ധ്യപർവ്വതനിരകളിൽക്കൂടി പ്രേമപരവശനായി നടന്ന ഒരു കാമുകൻ “ലീല” “ലീല” യെന്നു ദയനീയമായി വിളിക്കുന്ന വിളി നാം കാതോർത്തു ശ്രവിക്കുന്നില്ലേ? കൊച്ചുപർവ്വതങ്ങളുടെ ശിഖരങ്ങളിൽ തട്ടി ആ ധ്വനി തെക്കൻകാററിൽ അലിഞ്ഞുചേർന്നിട്ടുണ്ടാവും.

ലീല സുന്ദരിയും സുശീലയുമാണു്. മദനൻ അവളുടെ ഇഷ്ടതോഴനാണു്. പക്ഷെ ലീല വേറൊരാൾക്കു് സ്വന്തമായിത്തീർന്നു. പട്ടണത്തിൽ എത്തിയ ലീല വളരെ ദുഃഖിതയായി കഴിച്ചുകൂട്ടുന്നു.

മദനൻ നാടുവിട്ടു. അങ്ങകലെ, വിന്ധ്യപർവ്വതനിരകളിലേയ്ക്കു്, പിതാവും മാതാവും നഷ്ടപ്പെട്ട ലീല മാധവിയുമായി മദനനെ തിരക്കിയിറങ്ങി. പർവ്വതത്തിന്റെ താഴ്വരയിൽവച്ചു് അവർ കണ്ടുമുട്ടി. മദനനും ലീലയും! പക്ഷെ മദനൻ അധികനേരം നിന്നില്ല. അന്തിച്ചുകപ്പു് പടിഞ്ഞാറേചക്രവാളത്തെ പൂശിയിരിക്കുകയാണു്. അടുത്തു നർമ്മദ ശാന്തഗംഭീരയായി ഒഴുകുകയാണു്. മദനൻ നർമ്മദയിൽചാടി, പുറകേ ലീലയും. അങ്ങനെ അവിടെ രണ്ടും അവസാനിച്ചു. മാധവി ദുഃഖിതയായി തിരിച്ചുപോകുന്നു.

അതോടെ കാവ്യം അവസാനിക്കുന്നു.

ലീലയിലെ പ്രേമവും സഫലീകൃതമാകുന്നില്ല.

ഇനി കരുണ. ആ മോഹനകാവ്യം കേരളീയക്കു് സുപരിചിതമാണല്ലോ. വാസവദത്തയേയും ആ വണിഗ്വരനേയും ആരെങ്കിലും മറന്നുപോകുമോ? ഉപഗുപ്തൻ നിങ്ങളുടെ ഭാവനയിൽനിന്നും മായുമോ? ആശാന്റെ കഥാപാത്രങ്ങളാരും നമ്മുടെ സ്മൃതിപഥത്തിൽനിന്നും വിട്ടുപോകുന്നതല്ല.

ഉത്തരേന്ത്യയിൽ നടന്ന ആ സംഭവം.

യമുനയിൽ ഇളംകാററു് വീശുന്നു. ഒരു ചിതയുയർന്നുനില്ക്കുന്നതു് നോക്കുക. നല്ലവളായിത്തീർന്ന വാസവദത്തയുടെ ശരീരമല്ലേ അഗ്നിക്കിരയാകുന്നതു്? സായമായപ്പോൾ വന്ന ഉപഗുപ്തന്റെ നയനങ്ങളിൽനിന്നും “ആമലകീഫലം പോലെ” അടർന്നുവീണ കണ്ണുനീർത്തുള്ളികൾ അവളുടെ ആത്മാവിനു് നിത്യശാന്തി നേരാതിരിക്കുമോ?

പ്രരോദനം ആശാന്റെ ഒരു ഉത്തമകൃതിയാണു്. കദനത്തിന്റെ കടലാണു് പ്രരോദനം. മലയാളഭാഷയ്ക്കു മറക്കാനാവാത്ത ശ്രീ A. R. രാജരാജവർമ്മകോയിത്തമ്പുരാന്റെ മരണത്തെ പുരസ്കരിച്ചെഴുതിയതാണു് പ്രരോദനം. അദ്ദേഹത്തിന്റെ മരണം മലയാളഭാഷയ്ക്കു് നികത്താനാവാത്ത ഒരു വിടവാണു്.

മൺമറഞ്ഞ അദ്ദേഹത്തെ വാഴ്ത്തിയശേഷം കവിതയവസാനിക്കുന്നു. മരണത്തെസംബന്ധിച്ചുള്ള തത്വചിന്ത അതിൽ വളരെ പ്രകാശിക്കുന്നുണ്ടു്. “ഇവിടമാണദ്ധ്യാത്മവിദ്യാലയം!”

ചണ്ഡാലഭിക്ഷുകി ആശാന്റെ മറെറാരു മോഹനകൃതിയാണു്.

“തൂമ തേടുംതൻ പാള കിണററിലി–
ട്ടോമൽക്കയ്യാൽ കയറുവലിക്കുന്ന”

ആ ചണ്ഡാലിയെ നാം എന്നും ഭാവനയിൽ കാണുകതന്നെ ചെയ്യും.

ദുരവസ്ഥ മലയാളസാഹിത്യഭാണ്ഡാഗാരത്തിനു് ഒരു മുതൽക്കൂട്ടുതന്നെ.



Mar Ivanios College Library

# മുരളീനാദം

(കെ. ററി. തോമസ്, P. U. C.)

പൊന്നോണപ്പൂവുപോൽ പുന്നാരമോലുന്ന
പുല്ലാങ്കുഴലിൻ മധുരനാദം
കുന്നിൻ ചരിവിലെപ്പുന്നതൻ ചാരത്തു
കുന്നിച്ചെടിയാൽ പരിവൃതമായ്,
പല്ലവത്തൊത്തുപോൽ കൂമ്പിനില്ക്കുന്നൊ-
പ്പുല്ലുമാടത്തിന്നു നിർഗ്ഗളിച്ച്, [രാ-
പച്ചിലച്ചാർത്തിലൂടൂർന്നിറങ്ങീട്ടുടൻ
പിച്ചവെച്ചെത്തിയാത്താഴ്‌വരയിൽ.
താഴ്‌വരത്തോപ്പിലെത്താമരപ്പൊയ്കയാ-
ത്താലോലം കേട്ടു മയങ്ങിനിന്നു;
വെള്ളിനിലാവക്കുളിർ പത്രകങ്ങളിൽ
തുള്ളിത്തുടിക്കാതെ തങ്ങിനിന്നു;
പാതിരാപ്പൂവുകൾ പാലലപെയ്യവേ
പാതിവിടർന്ന മിഴികളുമായ്,
തൻമൃദുഹൃത്തിലൂടൂളിയിട്ടേറിയ
തേൻചോരും ശബ്ദം ലയിച്ചനേരം,
ആലോലമാമിതളൊന്നുമിളക്കാതെ
ആനന്ദനിർവൃതി പൂണ്ടുനിന്നു;
നീളേ നിലത്തെമണൽത്തരിയോരോന്നും
മേളത്തിൽ കോരിത്തരിച്ചുനിന്നു;
ആ വേണുഗാനത്തിന്നാകമ്രവീചികൾ
ആകാശത്തെത്തങ്ങുമലയടിക്കേ,
വെൺതിങ്കൾത്താലവും മിന്നുമുഡുക്കളും
കൺപീലിചിമ്മാതെ നോക്കിനിന്നു;
വെള്ളിമേഘങ്ങളാം വെള്ളപ്പിറാവുകൾ
ഉള്ളിലെക്കന്നിക്കിനാക്കളുമായ്,
വെൺചിറകെല്ലാമൊതുക്കിവിശാലമാം
വിൺനീലശാഖിയിൽത്തങ്ങിനിന്നു.
സ്രഷ്ടമാരോരാ മുരളിതൻ നാദത്തിൽ
അഷ്ടദിക്കും വിലയിച്ചുനിന്നു!

---

ശ്രീനാരായണഗുരുവിന്റെ 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ആശയത്തോട് തികച്ചും യോജിക്കുന്നുണ്ട് ആശാൻ.

അന്ന് നിലവിലിരുന്നിരുന്ന അനാചാരങ്ങളെ ഉന്മൂലനംചെയ്യാൻ ദുരവസ്ഥ കുറയൊക്കെ സഹായിച്ചിട്ടുണ്ടെന്നു പറയാം.

അന്നത്തെ മാപ്പിളലഹളയുടെ ഉദ്ദേശമെന്തായിരുന്നു? അതിന്റെ കാരണമെന്താണ്? സാമ്പത്തികമായ പരാധീനതകളായിരുന്നില്ലേ അതിനടിസ്ഥാനം? അതല്ലേ ജന്മിമാരേയും കുടിയന്മാരേയും തമ്മിൽ തെററിച്ചതും ലഹളയുണ്ടാക്കിച്ചതും? ആ ദയനീയസംഭവത്തിന്റെ ചിത്രമാണ് ദുരവസ്ഥ. മലബാറിലെ ആ ലഹള കേരളചരിത്രത്തിന്റെ ഏടുകളിൽ എന്നും നിലനില്ക്കുക തന്നെ ചെയ്യും. ദുരവസ്ഥയുടെ രചനയോടുകൂടി ആശാന്റെ കീർത്തി ഒന്നുകൂടി വിസ്തൃതമായി.

ആശാന്റെ സാഹിത്യസേവനംകൊണ്ട് മലയാളസാഹിത്യത്തിന്നുണ്ടായ ഐശ്വര്യം അളവററതാണ്. ഒരു ഈഴവനായ മഹാകവി കുമാരനാശാൻ എല്ലാവരേയും സ്നേഹിച്ചു, ബഹുമാനിച്ചു, ആദരിച്ചു. വായനക്കാരെ ഇരുത്തിച്ചിന്തിപ്പിക്കുവാനുള്ള ആശാന്റെ കഴിവു വളരെ വിസ്മയകരം തന്നെ. അതു് നാട്ടിനെ ഐശ്വര്യത്തിലേയ്ക്കു നയിക്കുവാൻ കൂടുതൽ സഹായിച്ചു.

1912-ൽ വെയിൽസ് രാജകുമാരനിൽനിന്ന് വീരശൃംഖലയും പട്ടംവാങ്ങിയ അദ്ദേഹത്തിന്റെ കഴിവ് അപാരമാണ്. അക്കൊല്ലത്തിൽത്തന്നെ പുഷ്പവാടി പ്രസിദ്ധീകൃതമായി. അതിലെ "തോട്ടത്തിലെ എട്ടുകാലി" എന്ന കവിതതന്നെ എത്ര മനോഹരമാണ്!

ആശാന്റെ അവസാനം ശോകകരമായിരുന്നു. അതോർക്കുമ്പോൾ ഓരോ കേരളീയന്റേയും ഹൃദയം കോരിത്തരിക്കും. 1924-ൽ ഉണ്ടായ ഒരു ബോട്ടപകടത്തിൽപ്പെട്ട് ആ മഹാത്മാവ് നിത്യശാന്തിയിൽ ലയിച്ചു.

ആശാന്റെ മരണം കേരളഭാഷയ്ക്ക് ഏററവും വലിയ ഒരാഘാതമായിരുന്നു. അങ്ങനെ കേരളത്തിന്റെ മണ്ണിൽ ജനിച്ച്, കേരളത്തിന്റെ ശ്വാസം ശ്വസിച്ച്, കേരളത്തിന്റെ മണ്ണിൽത്തന്നെ മറഞ്ഞ ആ കവികുഞ്ജരന്റെ നാമം മലയാളസാഹിത്യചരിത്രത്തിൽ സുവർണ്ണലിപികൾകൊണ്ട് ലേഖനം ചെയ്യപ്പെടുകതന്നെ ചെയ്യും.

# വിധിയുടെ വൈചിത്ര്യം

(Y. ഗീവർഗ്ഗീസ്, P. U. C.)

അതാ കാണുന്ന ഒരു വലിയ ജനക്കൂട്ടം. ആ നാട്ടിൽ ഇതുപോലൊരു ജനക്കൂട്ടം ആരുംതന്നെ കണ്ടിട്ടില്ല. ബാലികാബാലന്മാർ, യുവതീയുവാക്കന്മാർ, വൃദ്ധന്മാർ, വൃദ്ധമാർ എന്നുതുടങ്ങി എല്ലാ തരത്തിലുമുള്ള ആളുകളെയും അവിടെ കാണാം. ആ കൊച്ചു കുടിലിനു മുമ്പിൽ കാണുന്ന മൂകരായ ആളുകൾ "നാണു; നാണു" എന്ന ശബ്ദം മാത്രമാണു് പുറപ്പെടുവിക്കുന്നതു്. ഈ നാണു ആരാണു്?

"എടാ മോനേ, മണി നാലു കഴിഞ്ഞില്ലേ? നീ എഴുന്നേററു് പഠിക്കുന്നില്ലയോ? കഴിഞ്ഞ പരീക്ഷക്കു് നീ എല്ലാ വിഷയങ്ങൾക്കും തോററുപോയില്ലേ?"

അമ്മയുടെ നിർദ്ദേശാനുസരണം കുഞ്ഞുമോൻ എഴുന്നേററു് പഠിത്തം ആരംഭിച്ചു. പറയുന്ന സമയത്തിനു് ആ മാതാവു് വിളിച്ചുണർത്തും.

"ശങ്കുവേ! ശങ്കു!! ഇടാ ശങ്കുവേ!"

"ഓ"

"നീ ഇന്നു് നിലം ഉഴുവാൻ പോകുന്നില്ലയോ? മണി അഞ്ചു കഴിഞ്ഞല്ലോ. നിന്റെ അച്ഛനാണെങ്കിൽ ഇന്നലെമുതൽ സുഖമില്ലാതെ കിടക്കുകയല്ലേ? നീ രാമനെയും വിളിച്ചു് കന്നുകാലികളേയും അഴിച്ചുകൊണ്ടു പോകൂ"

മാതാവിന്റെ നിർദ്ദേശാനുസരണം അവൻ കൃത്യസമയത്തു് ഉണർന്നു. അവർ പറഞ്ഞയക്കുകയാണു്.

"വാഹീദ് നാളെ ഉച്ചക്കുതന്നെ എത്തിച്ചേരണ്ടേ? ഇന്റർവ്യൂന് താമസിച്ചാൽ വലിയ കഷ്ടമല്ലേ? മണി ഒന്നുകഴിഞ്ഞല്ലോ. നീ ഇനി ഒരുങ്ങി ഇവിടെനിന്നും ബസ്സ്റ്റാന്റിൽ ചെല്ലുമ്പോൾ ആദ്യത്തെ വണ്ടിതന്നെ കിട്ടും."

അങ്ങനെ ആ നാട്ടിലെ ഓരോ വീട്ടിലേയും സംഭവങ്ങൾ അവർ സമയനിശ്ചയത്തോടെ പറയുന്നു. ഭയങ്കരമായ മഴയായിക്കൊള്ളട്ടെ; വലിയ കൊടുങ്കാററായിക്കൊള്ളട്ടെ; മരംകോച്ചുന്ന തണുപ്പായിക്കൊള്ളട്ടെ—രാത്രിയിൽ ഓരോ മണിക്കൂറും നീങ്ങുമ്പോൾ അവർക്കറിയാം. കിടക്കയിൽ നിന്നും എഴുന്നേൽക്കണ്ടാ, അവരുടെ വിളക്കുകൾ കൊളുത്തണ്ടാ—എങ്കിലും അവർക്കു് സമയം അറിയാൻ സാധിക്കും. അതായിരുന്നു ആ നാട്ടിലെ വിശേഷം.

പ്രഭാതംമുതൽ പ്രദോഷംവരെ പണിയെടുക്കുന്ന സാധുക്കളാണു് ആ നാട്ടിൽ കൂടുതലും. എല്ലുമുറിയെ പണിയെടുത്തു് ധനവാന്മാരിലും സമാധാനത്തോടെയാണു് അവർ ജീവിതം നയിക്കുന്നതു്. അവരുടെ പിഞ്ചു കുഞ്ഞുങ്ങൾ ഉണരുന്നതിനു മുമ്പേ അവർ തൊഴിൽശാലകളിലേക്കു് പോകും. മുതലാളിമാരും ജന്മിമാരും പറയുന്ന സമയങ്ങളിൽ തൊഴിലാളികൾ ചെന്നില്ലായെങ്കിൽ പിന്നീടു കഥ പറയണ്ടല്ലോ.

ആ നാട്ടിലെ സാധാരണക്കാരുടെ ഒരു കണ്ണിലുണ്ണിയാണു് നാണു. ആരാണു നാണു? നാണുവിനു് അവർ ഇത്ര പ്രാധാന്യം നൽകാൻ കാരണമെന്താണു്? നാണു ഒരു ധനവാനാണോ? അല്ല. അവൻ വിദ്യാസമ്പന്നനാണോ?.... അല്ല.

ദിവസം പത്തും പതിനഞ്ചും കൂലിക്കാരെക്കൊണ്ടു് ജോലിചെയ്യിച്ചു് ശമ്പളം കൊടുക്കുന്ന ഒരു ജന്മിയെക്കാൾ അവർക്കു ബഹുമാനം നാണുവിനെയാണു്.

ഈ നാണു ആരാണു്?

ആ നാട്ടിൽ ഒരേ ഒരു കശുവണ്ടിഫാക്ടറി.

Mar Ivanios College Library

നാണു അതിലെ ഒരു തൊഴിലാളിയാണു്. നാണു ഒഴികെ ബാക്കിയുള്ള തൊഴിലാളികൾ സൂര്യദേവന്റെ സാന്നിദ്ധ്യത്തിൽ ആണു് ജോലിചെയ്യുന്നതു്. നാണുവാണെങ്കിൽ സന്ധ്യാദേവിയോടൊത്താണ് ജോലിക്കു വരുന്നതു്. ഫാക്ടറിയിൽ വന്നാൽ ഉടൻ അവന്റെ ആയുധങ്ങൾ കൈയിലെടുക്കും—ഒരു തടിക്കഷണവും ഒരു മണിയും. അവന്റെ മുമ്പിൽ ഇരിക്കുന്ന വാച്ചു് ഏഴടിക്കുമ്പോൾ നാണുവും നാണുവിന്റെ മണിയിൽ 7 അടിക്കും. അങ്ങനെ അടുത്ത ദിവസം രാവിലെ ഏഴുമണിവരെ ഓരോ മണിക്കൂറും ഇടവിട്ടു മുഴക്കി നാട്ടുകാർക്കു് സമയം കാണിച്ചുകൊടുക്കുകയാണു്. ഫാക്ടറി ഉയർന്ന സ്ഥാനത്തായതുകൊണ്ടു് എല്ലാവർക്കും ഭംഗിയായി അവരവരുടെ കിടക്കയിൽ കിടന്നുകൊണ്ടുതന്നെ കേൾക്കാം.

ഈ സേവനം ചെയ്യുന്നതുകൊണ്ടാണു് നാണു ആ നാട്ടുകാരുടെ കണ്ണിലുണ്ണിയായിത്തീർന്നതു്.

നാണുവിന്റെ അച്ഛൻ മരിച്ചിട്ടു് അഞ്ചുവർഷവും, അമ്മ മരിച്ചിട്ടു് ഒന്നരവർഷവും കഴിഞ്ഞു. കർഷകനായിരുന്ന അച്ഛന്റെയും ആ അമ്മയുടെയും ഒരേ ഒരു പുത്രനാണു് നമ്മുടെ നാണു.

നാണു തന്റെ ഓമനക്കുഞ്ഞുങ്ങളുമായി കളിച്ചു്, വീട്ടിലെ ചില്ലറ ജോലികളും ചെയ്തു് സന്ധ്യക്കു് ഫാക്ടറിയിലേക്കു് പോകും. നാണു പോയിക്കഴിഞ്ഞാൽ നാണുവിന്റെ രണ്ടു കുഞ്ഞുങ്ങളും ഭാര്യയും മാത്രമാണു് വീട്ടിൽ. മൂത്തപുത്രൻ മൂന്നാംക്ലാസ്സിലാണു് പഠിക്കുന്നതു്. നാണുവിന്റെ വീടിനു സമീപത്തു് ധാരാളം തൊഴിലാളികൾ ഉള്ളതിനാൽ രാത്രിയിൽ ചില സ്ത്രീതൊഴിലാളികളുംകൂടെ നാണുവിന്റെ വീട്ടിൽ വന്നു കിടക്കും.

നാണുവിന്റെ കുഞ്ഞുങ്ങളെ ആ നാട്ടിലെ തൊഴിലാളികൾക്കെല്ലാം അറിയാം. നാണുവിന്റെ ആ കൊച്ചുകൂരയുടെ പടിക്കൽക്കൂടി പോകുന്ന തൊഴിലാളികളുടെ ദൃഷ്ടികൾ അങ്ങോട്ടു പാഞ്ഞുകയറാതെ പോകുകയില്ല. അവന്റെ വീട്ടിൽ വഴക്കില്ല. വാക്കുതർക്കമില്ല; എപ്പോഴും സമാധാനം. അതാണു നാണുവിന്റെ വീടിന്റെ പ്രാധാന്യം.

നാണുവിന്റെ ഭാവനകൾ വർദ്ധിച്ചു. ഒരു പുതിയ വീടുവയ്ക്കുക, കുട്ടികളുടെ പഠിത്തം നടത്തുക, കുറച്ചു സ്ഥലംകൂടി വാങ്ങിക്കുക എന്നിവയായിരുന്നു അവയിൽ പ്രധാനപ്പെട്ടവ. അവന്റെ ശമ്പളത്തിൽ മിച്ചമുള്ളതെല്ലാം ഫാക്ടറി മുതലാളിയെ ഏല്പിച്ചിരിക്കുകയാണു്. അവന്റെ പുതിയ പുരവയ്ക്കാൻ ധാരാളം സാധനങ്ങൾ ക്രമേണ ശേഖരിച്ചുവരികയായിരുന്നു. നാണുവിന്റെ പഴയ വീട്ടിന്റെ സ്ഥാനത്തു് ഒരു പുതിയ വീടു് ഉയർന്നുകാണാൻ തൊഴിലാളികൾ ആകാംക്ഷയോടിരിക്കയാണു്.

നാണുവിന്റെ മൂത്തമകനായ ഗോപി 8-ാം സ്റ്റാൻഡാർഡിൽ പഠിക്കുകയാണു്. ആ സ്കൂളിലെ എല്ലാ അദ്ധ്യാപകർക്കും ഗോപിയെ അറിയാം. അവന്റെ പാട്ടുകേൾക്കാൻ അദ്ധ്യാപകർപോലും അവനെ സമീപിക്കുമായിരുന്നു. പഠിത്തത്തിലും ആ സ്കൂളിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കയാണു്. അഞ്ചാംസ്റ്റാൻഡാർഡിൽ പഠിക്കുന്ന രണ്ടാമത്തെ പുത്രനായ രാജുവും ആ ക്ലാസ്സിലെ അദ്വിതീയസ്ഥാനം കരസ്ഥമാക്കിയിരിക്കയാണു്. ഒരു സാധാരണ തൊഴിലാളിയായ നാണുവിന്റെ ഓമനസന്താനങ്ങൾ രണ്ടുപേരും സ്കൂളിൽ എണ്ണപ്പെട്ട കുട്ടികളായിത്തീർന്നു. അവരുടെ പിന്നാലെ ഒരു സംഘം കുട്ടികൾ കാണും. ആ നാട്ടിലെ വിദ്യാസമ്പന്നരുടേയും കലാകാരന്മാരുടേയും തൊഴിലാളികളുടേയും അഭിപ്രായങ്ങളിൽ നാണുവിന്റെ കുടുംബത്തിനു് പ്രഥമസ്ഥാനം കിട്ടി.

നാണു പുതിയ വീടിനായി പണിയാരംഭിച്ചു. ആദ്യമായി അവന്റെ താമസസ്ഥലത്തുനിന്നും പാറ പൊട്ടിച്ചെടുക്കാൻ ഏർപ്പാടുചെയ്തു. പാറ വെടിവയ്ക്കുമ്പോൾ പാറകൾ പൊട്ടിത്തെറിക്കുന്നതു കാണാൻ നാണുവിന്റെ ഇളയപുത്രനായ രാജുവിനു് കൗതുകമായിരുന്നു.

Mar Ivanios College Library

രാജു പതിവുപോലെ പകർത്തി (പാഠം) എഴുതി. വീട്ടുപാഠകണക്കും മററും ചെയ്ത് പുസ്തകങ്ങൾ എല്ലാം അടുക്കിപ്പെറുക്കിവച്ചു. ഒരു കപ്പു കാപ്പിയും രാവിലെ കുടിച്ചിട്ടുണ്ട്.

അതാ അവൻ പാറ തെറിക്കുന്നതു കാണാൻ അതിനു സമീപത്തുള്ള ഒരു മരത്തിൽ കയറാൻ പോകയാണ്. അവൻ ചെന്നു. ആരും അറിയാതെ മരത്തിൽ കയറി, ആരും കാണാതെ ഇലകളിൽ ഒളിച്ചിരുന്നു, പാറ തെറിക്കുന്നതു കാണാൻ.

പാറവെടിക്കാരൻ അതിൻെറ അടയാളത്തിനായി ശബ്ദം ഉയർത്തി. നാണുവും, ഭാര്യയും, ഗോപിയും രാജുവിനെ അന്വേഷിച്ചു. അവൻ അയൽവക്കത്തു കാണുമെന്നുള്ള പ്രതീക്ഷയിൽ അവർ വീട്ടിനുള്ളിൽ കയറിയിരുന്നു.

മൂന്നു വെടികളിൽ ആദ്യത്തെ വെടി പൊട്ടിയപ്പോൾതന്നെ രാജു ഭയന്നു് ഇരുന്ന മരക്കമ്പുമായിട്ട് താഴെ വീണതും രണ്ടാമത്തെ വെടി പൊട്ടിയതും ഒന്നിച്ചു കഴിഞ്ഞു. മൂന്നാമത്തെ വെടിയും പൊട്ടി. രണ്ടാമത്തെ പൊട്ടലിൽ നിന്നും ഉണ്ടായ പാറമുഖേന രാജു മൃതിയടഞ്ഞുകഴിഞ്ഞു.

പാറവെടിക്കാരൻ ഓടിവന്നു. അവൻ ആദ്യമായി കണ്ടതു് മരക്കമ്പും പിന്നീട് അന്ത്യശ്വാസം വലിക്കുന്ന രാജുവിനെയുമാണ്. അവൻെറ നിലവിളികൊണ്ട് അച്ഛനും അമ്മയും നാട്ടുകാരും ഓടിയെത്തി.

അന്നേദിവസം സ്കൂളിന് അവധികൊടുത്തു. അദ്ധ്യാപകരിൽ ആരുംതന്നെ കണ്ണുനീർപൊഴിക്കാതിരുന്നില്ല. കുട്ടികളുടെ കഥ പറയണ്ടല്ലോ. ധാരാളം തൊഴിലാളികൾ വന്നു. ആ ഓമനക്കുഞ്ഞിൻെറ ശവം വീട്ടിനടുത്തുതന്നെ സംസ്കരിച്ചു. അങ്ങനെ നാണുവിൻെറ ഇരുപൂക്കളിൽ ഒന്നു വാടിക്കരിഞ്ഞുപോയി.

ദിവസങ്ങൾ ധാരാളം കഴിഞ്ഞു. നാണു ഫാക്ടറിയിൽ പഴയതുപോലെ പോയിത്തുടങ്ങി. രാത്രിയിൽ രാജുവിൻെറ ചിന്തയല്ലാതെ നാണുവിൻെറ മനസ്സിൽ ഒന്നുമില്ലായിരുന്നു. ഗോപിയും സ്കൂളിൽ പോയി. അവൻ പാട്ടുപാടുകയില്ല, സാധാരണ സംസാരിക്കയില്ല, കൂട്ടരൊത്തു് നടക്കുകയില്ല. സ്കൂൾതന്നെ മന്ദീഭവിച്ചോ എന്നു തോന്നിപ്പോകും. അമ്മയുടെ കഥ പറയണ്ടല്ലോ.

വർഷങ്ങൾ മൂന്നുകഴിഞ്ഞു. എങ്കിലും നാണുവിൻെറ അരുമസന്താനമായിരുന്ന രാജുവിൻെറ ചരിത്രം നാട്ടുകാർപോലും മറന്നിട്ടില്ല. നാണു പഴയതുപോലെ ജോലിചെയ്യുകയാണ്. മൂത്തവനായ ഗോപി പത്താം സ്റ്റാൻഡാർഡിൽ എത്തിക്കഴിഞ്ഞു. രാജു നഷ്ടപ്പെട്ട ദുഃഖം അവൻെറ മുഖത്തുനിന്നു മാഞ്ഞിട്ടില്ല.

നാണുവിൻെറ പുതിയ വീടിൻെറ പണിയും സാമാന്യമായി നടന്നുകഴിഞ്ഞു.

പതിവുപോലെ നാണു ഫാക്ടറിയിൽ നിന്നും രാവിലെ വന്നു. വീട്ടിൽ വന്നു് ആഹാരവും കഴിച്ച് തൻെറ സമ്പത്തായ ആടിനെ മേയ്ക്കാൻ പോയി. ഗോപി സ്കൂളിലും ഭാര്യ വീട്ടിലുമായിരുന്നു. നാണു ആടിനെ മേയ്ച്ചുകൊണ്ടിരിക്കുമ്പോൾ, അവൻ ചാരിനിന്നിരുന്ന മരത്തിൻെറ പൊട്ടിൽ ഒരു മൂർഖൻപാമ്പ് ഉണ്ടായിരുന്ന വിവരം അറിഞ്ഞില്ല. വിധിയുടെ വൈചിത്ര്യത്താൽ അതിൻെറ ദംശം ഏററു വീട്ടിൽ വന്നു. മകനറിഞ്ഞു, ഭാര്യയറിഞ്ഞു, നാട്ടുകാരെല്ലാം അറിഞ്ഞു. അല്പസമയത്തിനുള്ളിൽ ആ ആത്മാവു് ലോകത്തോടു യാത്രപറഞ്ഞു.

അവിടെ തടിച്ചുകൂടിയിരിക്കുന്ന ജനങ്ങൾ 'നാണു', 'നാണു', എന്നുള്ള ശബ്ദം ആണ് പ്രയോഗിച്ചിരുന്നതു്. ആ നാട്ടിലെ ആബാലവൃദ്ധം ജനങ്ങൾ ഒന്നിച്ചുകൂടി.

പാമ്പിൻെറ വിഷത്താൽ നീലനിറം വ്യാപിച്ചുകൊണ്ടിരിക്കുന്ന ആ ശവശരീരത്തിൽ നോക്കി കണ്ണുനീർപൊഴിക്കാതെ ആരുമില്ല. ഫാക്ടറിക്ക് അടുത്തദിവസം ഒഴിവുകൊടുത്തു. നാണുവിൻെറ നീലിച്ച ശവം, മൂന്നുവർഷത്തിനു മുമ്പ് അടക്കപ്പെട്ട രാജുവിൻെറ ശവകുടീരത്തിനടുത്തു

Mar Ivanios College Library

# സ്വപ്നത്തിൽ

(ശാരദാകൃഷ്ണരഞ്ജൻ പി. യു. സി. എഫ്.)

ഭാവനയുണ്ടെനിക്കുണ്ട് രസികത
ജീവനിൽ, പ്രാണനിൽ, നിന്നുമടന്നതായ്.
തുംഗമാമദ്രിതൻ തുഞ്ചത്തലപ്പിന്റെ
യംഗങ്ങളിലന്തിരശ്മി പാറീടവേ,
വാനിന്റെയുമ്മറവാതുക്കലാരയോ
മാനിച്ചാനേന്തും വിളക്കുപോൽ, താരകം;
ഭൂമിയിൽ രാവിൽപ്പറക്കും 'മിനുങ്ങി'ന്റെ
യാമട്ടിലുള്ള നിഴലുപോലായവ.
സാരസൗന്ദര്യങ്ങൾ രൂപീകരിച്ചൊരു
മാരനാമാനന്ദ നില്ക്കുന്നവയ്ക്കിടെ.
കയ്യിൽക്കിലുക്കിന്റെ പെട്ടിയേന്തിക്കൊണ്ടു
മെയ്യിൽത്തലോടുന്നു മാരുതൻ, മെല്ലവേ.
ചുണ്ടിൽകളകളം ചേർത്തുകൊണ്ടങ്ങൊരു
മണ്ടും സ്രവന്തിയെക്കാണാമിടയ്ക്കിടെ.
കർഷകൻ കൈവച്ച കാസ്സറിത്തോട്ടങ്ങൾ
ഹർഷഭാരത്താൽച്ചിരിക്കുന്ന രാത്രിയിൽ.
പ്രേമത്തിൻ ചെപ്പു തുറക്കുകിലെന്നപോൽ
തുമഞ്ഞു നിന്നവ മുന്തിരിവള്ളിയിൽ.
കൊച്ചനിയത്തിതൻ തോപ്പിൽനില്ക്കുന്നൊരു
പിച്ചകം തൂവുന്ന സൗരഭം മേൽക്കുമേൽ
തെച്ചിയും, മുല്ലയും പൂവനക്കെട്ടിൽനി-
ന്നച്ചടക്കത്തിൽച്ചിരിക്കുന്ന പൂക്കളാൽ.
സ്വപ്നമായ്ക്കണ്ടു ഞാനീദൃശ്യഭംഗിയെ-
ശ്ശാന്തിതിളങ്ങുന്ന ഭൂലോകഭംഗിയെ.
മെല്ലെ മിഴി ഞാനടച്ചുതുടങ്ങുമ്പോൾ-
കല്ലോലമേന്തും സമുദ്രങ്ങൾപോലിവ,
വന്നു കൺമുമ്പിൽ നിറയുകയാണതിൽ
നിന്നുപോയ്, ചുണ്ടിൽച്ചിരിയുമായ്, സുന്ദരി
മേൽനോട്ടമാണവൾക്കീ പ്രപഞ്ചത്തിലേ-
യ്ക്കാരോ നിറുത്തിയ സർവ്വാംഗസുന്ദരി!

അശ്രുവിൽത്തൂലിക മുക്കിയാത്തനാംഗി
കളത്തിക്കുറിച്ചിട്ട കാവ്യങ്ങളാണവ.
ഏത്തിൽത്തുടിപ്പു പകത്തുന്നൊരായിരം,
ചിത്രപതാകയുയർത്തിയാദേവത!
കണ്ണുതുറന്നു ഞാനേകനായ , പുഞ്ചിരി
മൊട്ടിട്ടും ചെഞ്ചുണ്ടും നോക്കിയിരുന്നുപോയ്
സിന്ധുവിൻ ക്രാന്തത തിങ്ങും മിഴികളെ-
സ്സിന്ധുവിൻ നീലിമ വിങ്ങുംമിഴികളെ,
നോക്കി, ഞാനായിരം ചിന്തയുമായൊരു
വാക്കിനുചെന്നവൾ തന്നുപാന്തത്തിലായ്.
നേർമ്മയുണ്ടെങ്കിലും നീളിമയുള്ളൊരാ-
ക്കേശപാശത്തിൽക്കുരുങ്ങിഞാൻവീണുവോ?
മാർദ്ദവമാർന്നതാമംഗങ്ങളിലപ്പോൾ
ഹാർദ്ദമായിട്ടു ഞാൻ സ്പർശിച്ചുപോയിതോ?
ചേതനതന്നിലായ് മറ്റൊരു ചേതന
ചേർന്നുപുണർന്നെന്നു തോന്നിയെനിയ്ക്കല്പം.
ആ കപോലങ്ങളിൽ ചോരത്തുടിപ്പിന്റെ
ശോണിമ മെല്ലെപ്പരിഞ്ഞുപൊങ്ങുന്നതായ്
കണ്ടു ഞാനുൾക്കാമ്പി; ലാമുഖാബ്ജത്തിനെ-
ക്കണ്ടു ഞാൻ നേർമിഴിക്കോണിലായ്; ഭംഗി
[യായ്.
കോരിത്തരിച്ചുപോയ് നെഞ്ചകം,മോർമ്മയിൽ
ശ്രീലശൃംഗാരത്തിൻ ഭാവാത്മകങ്ങളിൽ.
ആത്മമസ്സിങ്കലായാരാധ്യദേവത
ദൃഷ്ടിയിൽനിന്നും മറഞ്ഞുപോയ് നിത്യമായ്
ചേതനതന്നിലാ വേദനയിപ്പൊഴും
വേതനം പാറാതൊളിഞ്ഞുകിടക്കയാം.
അല്ലങ്കിലുണ്ടായിരുന്നൊരു നിർവൃതി;-
ഇല്ല; തു കുമ്പിയടഞ്ഞുപോയ്പ്പിന്നെയും.

---

സംസ്കരിച്ചു. ഇദൃശപോലെ ഒരു ജനക്കൂട്ടം ആ നാട്ടിൽ അതുവരെ ഉണ്ടായിട്ടില്ല.

തൊഴിലാളികൾ നാണുവിന്റെ വീടിനു മുൻവശത്തു വരുമ്പോൾ കണ്ണുനീർപൊഴിക്കാത്ത ദിവസം ഇല്ല. കുചേലൻമുതൽ കുബേരൻവരെ യുള്ളവരുടെ വീട്ടുകളിൽ നാണുവിന്റെ നീലിച്ച ശവശരീരത്തെപ്പററിയുള്ള വർണ്ണനയാണു്.

അച്ഛനും ഇളയ സഹോദരനും നഷ്ടപ്പെട്ട ഗോപിയും അവന്റെ അമ്മയും അതാ കണ്ണുനീരിൽ നീന്തുകയാണു്. എവിടെയാണു് കര? ആരു രക്ഷിക്കും? വിധിയുടെ വൈചിത്ര്യം ആക്കറിയാം?

Mar Ivanios College Library

# അനശ്വരമായ ഗാനം

(ജേക്കബ് കെ. ഏബ്രഹാം)

മനോജ്ഞമായ ഒരു ഗാനവും പാടിക്കൊണ്ട് സഞ്ചാരി ആ തിളയ്ക്കുന്ന മണലാരണ്യത്തിലൂടെ പരിക്ഷീണനായി മുന്നോട്ടു നീങ്ങി.

ഒരു മുൾച്ചെടിയുടെ ശിഖരത്തിലയാൾ തന്റെ സംഗീതോപകരണങ്ങൾ തൂക്കിയിട്ടു.

"ഞാൻ അവൾക്കുവേണ്ടി എന്റെ ആത്മാവിന്റെ അഗാധതയിൽനിന്നുയരുന്ന സ്വർഗ്ഗീയ ഗാനങ്ങൾ പാടും!"

"രാജകുമാരിക്കുവേണ്ടിയോ?"

ആ ശിഖരത്തിലിരുന്ന ഇണക്കിളികൾ കൊഞ്ചിക്കൊണ്ട് ചോദിച്ചു. സഞ്ചാരി കണ്ണുകളുയർത്തി നോക്കി. ആ കണ്ണുകൾ അവാച്യമായ ദീപ്തിയോടെ തിളങ്ങി. മുഖത്തെ ശ്മശ്രുക്കൾക്കിടയിലൂടെ ഒരു പുഞ്ചിരി പരന്നു.

ശിൽ .... .... ....ശിൽ.... .... ....ശിൽ............

കിളികൾ പരസ്പരം ശബ്ദിച്ചു.

"അതേ! അതേ! രാജകുമാരിക്കുവേണ്ടി— എന്റെ സ്വപ്നസാമ്രാജ്യത്തിൽ അലൗകികപ്രഭ ചൊരിയുന്ന രാജകുമാരിക്കുവേണ്ടി."

"അവൾ എവിടെയാണ്?" പെൺകിളി ചോദിച്ചു.

"രാജകുമാരിക്ക് നൃത്തംചവിട്ടാനറിയാമോ?" ആൺകിളി തേനൊലുന്ന ശബ്ദം പുറപ്പെടുവിച്ചു.

"പറയൂ, അവൾ സുന്ദരിയാണോ എന്ന്," പെൺകിളി സഞ്ചാരിയുടെ തോളത്തു പറന്നു ചെന്നിരുന്നുകൊണ്ട് ചോദിച്ചു.

നീലാകാശത്തിലൂടെ വരിയിട്ടു നീങ്ങുന്ന വെള്ളിമേഘങ്ങൾക്കിടയിലൂടെ അനന്തതയിലേക്ക് നോക്കിക്കൊണ്ട് സഞ്ചാരി പറഞ്ഞു

"അവൾ സുന്ദരിയാണ്. മാലാഖമാരേക്കാൾ സുന്ദരി! അവൾക്ക് നൃത്തംചെയ്യാനറിയാം; വിശ്വംമുഴുവൻ അലൗകികാനന്ദത്തിന്റെ കല്ലോലങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവൾ ചുവടുവച്ച് നൃത്തംചെയ്യും. സ്വർഗ്ഗത്തിലെ പൂങ്കുയിലുകളെക്കാൾ മോഹനമായവൾ പാടും!

"പക്ഷെ അവളിന്ന് ശത്രുവിന്റെ കാരാഗൃഹത്തിലാണ്."

"അങ്ങ് .... .... അങ്ങ് .... ....വിദൂരതയിൽ ...."

അംബരവും അലകടലും തമ്മിലുരസുന്ന ദിക്കിലേക്ക് നോക്കിക്കൊണ്ടയാൾ ദീർഘമായി നിശ്വസിച്ചു.

"അവൾക്കുവേണ്ടി, എന്റെ രാജകുമാരിക്കുവേണ്ടി ഞാൻ ആത്മാവിന്റെ അഗാധതയിൽ നിന്നുയരുന്ന പ്രേമഗാനങ്ങൾ പാടും!"

"ആ ഗാനങ്ങൾ കാരാഗൃഹത്തിന്റെ കന്മതിലുകളിൽ ചെന്നലച്ചുലച്ച് ആ മതിലുകൾ തകരും. അതുകേട്ട് രാജകുമാരി അവളുടെ നിദ്രയിൽനിന്നുണരും"

അയാൾ പിടഞ്ഞെഴുന്നേറ്റ് ഭാണ്ഡങ്ങൾ കെട്ടിമുറുക്കി പിന്നെയും വേച്ചു വേച്ചു മുന്നോട്ടു നടന്നു. വിശ്രമിക്കുവാൻ നേരമില്ല!

ആ തളർന്ന കാലുകൾ മുൾച്ചെടികൾക്കിടയിലൂടെ ശുഭാപ്തിവിശ്വാസത്തോടെ മുന്നോട്ടു നീങ്ങി.

"പോകരുതേ സഞ്ചാരി! പോകരുതേ സഞ്ചാരി! അവർ നിങ്ങളെ കൊല്ലും." പക്ഷികൾ കേണു പറഞ്ഞു.

അയാൾ ഹൃദയാവർജ്ജകമായ ഒരു നാദസാമ്രാജ്യം സൃഷ്ടിച്ചുകൊണ്ട്, അതിനു നടുവിലൂടെ തന്റെ മുരളിയുമായി മുന്നോട്ടുതന്നെ പോയി.

കിളികൾ പൊൻചിറകുകൾ ചലിപ്പിച്ചുകൊണ്ട് സഞ്ചാരിയെ അനുഗമിച്ചു.

"കിച്ച് .... ....കിച്ച് .... ....കിച്ച്......"

പക്ഷികൾ ഭയവിഹ്വലരായി ഉറക്കെ ശബ്ദിച്ചു.

ഒരു അസ്ത്രം സഞ്ചാരിയുടെ ചങ്കിൽ തറച്ചുകഴിഞ്ഞു. ചുടുരക്തം ചിന്നിച്ചിതറി.

പക്ഷികൾ പിൻതിരിയാതെ സഞ്ചാരിയുടെ ശരീരത്തിനുചുറ്റും ചിറകടിച്ചു കറങ്ങി. ഹൃദയത്തിൽനിന്നും ചാടുന്ന ചെഞ്ചോര അവയുടെ ശുഭ്രമായ തൂവലിൽ തെറിച്ചുവീണു.

സഞ്ചാരിയുടെ മുരളി മൂകമായി. ആ ഗാനത്തിന്റെ പ്രതിധ്വനി മാത്രം ചക്രവാളത്തിൽ ചെന്നലച്ചു.

.... .. എങ്കിലും ആ ഗാനം നിലച്ചില്ല! പൈങ്കിളികൾ അതു ഏറ്റുപാടി!! തങ്ങളുടെ സ്വപ്നസാമ്രാജ്യത്തിലെ രാജകുമാരിക്കുവേണ്ടി!!

Mar Ivanios College Library

# വിദ്യാർത്ഥികളും സാമൂഹ്യസേവനവും

(റേച്ചൽ വർഗ്ഗീസ്, D. S. S. Class.)

ഭാരതഭൂമി ഇന്നു് ഒരു പുതിയ ചക്രവാളത്തിലൂടെയാണു് നട്ടംതിരിയുന്നതു് എന്നു പറയാം. എന്നാൽ പട്ടിണിയും കഷ്ടതയും ഭാരതീയരെ വിട്ടുമാറിയിട്ടില്ല. ഈ രാജ്യത്തെ പുതുക്കിപ്പണിയുന്നതിനുള്ള വൻപിച്ച പ്രയത്നങ്ങൾ ചെയ്തുകൊണ്ടാണിരിക്കുന്നതു്. എന്നാൽ സാമുദായികമായും സാമ്പത്തികമായും സാംസ്കാരികമായും പുരോഗമിക്കണമെങ്കിൽ, ഭാരതീയ യുവജനങ്ങളുടെ, അല്ലെങ്കിൽ വിദ്യാർത്ഥികളുടെ, ഉന്മേഷകരങ്ങളായ പ്രവർത്തനങ്ങൾ ആവശ്യമാണു്.

വിദ്യാർത്ഥികളും രാജ്യത്തിലെ പൗരന്മാരാണെന്നുള്ള കാര്യം വിസ്മരിക്കരുതു്. അതുകൊണ്ടു തന്നെയാണു്, ഗാന്ധിജി അവരെ സ്വാതന്ത്ര്യസമരത്തിൽ പങ്കുകൊള്ളാൻ അനുവദിച്ചതു്. അവരുടെ പ്രഥമോദ്ദേശം വിദ്യാഭ്യാസംതന്നെയാണ്. പക്ഷേ, സന്മനസ്സും സേവനസന്നദ്ധതയുമുണ്ടെങ്കിൽ സാമൂഹ്യസേവനം ചെയ്യാൻ സാധിക്കുമെന്നുള്ളതിനു് രണ്ടുപക്ഷമില്ല.

സാമൂഹ്യസേവനം ഔദ്യോഗികമായി ചെയ്യുന്നവർ വിരളമായിരിക്കുന്ന ഇക്കാലത്തു്, സന്നദ്ധഭടന്മാർ മുന്നോട്ടു വരേണ്ടതായിട്ടാണിരിക്കുന്നതു്. അവർക്കു് സർവ്വകലാശാലകളിലെ സാമൂഹ്യസേവനസംഘടനകൾ നേതൃത്വം നല്കുന്നതു് നന്നായിരിക്കും. എന്നാൽ ഒരു സർട്ടിഫിക്കററ് കൈക്കലാക്കുന്നതിനോ, നിർദ്ധനരുടെ ഇടയിൽ കേമനെന്നു് നടിക്കുന്നതിനോ വേണ്ടി സാമൂഹ്യസേവനം ചെയ്യുന്നതു് ദോഷകരമാണു്.

ദരിദ്രനായാലും ധനവാനായാലും, എല്ലാവരും മനുഷ്യജാതിയിൽപ്പെട്ടവരാണെന്നുള്ള ബോധത്തോടുകൂടിവേണം സാമൂഹ്യസേവനം ചെയ്യുവാൻ. സമത്വം, സാഹോദര്യം എന്നീ ദിവ്യഗുണങ്ങൾ ഓരോ സാമൂഹ്യസേവകനും ഉണ്ടായിരിക്കണം.

ഭാരതസേവകസമാജമോ, സാമൂഹ്യസേവനസംഘടനകളോ നടത്തുന്ന ക്യാമ്പുകളിൽ വിദ്യാർത്ഥികൾ പങ്കുകൊള്ളുന്നതു് നല്ലതാണു്. അവരിൽ സഹകരണമനോഭാവം സംജാതമാകുന്നതിനു് ഈ ക്യാമ്പുകൾ സഹായിക്കും. കൂടാതെ പ്രയത്നത്തിന്റെ മാഹാത്മ്യം എന്താണെന്നു് മനസ്സിലാക്കാൻ സാധിക്കും.

ക്യാമ്പു് നടത്തുന്നതു് ഗ്രാമീണരുടെ ഇടയിലാണെന്നിരിക്കട്ടെ. അങ്ങനെയാണെങ്കിൽ സാമന്യപ്രവർത്തകർ ആദ്യമായി ആ ഗ്രാമീണരുടെ പ്രശ്നങ്ങൾ എന്തെല്ലാമെന്നു് ഗ്രഹിച്ചു് അവക്കു മനസ്സിലാക്കിക്കൊടുക്കണം. അതിനുശേഷം, അവ പരിഹരിക്കാനും മേലിൽ അങ്ങനെയുള്ള പ്രശ്നങ്ങൾ ആവിർഭവിക്കാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

വിദ്യാർത്ഥികൾക്കു് അവധിക്കാലങ്ങൾ സാമൂഹ്യസേവനത്തിലേക്കു് യഥേഷ്ടം വിനിയോഗിക്കാം. അവർ, സ്ഥിരമായി പ്രവർത്തനംനടത്തുന്ന സംഘടനകളുമായി ഏകോപിച്ചു് പ്രവർത്തിക്കുകയാണു് ഉത്തമം.

കലാലയത്തിലെ ഇടുങ്ങിയ പരിതസ്ഥിതികളിൽ നിന്നു് വിമുക്തരായി വിദ്യാർത്ഥികൾ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടുവാൻ സാമൂഹ്യസേവനം സഹായിക്കുന്നു. അങ്ങനെ വർഗ്ഗീയവും സാമ്പത്തികവുമായ വ്യത്യാസങ്ങളെ അകററി, നിരാശതയിലും അന്ധകാരത്തിലും കഴിയുന്ന ജനവിഭാഗത്തെ ഉദ്ധരിച്ചു്, നല്ല ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ വിദ്യാർത്ഥികൾ മുമ്പോട്ടു വരിക.

Mar Ivanios College Library

# ആ ഏഴുദിവസങ്ങൾ

(ഏബ്രഹാം കെ. സെബാസ്റ്റ്യൻ, എം. എ.)

തികച്ചും ആകസ്മികമായിട്ടാണ് അതു സംഭവിച്ചതു്. ഡൽഹിയിലെ മെത്രാപ്പോലീത്തൻ ദേവാലയാങ്കണത്തിൽ വച്ചു് ഒരു സ്നേഹിതൻ പറഞ്ഞു, "മാർ ഈവാനിയോസി"ലെ ഒരു സംഘം വിദ്യാത്ഥികൾ ഭാരത പര്യടനമദ്ധ്യേ ഡൽഹിയിൽ വന്നിട്ടുണ്ടെന്നും അവർ സമീപത്തുതന്നെയുള്ള "സെൻറു കൊളംബാസി"ലാണു താമസിക്കുന്നതെന്നും. അധികം താമസിച്ചില്ലാ, അവരുടെ നേതൃത്വം വഹിച്ചിരുന്ന ഒരു വന്ദ്യവൈദികൻ പ്രഭാതമന്ദാനിലനുമേററു് അങ്ങനെ ഉലാത്തുന്നതാണു് എൻെറ ദൃഷ്ടിയിൽപ്പെട്ടതു്. എൻെറ അഭിവാദനം ഒരു പക്ഷേ അദ്ദേഹത്തിനു ആശ്ചര്യപ്രദമായിരുന്നിരിക്കാം.... .... ഏതായാലും കുശലപ്രശ്നങ്ങൾ മുറപോലെ നടന്നു. സംഘത്തിലെ മററംഗങ്ങളും അതിനകം അവിടെ വന്നെത്തി. അടുത്ത ദിവസം "ഭക്രാനംഗലി"ലേക്കു തിരിക്കുവാൻ അവർ തീരുമാനിച്ചുകഴിഞ്ഞിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, അവരുടെ കൂടെ ഭക്രാ, നംഗൽ, കാഷ്മീർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുവാൻ പുറപ്പെടാമെന്നു ഞാൻ സസന്തോഷം സമ്മതിച്ചു.

"അന്യഥാ ചിന്തിതം കാര്യം ദൈവം അന്യത്ര ചിന്തയേൽ"—നാം സാധാരണ കേൾക്കാറുള്ള ഒരു ആപ്തവാക്യമാണിതു്. തകഴിയുടെ "രണ്ടിടങ്ങഴി" (സിനിമാ) morning show കാണുവാൻ രാവിലെ "റീഗൽതീയററ"റിലേക്കു പുറപ്പെട്ട ഞാൻ ഒട്ടും പ്രതീക്ഷിച്ചതല്ല, ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഇങ്ങനെ ഒരു പദ്ധതിക്കൊരുങ്ങുമെന്നു്. "രണ്ടിടങ്ങഴി" കാണുവാൻ ഇന്നോളം സാധിച്ചിട്ടില്ല.... പക്ഷേ അന്നത്തെ ഇറക്കം കാഷ്മീർ സന്ദർശനത്തിനുള്ള ഒരു അവസരം കൈവരുത്തിയെന്നുള്ള സംഗതി, സന്തോഷത്തോടുകൂടിയല്ലാതെ ഓർമ്മിക്കുവാൻ സാധിക്കുകയില്ല. ഒരാഴ്ചത്തെ അവധി കൊടുക്കുകയെന്നുള്ളതായിരുന്നു അടുത്ത പ്രശ്നം. "അല്പം കൗശലവും, പ്രിൻസിപ്പാളിൻെറ നന്മനസ്സും കൂടി ഒത്തിണങ്ങിയപ്പോൾ അതും നിഷ്പ്രയാസം സാധിച്ചുവെന്നു പറഞ്ഞാൽ മതിയല്ലോ.

അങ്ങനെ, 1959 മാസം 27-ാം തീയതി തിങ്കളാഴ്ച രാത്രി 8 മണിക്കു് ഞങ്ങൾ, "സെൻറു് കൊളംബാസ്" സ്കൂളിൽനിന്നു പുറപ്പെട്ടു. മാസങ്ങൾ പലതു കഴിഞ്ഞു. "പാലത്തിൻെറ കീഴിൽ കൂടെ ധാരാളം വെള്ളം ഒഴുകിക്കഴിഞ്ഞു." അന്നത്തെ ഓരോരോ സംഭവങ്ങൾ അവ സംഭവിച്ച ക്രമത്തിൽ പ്രതിപാദിക്കുക അശക്യമാണു്. പോരെങ്കിൽ സമഗ്രമായ ഒരു യാത്രാവിവരണം നല്കുക എന്നുള്ളതല്ലാ എൻെറ ഉദ്ദേശ്യവും. തികച്ചും സന്തോഷപ്രദമായിരുന്ന ആ ഏഴു ദിനരാത്രങ്ങളുടെ ഏതാണ്ടൊരനുസ്മരണമായിട്ടേ ഇതിനെ കണക്കാക്കേണ്ടതുള്ളു.

ഞാനുൾപ്പടെ 20 പേരായിരുന്നു പാർട്ടിയിലുണ്ടായിരുന്നതു്. ഞങ്ങളെ വഹിക്കൊണ്ടു പോയ ബസ്സ് "മദ്രാസ് ഹോട്ടലി"ൻെറ മുമ്പിൽ നിത്തിയപ്പോഴാണു് അന്നു വൈകിട്ടു് "ആഹാരം ആവശ്യമാണു്" എന്നുള്ള സംഗതിതന്നെ ഓർമ്മയിൽ വന്നതു്. ഏതാണ്ടു് 9½ മണിയോടുകൂടി 'ഡൽഹി ജംക്ഷനിൽ' എത്തിയ ഞങ്ങൾക്കു് അല്പം ബദ്ധപ്പെട്ടതിൻെറ ഫലമായി 10¼നു "കൽക്കാമെയിലി"ൽ കയറിപ്പററുവാൻ സാധിച്ചു. നിദ്രാദേവിയോടു് അല്പം നീരസഭാവത്തിൽ തന്നെ ഞങ്ങൾ ആ രാത്രി പെരുമാറി; അഥവാ അതിനു നിർബ്ബന്ധിതരായി എന്നതാകാം പരമാത്ഥം. വെളുപ്പിനു് 2 മണിക്കു ജലന്ധറിൽ ഇറങ്ങിയെങ്കിലും, നംഗലിലേക്കുള്ള പാസഞ്ചർട്രെയിൻ കിട്ടിയാൽ 4 മണിവരെ കാത്തുനില്ക്കേണ്ടിവന്നു. ഏതായാലും, രാവിലെ 8 മണിയോടുകൂടി, സ്വതന്ത്രഭാരതത്തിലെ "ഏററം വിശിഷ്ടവും നവീനവുമായ ആരാധനാലയം" എന്നു സുപ്രസിദ്ധമായ "ഭക്രാ അണക്കെട്ടിൽനിന്നും ഏതാ

# മാടത്തിലെ മരണം

(ആർ. വി. ദേവ്.)

പൂവ്വാശയിൽപ്പൊന്നൊളി വീശി മെല്ലെ-
പ്പൊങ്ങിത്തുടങ്ങീ ഭുവനപ്രദീപം.
ചെമ്പിച്ചതൻ നീണ്ടകരങ്ങൾ നീട്ടി
ചെമ്മേ പുണന്നു കുടിൽ മാറി മാറി!

കേരങ്ങൾ നൽപ്പൊൻകുലയേന്തി കായൽ-
ത്തീരങ്ങളിൽക്കാററിലുലഞ്ഞുനില്ക്കെ,
ബാലാരുണൻ തൻ കിരണങ്ങൾ തട്ടി-
ച്ചേലാർന്നു കാണാമൊരു കൊച്ചുമാടം.

കാകൻ കരഞ്ഞിട്ടുമെണീററിടാത-
ങ്ങാരോ കിടക്കുന്നതിനുള്ളിലായി.
ശോഷിച്ച കാലും കരവും കഴിഞ്ഞാൽ
ശേഷിച്ചഭാഗം വെറുമസ്ഥിബന്ധം!

എണ്ണയ്ക്കുവേണ്ടീട്ടുഴലുന്ന കേശം
ചിന്നിപ്പറക്കുന്നു തലയ്ക്കുചുററും
കണ്ണിൻെറ ഭാഗത്തിരുകുണ്ടുമായി-
മണ്ണിൽക്കിടക്കുന്നിവനാരു കഷ്ടം!

*   *

പാടങ്ങളിൽപ്പച്ചവിരിക്കുവാൻ പുൽ-
മാടങ്ങളിൽ നീരടിയാററ മണ്ണിൽ
വാടിക്കരിഞ്ഞും പലതായൊടിഞ്ഞു-
മീടററുവാഴും തരുവാം കൃഷിക്കാർ.

കൂലിക്കുവേണ്ടിപ്പടിവാതിൽ മുട്ടി—
ക്കാലിൻ ക്ഷമാശക്തി നശിച്ചിട്ടുമ്പോൾ
വേഗം തിരിക്കും കുടിൽ നോക്കിനോക്കി-
പ്പാവങ്ങൾ വീഴും പശിതൻെറ വായിൽ

അതേതരത്തിൽപ്പശിയാൽക്കറങ്ങി-
ത്തലേദിനം രാത്രികിടന്നൊരീയാൾ
ഞെട്ടററുവീണോരു സുമംകണക്കെ-
പ്പററിക്കിടക്കുന്നിഹ മണ്ണിലായി.

*   *

കാറെറാന്നടിച്ചു, ദ്രുമവൃന്ദമെല്ലാ-
മൂക്കോട്ടുലഞ്ഞു, കരിപൂണ്ടു വാനം;
ദേഹം ചലിച്ചകൃഷകൻ നശിച്ചോ-
രീലോകവാസം മതിയാക്കി കഷ്ടം!

അവൻെറ വേർപാടു സഹിയ്ക്കുവാനായ്-
മനക്കരുത്തററൊരു മൂകവാനം.
വേഗം മഴത്തുള്ളികളായിട്ടും ക-
ണ്ണീരും ചൊരിഞ്ഞങ്ങനെ നിന്നുപോയി.

പാരിന്നു നേരേ പടവാളുയർത്തി-
പ്പോരിന്നിറങ്ങേണ്ട കൃഷീവലന്മാർ
മാടങ്ങളിൽപ്പട്ടിണിയിൽക്കുടുങ്ങി-
ക്കാലം തുലയ്ക്കുന്നതു കഷ്ടമല്ലേ?

---

നും മൈൽ ദൂരെയുള്ള നംഗൽസ്റ്റേഷനിൽ ഞങ്ങൾ എത്തി.

നംഗൽറെയിൽവേസ്റ്റേഷൻ, ഹിമാചലപ്രദേശാതിർത്തിയിലുള്ള വളരെ ചെറിയ ഒരു "റെയിൽവേടെർമിനസ്സാണ്". പ്രതിദിനം ഒന്നോ രണ്ടോ തീവണ്ടികൾ അവിടെ വന്നിട്ടു മടങ്ങുന്നുണ്ടാവും. പക്ഷേ ഇത്തരെയുള്ള യാത്രാസംഘങ്ങൾക്കു വേണ്ട ബസ്സുസൗകര്യങ്ങളും മററും ഏർപ്പാടു ചെയ്യുവാൻ, ഒരു "പബ്ളിക് റിലേഷൻസ്" ഓഫീസർ റെയിൽവേസ്റ്റേഷനിൽത്തന്നെയുള്ളതു് വലിയ ഒരനുഗ്രഹമാണ്.... ഏതാണ്ടു പത്തുമണിയോടുകൂടി ഞങ്ങൾ കയറിയ ടൂറിസ്റ്റ് ബസ്സ് ഭക്രാ അണക്കെട്ടിനെ ലക്ഷ്യമാക്കി പ്രയാണമാരംഭിച്ചു. ഭാരതത്തിനു് എന്നും അഭിമാനം കൊള്ളാവുന്ന ഒരു സംരംഭമാണ് ഭക്രാ അണക്കെട്ടുനിർമ്മാണം എന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ, ഈ ലേഖകൻെറ അനുഭവം അവർക്കു് ഒരു പാഠമായിരിക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. ഏതോ ഒരു മാസ്മരശക്തിക്കടിമപ്പെട്ടതുപോലെ, അണക്കെട്ടിലേക്കുള്ള യാത്രാസമയം മുഴുവനും ഞങ്ങളെല്ലാവരും അങ്ങനെ ഇരുന്നുപോയി എന്നാണ് എൻെറ ബോദ്ധ്യം. അണക്കെട്ടിനെപ്പററിയുള്ള വിശദ വിവരങ്ങൾ യാത്രക്കാർക്കു മനസ്സിലാക്കിക്കൊടുക്കുവാൻ മാത്രമായി അവിടെ പ്രത്യേക ഉദ്യോഗസ്ഥന്മാരെ ഗവൺമെൻറു നിയമിച്ചിട്ടുള്ളതു് സഹായകരമാണ്.

'ഭക്രാ'യും അനന്തരം 'നംഗലും' സന്ദർശിച്ചു

Mar Ivanios College Library

സന്തുഷ്ടരും വിജ്ഞാനസമ്പന്നരുമായിത്തീന്ന വിദ്യാർത്ഥിസംഘം അന്നു തന്നെ കാഷ്മീരിലേക്കു തിരിച്ചു. രാത്രി 8 മണിയോടുകൂടിയാണ് നംഗലിൽ നിന്നുമുള്ള ട്രെയിൻ പുറപ്പെട്ടതു്. സിർപൂർ വഴി അടുത്ത ദിവസം രാവിലെ എട്ടരമണിയ്ക്കു് ഞങ്ങൾ "പത്താൻകോട്ടു്" വന്നു. അവിടെ നിന്നും "ശ്രീനഗറിലേക്കുള്ള 297 മൈൽ ബസ്സുമാർഗ്ഗമായിട്ടോ, അല്ലെങ്കിൽ വിമാനത്തിലോ മാത്രമേ യാത്ര ചെയ്‌വാൻ തല്ക്കാലം സാധ്യമാകൂ. കാഷ്മീർ സന്ദർശിക്കുന്നവർ, ഒരു പ്രാവശ്യമെങ്കിലും റോഡുമാർഗ്ഗമായി യാത്ര ചെയ്യില്ലെങ്കിൽ, കാഷ്മീർ സന്ദർശനത്തിന്റെ ഫലമായി സിദ്ധിക്കാവുന്ന ആനന്ദത്തിൽ 50 ശതമാനവും അവർക്കു നഷ്ടമാകും എന്നു സധൈര്യം പറയുവാൻ സാധിക്കും. അപ്രകാരം യാത്ര ചെയ്യുന്ന പക്ഷം, മഞ്ഞണിഞ്ഞ മാമലകളുടെ മദ്ധ്യേകൂടി ചീറിപ്പാഞ്ഞുകൊണ്ടിരുന്ന ആ മോട്ടോർ വാഹനത്തിന്റെ പുരോഗതിക്കൊത്തു് യാത്രികരുടെ ആനന്ദവും മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരിക്കും.

പത്താൻ കോട്ടുനിന്നും ശ്രീനഗറിലേക്കുള്ള ബസ്സുയാത്രയ്ക്കു് രണ്ടു ദിവസം വേണ്ടിവന്നു. "നെല്ലിൻപാടങ്ങളിൽക്കൂടി വളഞ്ഞൊഴുകുമാറുകൾ" മലഞ്ചെരുവുകളിൽക്കൂടി സ്വച്ഛന്ദം പ്രവഹിക്കുന്ന കാട്ടരുവികൾ, വഴിയുടെ രണ്ടു പാർശ്വങ്ങളിലും ഇടതൂർന്നു നില്ക്കുന്ന വൃക്ഷങ്ങൾ, ഇവയെല്ലാം ആ ഹിമാലയപ്രാന്തങ്ങളിൽപ്പോലും "കേരളക്കരയുടെ ഒരു പ്രതീതി" ഞങ്ങളിൽ ഉളവാക്കിയെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ല. "ബനിഹാൾപാസ്സി"ന്റെ അടിവാരത്തിൽ ആദ്യത്തെ രാത്രി കഴിച്ചുകൂട്ടിയ ഞങ്ങൾ അടുത്ത ദിവസം ഉച്ചയ്ക്കുശേഷമേ യാത്ര തുടർന്നുള്ളൂ. അന്നുതന്നെ സായാകാലം 5 മണിയോടുകൂടി ശ്രീനഗറിൽ ഞങ്ങൾ കാലു കുത്തി. ആ അവസരത്തിൽ ഞങ്ങളോരോരുത്തരുടേയും മനസ്സിൽ ഓളം തല്ലിക്കൊണ്ടിരുന്ന വികാരവിചാരങ്ങൾ, അനുവാചകരുടെ ഭാവനയ്ക്കായി വിട്ടുകൊള്ളുന്നു.

House Boats എന്നു പറയപ്പെടുന്ന ഒരു മാതിരി ബോട്ടുകളിലുള്ള താമസം തന്നെ കാഷ്മീറിന്റെ ഒരു "ആകർഷണ"മാണ്. ആധുനിക സുഖസൗകര്യങ്ങൾ എല്ലാം ഒത്തിണങ്ങിയ ആ മാതിരി രമ്യഹർമ്മ്യ"ങ്ങൾ ശ്രീനഗറിലെ വിവിധ തടാകങ്ങളിൽ അങ്ങനെ നിരന്നുകിടപ്പുണ്ടാവും. അമ്മാതിരി ഒരു House Boat-ൽത്തന്നെ ഞങ്ങളും താമസമാക്കി.

ശ്രീനഗറിൽനിന്നും 28 മൈൽ ദൂരെയുള്ള "ഗുൽമാർഗ്ഗി"ൽ പോകുകയായിരുന്നു അടുത്തദിവസത്തെ പ്രധാന പ്രോഗ്രാം "താൻമാർഗ്ഗ്" വരെയുള്ള ആദ്യത്തെ 24 മൈൽ കാഷ്മീർ ഗവണ്മെന്റുവക Tourist Bus-ൽ സൗകര്യമായിപ്പോകാം. പിന്നത്തെ 4 മൈൽ ഏതാണ്ടു കിഴക്കാൻതൂക്കായി കിടക്കുന്ന ഒരു മലമ്പാതയാണ്. ആ ദൂരം കാൽനടയായി തരണം ചെയ്യുക അത്ര എളുപ്പമുള്ള കാര്യമല്ല. നിങ്ങളെ പ്രതീക്ഷിച്ചെന്നവണ്ണം ആറു കണക്കിനു സവാരിക്കുതിരകൾ അങ്ങനെ 'റഡിയായി' നില്പുണ്ടാവും. "താൻമാർഗ്ഗിൽ' ഇഷ്ടമുള്ള കുതിരയെ നിങ്ങൾക്കു തിരഞ്ഞെടുക്കാം. അവ തന്നേ ഇണങ്ങിയവയാണെങ്കിലും, ആദ്യമായി കുതിരസവാരി ചെയ്യുന്നവർക്കു് ഒരു വക്കേ, ഭീതിജനകമാണ് ആ യാത്ര. എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഭീതിയേക്കാൾ കൂടുതൽ ആനന്ദമാണ് ആ യാത്രയിൽ അനുഭവപ്പെട്ടതെന്നുള്ളതാണ് പരമാർത്ഥം. വഴിയിലും ഇരുവശങ്ങളിലും "തുടക്കം മുതൽ ഒടുക്കം വരെ" കാണുന്ന മഞ്ഞുകട്ടകൾ അശ്വാരൂഢരായ പഥികരുടെ "ജൈത്രയാത്ര"യ്ക്കായി വിരിച്ച വെള്ളപ്പാട്ടായിട്ടും, പാതയുടെ ഇരുവശങ്ങളിലും ഇടതൂർന്നു കാണപ്പെടുന്ന പൈൻവൃക്ഷങ്ങൾ അവരെ എതിരേല്ക്കാനായി പ്രകൃതിദേവി നിർമ്മിച്ച തോരണങ്ങളും ആർച്ചുകളുമായിട്ടും മാത്രമേ കവിഹൃദയമുള്ള ആർക്കും തോന്നുകയുള്ളൂ...... ഗുൽമാർഗ്ഗിൽ ഏതാണ്ടൊരു മണിക്കൂറോളം ഞങ്ങൾ ചെലവഴിച്ചു. തിരിച്ചു ശ്രീനഗറിൽ എത്തിയപ്പോൾ സന്ധ്യയോടടുത്തിരുന്നു.

വഴിക്കുവച്ചുണ്ടായ ഒരു നിസ്സാരസംഭവം പ്രത്യേകം പ്രസ്താവ്യമാണ്. ഗുൽമാർഗ്ഗിൽ നിന്നും ശ്രീനഗറിലേക്കു മടങ്ങുകയായിരുന്നു ഞങ്ങൾ. വണ്ടി ശ്രീനഗർ മുൻസിപ്പാലിററിയുടെ അതിർത്തിയിൽ എത്തി. ഒരു പോലീ



Mar Ivanios College Library

